KOTTAYAM PUBLIC LIBRARY

Call No. ൮൯൪
R. S

Acc. No. 43308

Author ഓമന മേനോൻ

Title സ്വപ്നവിഹാരം.

# സുവർണ്ണഹാരം

DISTRIBUTING LIBRARY
No.
KOTTAYAM.

# SUVARNAHARAM

By

PUTHEZHATH RAMAN MENON

Publishers :

P. K. BROTHERS, CALICUT

# സുവർണ്ണഹാരം

ഗ്രന്ഥകർത്താ:

**പുത്തേഴത്തു രാമൻ മേനോൻ**

DISTRIBUTING LIBRARY,
No. AM
6663
KOTTAYAM.

83308

പ്രസാധകന്മാർ:

**പി. കെ. ബ്രദേർസ്, കോഴിക്കോട്ട്.**

വില: 1 ക. 25 ന.പ.

First Edition 1960
Copies 1000
Copy right to :
P. K. Bros., Clt.

080
Ram. SCV.

Printed at
NAVODAYAM PRESS, CALICUT-2

# ഉള്ളടക്കം


1 വകാരപഞ്ചകം

2 ധാർമ്മികാധഃപതനം

3 മനഃശല്യം

4 ആഭാസത്തിന്റെ ആരാധകരാകരുത്!

5 വലിപ്പച്ചെറുപ്പങ്ങൾ

6 പുകവലി



DISTRIBUTING LIBRARY
No.....................
KOTTAYAM.

## വകാരപഞ്ചകം

എിൻെറ "വകാരപഞ്ചകത്തിനു" ഇന്നത്തെ പഞ്ച വത്സരപദ്ധതികളായോ പഞ്ചശീലങ്ങളായോ, പഞ്ചഭൂത ങ്ങളായോ, ഇങ്ങേ അററത്തു, പഞ്ചപാണ്ഡവന്മാരായോ, പഞ്ചാരയും, പഞ്ചാബുമായോ ഒരു ബന്ധവുമില്ല; അവർ തമ്മിൽ "പത്തു പുല"യോ, "മൂന്നുപുല"യോ, "പുണ്യാ ഹപ്പുല"യോ, "ഉപ്പുപുല"പോലുമോ ഇല്ല. എൻെറ വിഷ യം, സംഗമില്ലാത്ത പ്രസംഗത്തെ മാത്രം സ്പർശിക്കുന്നതാകു ന്നു! ഇന്നു പ്രസംഗങ്ങളുടേയും, പ്രസംഗക്കാരുടേയും ലഹള യാണല്ലൊ. മൈതാനപ്രസംഗം മുതൽ, മെയ്ത്താങ്ങി പ്ര സംഗംവരെ പ്രസംഗങ്ങൾക്കു പല ഭാവരൂപഭേദങ്ങളും, ഉദ്ദേശാവശ്യങ്ങളും, ഫലാനുഭവങ്ങളും, വേറെവേറെതന്നെ ഉള്ളതാകുന്നു. ആളവസ്ഥയും, കാലാവസ്ഥയും മാത്രമല്ല,

എല്ലാത്തരം 'അവസ്ഥകളും', പ്രസംഗങ്ങളെ പ്രചോദിപ്പിക്കാനും പ്രതിരോധിക്കാനും, പ്രസക്തങ്ങളാകുന്നു. വാക്കേററംമുതൽ ലാത്തിച്ചാർജ്ജുവരെ എന്തും ഏതു പ്രസംഗത്തിനിടയ്ക്കും സംഭവിക്കാവുന്നതാണ്. അത്രയൊക്കെ പ്രാധാന്യവും, പ്രഥമസ്ഥാനാർഹതയും ഉള്ളതാകുന്ന പ്രസംഗമെന്നുള്ളതുകൊണ്ട് പ്രസംഗകർ അവശ്യം പ്രതീക്ഷിക്കയും ദീക്ഷിക്കയും ചെയ്യേണ്ടതായ, "പഞ്ചശീലങ്ങളെ" കുറിച്ചാണ് ഉപന്യസിക്കാൻ പുറപ്പെടുന്നത്. അതിൽ വായനക്കാരുടെ "സഹവർത്തിത്വ"ത്തിനു സാദരം അപേക്ഷിക്കയും ചെയ്യുന്നു.

പ്രസംഗകൻെറ "വകാരപഞ്ചകം" എന്നു കേൾക്കുമ്പോൾ, നല്ല പ്രസംഗക്കാരുംകൂടി ഒന്നു പരിഭ്രമിച്ചേക്കും. തങ്ങളിൽ ആരും, ഇത്രയും കാലമായിട്ടും, കണ്ടിട്ടും, കേട്ടിട്ടുമില്ലാത്ത ഈ 'വകാരപഞ്ചകം' എതിൻറപ്പാ, എന്നിപ്രകാരം! അതിൽ അവർ തെററുകാരല്ല, ഞാൻ അപരാധിയുമല്ല. ആ 'വകാരപഞ്ചക'ത്തിനു വികാരാവേശരാവാനും ആവശ്യമില്ല. നമുക്കു പരിചയമുള്ളവയും നാം അനുഷ്ഠിച്ചുവരുന്നവയുംതന്നെയായിരിക്കും, ചിലപ്പോൾ വലിയ പ്രമാണങ്ങളായും മററും ശാസ്ത്രരീത്യാ ഉന്നയിക്കപ്പെടുന്ന തത്വങ്ങളും, താല്പര്യങ്ങളും. അതു നോക്കുമ്പോൾ, "അല്ലാ, അത്രേ ഉള്ളൂ" എന്നൊരു അവജ്ഞയോ, അനാദരവോ തോന്നാവുന്നതാണ്. പുഴവിഴയുമ്പോൾ അക്ഷരച്ഛായയുണ്ടാകുന്നതും, നിലത്തെഴുത്തു പഠിക്കുന്ന ശിശു അക്ഷരമെഴുതുന്നതും തമ്മിലുള്ള വ്യത്യാസം, അറിയാതെതന്നെ

ശാസ്ത്രവിധികളെ അനുഷ്ഠിക്കുന്നവരും, ശാസ്ത്രോക്തങ്ങളെ അറിഞ്ഞനുസരിക്കുന്നവരും തമ്മിലുണ്ടായിരിക്കുന്നതാണ്. ആദ്യത്തെ കൂട്ടർ അർത്ഥവും, ആവശ്യവും അറിയാതെ പരിചയംകൊണ്ടോ, വാസനമൂലമോ അനുസരിക്കുന്ന നിയമങ്ങൾ, പലപ്പോഴും ലംഘിക്കപ്പെട്ടേയ്ക്കും; അതും, അറിയാതെതന്നെ. മററവരുടെ കാര്യത്തിൽ, അതു സംഭവിക്കുന്നതു സാധാരണയല്ല. അതാണു രണ്ടും തമ്മിൽ വ്യത്യാസം. "കാടിളക്കലു" മതിയാക്കി, നായാട്ടിനു മുതിരട്ടെ; മുഖവുര മതിയാക്കി വിഷയത്തിലേക്കു പ്രവേശിക്കട്ടെ. പ്രസംഗക്കാരൻെറ 'വകാരപഞ്ചകം' ഏവയെന്നും, മററുമുള്ള വസ്തുനിഷ്ഠമായ വിസ്താരം തുടങ്ങട്ടെ. വകാരപഞ്ചകം എന്ന വാക്കിനെക്കുറിച്ചുതന്നെ, വിഷയത്തിലേയ്ക്കു് ഇറങ്ങുന്നതിനുമുമ്പു് ചിലതു പറയാനുണ്ട്. അതു പറഞ്ഞാൽ തന്നെ പരിഭ്രമം മിക്കതും തീരും. "വ" എന്ന അക്ഷരം കൊണ്ടു് ആരംഭിക്കുന്ന, അഞ്ചുവാക്കുകളിൽ പ്രസംഗക്കാരൻെറ പ്രവണതകളെ മുഴുവൻ ഒതുക്കിവച്ചിരിക്കയാണു്. അതാണു വകാരപഞ്ചകത്തിൻെറ ഉള്ളടക്കം. ആ വാക്കുകൾ കേട്ടാൽപിന്നെ ഒരു പ്രസംഗവും വേണ്ടിവരാത്ത വിധത്തിൽ, അവ അത്ര സ്പഷ്ടാർത്ഥസമ്പൂർണ്ണങ്ങളും, പ്രായോഗിക വിജ്ഞാനവിശുദ്ധങ്ങളുമാകുന്നു. വപുസ്സ്, വസ്ത്രം, വിദ്യ, വാക്ക്, വിനയം ഇവയാണു് ആ അഞ്ചു വാക്കുകൾ. "വ"കാരംകൊണ്ടാരംഭിക്കുന്ന പഞ്ചശബ്ദങ്ങൾ, പ്രസംഗക്കാർ സൂക്ഷിക്കയും ദീക്ഷിക്കയും ചെയ്യേണ്ടതായ അഞ്ചു് കാര്യങ്ങളെ പ്രദ്യോതിപ്പിക്കുന്ന അഞ്ചു് "സൂത്ര

ങ്ങ"ളാകുന്നു. വ്യാഖ്യാനിച്ചും, ഉദാഹരിച്ചും, വിസ്തരിച്ചും മനസ്സിലാക്കിക്കൊട്ടക്കേണ്ടുന്ന തത്വങ്ങളെ കുറിക്കുന്ന "വാഗ്ഗുളിക"കഠം.

## II

ഇനി നമുക്ക് അവയിൽ ഓരോന്നിനെക്കുറിച്ചും വിചിന്തനം ചെയ്യാം. പ്രസംഗക്കാരനുണ്ടായിരിക്കേണ്ടുന്ന സ്വത്തുക്കളാണവ, കൈമുതലുകഠം! അവൻെറ വ്യാപാരത്തിൻെറ വിജയത്തിൻെറ രഹസ്യങ്ങഠം, അഥവാ, "ഗുട്ടകഠം". എന്നാൽ, അവയൊക്കെ പരസ്യങ്ങളും, പ്രത്യക്ഷങ്ങളുമായതുകൊണ്ടു അവയിൽ ഒന്നിലും, ഒരു മന്ത്രമോ, തന്ത്രമോ, ഋഷിയോ, ഛന്ദസ്സോ, ദേവതയോ, ഒന്നും ഒളിഞ്ഞിരിക്കുന്നുമില്ല. "ഉണ്ടാൽ വിശപ്പാറു"മെന്നു് എല്ലാവൎക്കുമറിയാമെങ്കിലും, എപ്പോഴൊക്കെ, എങ്ങിനെയൊക്കെ, എന്തെല്ലാമൊക്കെ, എത്രയൊക്കെ, എന്നൊക്കെ അറിയുന്നവർ, അപൂൎവ്വമായിരിക്കും, വലിയ ഊണുകാരുടെ ഇടയിൽപോലും! അതുപോലെയാണീ 'വകാരപഞ്ചക'ങ്ങളുടെ സ്ഥിതിയും. പറഞ്ഞുകഴിഞ്ഞാൽ സാരമില്ല; പറഞ്ഞില്ലെങ്കിൽ, അറിയുകയുമില്ല; അറിഞ്ഞില്ലെങ്കിലും കാൎയ്യമങ്ങനെ നടക്കും. അറിഞ്ഞിരുന്നാൽ, ഭംഗിയായും, ലാഭകരമായും നടക്കും. പ്രായോഗികപ്രയോജനമുള്ള എല്ലാ ശാസ്ത്രവിധികളുടെയും സ്വഭാവം അതാകുന്നു. പ്രസംഗശാസ്ത്രത്തിലെ ചില നിയമങ്ങളാണു് ഈ അഞ്ചു വാക്കുകഠം സൂചിപ്പിക്കുന്നതു്. ആ നിയ

മങ്ങളെക്കുറിച്ചൊന്നും അറിയാതെ, അവയിൽ പല തും അനുസരിച്ചും പലതും ലംഘിച്ചും അങ്ങിനെ നടന്നുകൊണ്ടിരിക്കും പ്രസംഗങ്ങളും പ്രസംഗകരും. പ്ര സംഗകൻെറ ആ പഞ്ചക വചനങ്ങളിൽ പ്രഥമസ്ഥാ നം, അവനുതന്നെയാകുന്നു, പ്രസംഗകനുതന്നെയാകുന്നു! അതൊരാളുപറഞ്ഞിട്ടുവേണോ ? എന്നു സംശയം തോന്നി യേക്കാം: എന്നാൽ എത്രയും പ്രധാനവും, പ്രാഥമികവു മായ ആ കാര്യംതന്നെ, പല പ്രസംഗകന്മാരും, മനസ്സിലാ ക്കീട്ടും, നോക്കീട്ടുമില്ലാത്തതാണു പരമാൎത്ഥം. ഞാൻ അല്പം വിസ്തരിക്കാം. “വപുസ്സ്” എന്നാണതിനു നല്കി യിരിക്കുന്ന പേർ. വപുസ്സിൻെറ വാച്യാൎത്ഥം ശരീരം എന്നു മാത്രമാണെങ്കിലും, ആളെ മുഴുവൻ കുറിക്കുന്ന, പ്രസം ഗകൻെറ “പേർസനാലിററി”യെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു ശബ്ദമായിട്ടാണു്, അതു നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. “ആളെ കണ്ടാൽ കണ്ണിൽപിടിക്കണ”മെന്നു് നാം സാധാ രണ പറയാറുള്ളതിൻെറ വ്യാഖ്യാനത്തിൻെറ സത്താണു് ആ വാക്കിൽ ഒതുക്കിവച്ചിരിക്കുന്നതു്. ആകാംക്ഷയോടു കൂടി, അക്ഷമരായി പ്രസംഗകനെ പ്രതീക്ഷിച്ചുകൊണ്ടി രിക്കുന്ന ഒരു സദസ്സിൻെറ പ്രസംഗമണ്ഡപത്തിൽ ആഗ്ര ഥനാകുന്ന അന്നത്തെ അപരിചിതനായ പ്രസംഗകൻ, നിൎഭാഗ്യവശാൽ, ഒരു കുള്ളനോ, കോങ്കണ്ണനോ, കോന്ത്ര പ്പല്ലനോ, പാതിമൂക്കനോ, മക്കടമോറനോ, മററോ ആയി രുന്നു എന്നു വെയ്ക്കുക. ആ ആദ്യത്തെ പ്രവേശനത്തിൽ തന്നെ സദസ്യൎക്കുണ്ടാകുന്ന അഭിപ്രായം എന്തായിരിക്കും ?

അയാഠം എത്ര നല്ല പ്രസംഗക്കാരനായിരുന്നാലും, ആദ്യ ത്തെ അവജ്ഞയെ അതിലംഘിച്ച് ആദരത്തെ വളത്ത്വാൻ വളരെ വിഷമിക്കേണ്ടിവരും. "പേർസനാലിററി" ക്ക പ്രസംഗവേദിയിൽ ഒരു നല്ല സ്ഥാനമുണ്ടെന്നതു്, നിരാക്ഷേപമാണു്. എന്നാൽ, ഇപ്പറഞ്ഞ "പേർസനാലിററി", തൊണ്ണൂറു ശതമാനവും പ്രകൃതിദത്തവും, ജനനാൽ ഉണ്ടാകുന്നതുമായതുകൊണ്ടു്, അതിൻെറ അഭാവത്തിൽമാത്രം ആരെയും ആരും അനാദരിക്കാവുന്നതല്ല. എങ്കിലും, "ആളെ പിടിക്കായ്ക", എവിടെയും ചെറുതോ, വലുതോ ആയ ഒരു തടസ്സമായിത്തന്നെ കാണപ്പെടുന്നു. ഇതിന്നുള്ള നിവാരണങ്ങഠം രണ്ടാകുന്നു ഒന്നാമതു് ആ വൈരുദ്ധ്യാദികളെ കഴിയുന്നതും അത്ര പ്രത്യക്ഷങ്ങളാകാത്ത നിലയ്ക്കു് വേണ്ടതൊക്കെ എടുക്കുകയും, അതറിഞ്ഞുകൊണ്ടു നടക്കുകയും ചെയ്യുക. രണ്ടാമതു്, ആദ്യം തോന്നിയേക്കാവുന്ന അലസഭാവത്തെത്തന്നെ ആദരമാക്കി മാററുമാറു് തൻെറ പ്രവൃത്തികളിൽ—പ്രസംഗത്തിൽ—പ്രഗത്ഭതയും, പ്രഭാവവും ആവുന്നത്ര സമ്പാദിക്കുക. "പേർസനാലിററി" കേമമായിരുന്നിട്ടും പരാജയവും, കണ്ടാൽ കൊള്ളരുതാത്തവനായിരുന്നിട്ടും അങ്ങേ അററത്തെ വിജയവും വരിച്ചിട്ടുള്ള പ്രവത്തകന്മാരെ—പ്രസംഗകന്മാരെ—നമുക്കു കാണുവാൻ കഴിയും. അതിൻെറ കാരണം മേല്പറഞ്ഞതാകുന്നു. അതുകൊണ്ടു്, പ്രസംഗകൻ തൻെറ "പേർസനാലിററി" യെപ്പററി ധാരണയുള്ളവനായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു.

## III

അഞ്ചു "വ" കാരങ്ങളിൽ ആദ്യത്തേതായ "വപുസ്സി"നെക്കുറിച്ചു പറഞ്ഞു. ഇനി രണ്ടാമത്തേതിനെക്കുറിച്ചു ചിന്തിക്കാം. അതിൻെറ പേർ "വസ്ത്രം" എന്നാകുന്നു. "വേഷം" എന്ന സംജ്ഞയും, സമഞ്ജസമായിരിക്കും. വേഷത്തിൻെറ അംശം മാത്രമാണല്ലോ വസ്ത്രം. വസ്ത്രവും എല്ലാവക്കും അവരുടെ ഇഷ്ടംപോലെ ആകാവുന്നതുകൊണ്ട്, വപുസ്സിൻെറ സംഗതിയിൽ എന്നപോലെ അതിൽ ജന്മത്തേയോ, ജനയിതാവിനേയോ, യോഗത്തേയോ, വിധിയേയോ, പഴിക്കേണ്ടതില്ല. പ്രസംഗകൻെറ വിജയത്തിൽ, വസ്ത്രത്തിനോ, വേഷത്തിനോ എന്താണ് സ്ഥാനമെന്നു സംശയിക്കുന്നവരുണ്ടാകാം. അതിനു വളരെ വലിയ സ്ഥാനമുണ്ടെന്നു, പ്രസംഗങ്ങൾ ധാരാളം കേൾക്കുകയും, പ്രസംഗകരുടെ പലവിധ വേഷങ്ങൾ കാണുകയും ചെയ്തിട്ടുള്ളവർ എളുപ്പത്തിൽ സമ്മതിക്കുന്നതായിരിക്കും. കെങ്കേമമായ വേഷവും അതുപോലെ ഏതു പ്രാസംഗികനും, ഉപേക്ഷിക്കേണ്ടതാകുന്നു. ആവശ്യത്തിലധികരിച്ച മോടിയോ, നവീനത്വമോ, അതുപോലെതന്നെ, അഭംഗിയോ, ആഭാസത്വമോ തോന്നിപ്പിക്കുന്ന വേഷമോ ഒരു പ്രസംഗകൻ ധരിച്ചിരുന്നാൽ ശ്രോതാക്കളുടെ ശ്രദ്ധ മുഴുവനും, അയാളുടെ വേഷവിധാനങ്ങളുടെ വിശകലനങ്ങളിലായിപ്പോയേക്കാവുന്നതാണ്. പ്രത്യേകം നോട്ടു ചെയ്യത്തക്കതോ, "റിമാക്ക" ചെയ്യാത്തതോ അല്ലാതെ സാധാരണവും, സന്ദർഭോചിതവും ആയിരിക്കണം പ്രസംഗകൻെറ

വസ്ത്രധാരണം, വേഷവിധാനം. "ഇതെന്തൊരു വേഷമി ടപ്പാ" എന്നു കാണികൾക്കു തോന്നാതിരിക്കണം. ശൃംഗാരമയം, ആഭാടപൂൎണ്ണം എന്നൊന്നും സദസ്യർ വിചാരിക്കുവാൻ ഇടയാക്കരുതു്. ഒരു സന്യാസി, "കിന്നരിത്തലപ്പാവോ"ടുകൂടി വിലസുന്നതും, ഒരു സായ്പ് ഒരു മുണ്ടും തോൎത്തുമായി വരുന്നതും ഒന്നു ഭാവന ചെയ്തു നോക്കുക! ചിലപ്പോൾ ചില പ്രസംഗകന്മാരുടെ കോട്ടും തലേക്കെട്ടും ഷർട്ടും വേഷ്ടിയും മററുമായിരിക്കും, അയാളുടെ പ്രസംഗത്തേക്കാൾ കേൾവിക്കാരെ രസിപ്പിക്കുന്നതു്! അതു കൂടാതെ കഴിക്കേണ്ടതും, കഴിക്കാവുന്നതുമായ വികൃതാവസ്ഥയാകുന്നു. വേഷത്തിൻെറ മുഖ്യതയെക്കുറിച്ചിപ്പോൾതന്നെ എല്ലാവൎക്കും മനസ്സിലായിരിക്കാവുന്നതുകൊണ്ടു്, അധികം ദീർഘിപ്പിക്കാതെ മൂന്നാമത്തെ "വ"കാരത്തിലേക്കു പ്രവേശിക്കട്ടെ.

## IV

വപുസ്സും, വസ്ത്രവും കഴിഞ്ഞാൽപിന്നെ വേണ്ടതു "വാക്കാ"ണു്. വാക്കില്ലാതെയാണോ ഒരാൾ പ്രസംഗിക്കുക! പ്രസംഗത്തിനു വാക്കുവേണമെന്നു പറയാനുണ്ടോ? അങ്ങിനെചോദിക്കണ്ട. വാക്കില്ലാത്തവരും—വിക്കലുള്ളവരെന്ന അൎത്ഥത്തിലല്ല—വാക്കുമാത്രമുള്ളവരും, പലപ്പോഴും, പ്രസംഗകന്മാരായി പ്രത്യക്ഷപ്പെടാറും, പരിതാപകരമാംവണ്ണം പരാജയമടയാറും ഉണ്ടു്. പറയാനൊന്നുമില്ലെങ്കിലും പറച്ചിൽ ധാരാളമുള്ളവരാണു പ്രസംഗകന്മാരിൽ

പ്രമാണികരംപോലും! അവരങ്ങനെ പ്രസംഗിക്കും, അഥവാ, തുറന്നുവയ്ക്കപ്പെട്ട അവരുടെ വദനഗുഹയിൽനിന്നു ശബ്ദങ്ങളങ്ങനെ പ്രവഹിക്കും. ആ പ്രവാഹത്തിൽ ചില വാക്കുകളും ഉണ്ടാകും! പലക്കും, വാക്കുകളുടെ അതിസാരവും, ആശയങ്ങളുടെ അർശസ്സാക്രൂടിയതായ ഒരപൂർവ്വം സുഖക്കേടുള്ളതായും കാണാം! വാക്കുകളുടെ ഉച്ചാരണത്തിലും അതിന്നുപയോഗിക്കുന്ന ശബ്ദത്തിൻെറ—ഒച്ചയുടെ—കാര്യത്തിലും, ഒച്ചയെത്തന്നെ ഉയർത്തുകയും, താഴ്ത്തുകയുംചെയ്യുന്ന വിഷയത്തിലും, വിവേകവും, വിജ്ഞാനവും ഇല്ലാത്തതുകൊണ്ടു്, എത്ര വളരെ പേരുടെ പ്രസംഗങ്ങളാണു് ഇന്നത്തെ വെട്ടുവഴിഭാഷയിൽ, "ആനബോറായി"ത്തീരാറുള്ളതു! ചിലർ, മൈക്കുണ്ടായാലും, അതിൻെറ മുമ്പിൽ വെച്ചും. അലറും! അപ്പോരം മൈക്കുംക്രൂടി ഭയപ്പെട്ടു്, "അയ്യോ" എന്നു് ഉച്ചത്തിൽ നിലവിളിക്കും! ചിലരുടെ ശബ്ദം, പൊങ്ങുന്നതും, താഴുന്നതും കുറുക്കന്മാർ ഓരിയിടുന്നതിനെ അനുസ്മരിപ്പിക്കും. ചിലർ ഒരു വാക്കു വേണ്ടിടിക്കിൽ പല വാക്കുകരം ഉപയോഗിക്കയും, അവയിൽ പലതും, അർത്ഥാലും ആവശ്യത്താലും അസ്ഥാനത്തിലായിരിക്കയും ചെയ്യും! പലപ്പോഴും, വാക്കുകളെല്ലാംക്രൂടിവെച്ചാലും, ഒരർത്ഥവും പുറപ്പെടുവിക്കുവാൻ ശേഷിയില്ലാത്തവയായിരിക്കും! 'വിത്തുഗുണം പത്തുഗുണം' എന്ന ചൊല്ലുള്ളതുപോലെ, പ്രസംഗത്തിൽ, വാക്കുഗുണത്തിൽ, മിക്ക ഗുണങ്ങളും ഒതുങ്ങുന്നു. നല്ല വാക്കുകളെ, നല്ല ശബ്ദത്തിൽ, നിനച്ചും, നിർത്തിയും, ഉപയോഗിക്കുന്നവനാണു് പ്രശസ്ത

നായ പ്രസംഗകൻ. വെറുംവാക്കുകളുടെ "ശരവർഷം" പ്രസംഗമാണെന്നു വിചാരിച്ചിരുന്ന കാലം എന്നോ കഴിഞ്ഞിരിക്കുന്നു.

## V

വാക്കു നന്നാകുവാനും, വേണ്ടതുപോലെ ആകുവാനും ആവശ്യമായിട്ടുള്ളതും കൂട്ടത്തിൽ ഏററവും പ്രധാനമായിട്ടുള്ളതും, മററെല്ലാററിനേയും, നിയന്ത്രിക്കുവാൻ ശക്തിയുള്ളതുമാണു്, പ്രസംഗകൻെറ നാലാമത്തെ വകാരകവചമായ "വിദ്യ" എന്ന ധനം "വിദ്യ"യില്ലാത്തവൻ പ്രസംഗിക്കാൻ വരുമോ, എന്നായിരിക്കും ചിലർ സംശയിക്കുന്നതു്! യഥാൎത്ഥത്തിൽ "വിദ്യ"യില്ലാത്തവരുടെ ഒരു "വിദ്യ"യാണിന്നത്തെ പ്രസംഗം എന്ന പ്രയോഗംതന്നെ. അവൎക്കു "വിദ്യ"യുടെ അഭാവം മാത്രമല്ല, "അവിദ്യ" യുടെ പ്രഭാവവും ഉണ്ടായിരിക്കും! അറിവുള്ള അജ്ഞാനികളാണിന്നും, ഏതിൻെറയും,—രാഷ്ട്രത്തിൻെറപോലും— കൊമ്പത്തും, തുമ്പത്തും തുള്ളിക്കളിക്കുന്നവർ! അജ്ഞാനം ഇന്നൊരു ആവരണംമാത്രമല്ല, അലങ്കാരംകൂടിയായിരിക്കുകയാണു്!

"വിഷയജ്ഞാന"മില്ലെങ്കിലും, വിഷയശക്തി മൂത്തവരാണിക്കാലത്തെ പ്രസംഗപ്രവീണർകൂടിയും. അവൎക്കു, പലപ്പോഴും, പ്രസംഗം ഒരു വ്യാപാരമോ കാൎയ്യലാഭോപായമോ, സേവാകാഹളമൂതലോ മാത്രമായിരിക്കും! അവിടെ, വിദ്യയ്ക്കു നിലയും, നിലപാടുമില്ല! മിക്കപ്പോഴും, നാം

കേൾക്കുന്നതു, "ഗ്രാമഫോൺ പ്രസംഗങ്ങ"ളായിരിക്കും. ആരോ പറഞ്ഞതിനെ ഏററുപാടുന്ന പ്രസംഗങ്ങൾ, സത്യവും, സത്തയുമില്ലാത്ത പ്രസംഗങ്ങൾ, കൂലിപ്രസംഗങ്ങളല്ലെങ്കിൽ, മേനിപ്രസംഗങ്ങൾ! രാഷ്ട്രീയം, ജനകീയമായ തോട്ടക്കൂടി, പ്രസംഗം, ഒരു പ്രചരണായുധവും, ആയുധപ്രയോഗം, വിവേകശൂന്യവും (ബോംബേറുപോലെ) ആയിത്തീൎന്നു! ഉപ്പിനും മുളകിനുംവേണ്ടിയുള്ള പ്രസംഗങ്ങൾ കേൾക്കാം, ഉപ്പും മുളകും ചേരാത്തവയായിട്ടും. രാഷ്ട്രത്തിനും ഗോഷ്ഠത്തിനുംവേണ്ടി പ്രസംഗിക്കും, അതു രണ്ടുമില്ലാത്ത പ്രസംഗഗോഷ്ഠിക്കാർ! മന്ത്രിമാരെ മറിച്ചിടാനും, തന്ത്രിമാരെ കയററിവിടാനും പ്രസംഗിക്കും. പലപ്പോഴും ഒരു മന്ത്രവും തന്ത്രവും കൂടാത്ത ഈ പ്രസംഗങ്ങളിലൊക്കെ വാക്കുകളുണ്ടു്, "യുക്കാലിപ്സ"കാരൻെറ ഫലശ്രുതി പ്രസംഗത്തിലെന്നപോലെ! ചുഴിഞ്ഞുനോക്കിയാൽ എല്ലാം പണ്ടത്തെ "ദീപസ്തംഭ"പ്രസംഗങ്ങൾതന്നെ. "ദീപസ്തംഭം മഹാശ്ചര്യം എനിയ്ക്കും കിട്ടണം, പണം." വാഗ്മികളല്ലാ ഇന്നധികമുള്ളതു; വെറും വാചാലന്മാരാണു്, വാക്കിൻെറ വിലയറിയാത്തവർ, അല്ലെങ്കിൽ വാക്കിനേയും, മററു പലതിനേയുംപോലെ വിലയ്ക്കുവില്ക്കുന്നവർ. "അറിവുള്ളവർ പറയില്ല; പറയുന്നവർ അറിയുന്നവരല്ല" എന്നു് പണ്ടൊരു പ്രമാണമുണ്ടായിരുന്നു ഇന്നു്, അറിവുള്ളവരില്ല, പറയുന്നവർ എമ്പാടുമുണ്ടുതാനും! നിറഞ്ഞ കുടങ്ങളാണല്ലോ തുളുമ്പാത്തതു്. അറിയാത്തതിനെക്കുറിച്ചും, വിശ്വാസമില്ലാത്തതിനെക്കുറിച്ചും ചിലർ വെളിച്ചപ്പാട

ന്മാർ "തുള്ളിക്കളിക്കു"ന്നതുപോലെ, ജല്പിക്കുന്നതുകേൾക്കാം. ഇന്നു പലതും, "വേഷംമാത്ര"മായിരിക്കുന്നതുപോലെ, അവരുടെ പ്രസംഗങ്ങളും, നാടകീയങ്ങളാകുന്നു. "കാലെടുത്താൽ കാല്പണം കൂലി" എന്ന പണ്ടത്തെ പരിഹാസം, ഇന്നൊരു പരമാർത്ഥമായിരിക്കയാണ്. കാലെടുത്തില്ലെങ്കിലും വേണം കൂലി; അതു കാല്പണമൊട്ടു പോര താനും! നിയമസഭയിലെ ചോദ്യങ്ങൾക്കും, പ്രസംഗങ്ങൾക്കുംകൂടിയുണ്ടത്രെ പരക്കെത്തന്നെ ഒരു നിരക്ക്! അതുകൊണ്ട് "വിദ്യ" പ്രസംഗകന്ന് ആവശ്യമാണെന്നു പറഞ്ഞാൽ, വിശ്വസിക്കുന്നവർകൂടി കുറയും. "വാക്കേററ"മാണിന്നത്തെ സാമാന്യമായ സുഖഭക്കേട്. അതു മൂക്കററമില്ലാത്തവർ, മിടുക്കന്മാരുടെ പട്ടികയിൽ ചെല്ലുകയില്ല! അതെന്തായാലും, പ്രസംഗം നന്നാവണമെങ്കിൽ, പ്രസംഗകൻ വിദ്യാവിഹീനനായാൽ പോരാ—വിവിധവിദ്യാസമ്പന്നൻതന്നെ ആയിരിക്കണം.

ഇതുവരെ പറഞ്ഞ "വ"കാരങ്ങൾ നാലുമുണ്ടായാലും പോരാ, അഞ്ചാമത്തെ 'വ'കാരംകൂടി ഉണ്ടായാലേ, പ്രസംഗകൻ പ്രബുദ്ധനും, പ്രസിദ്ധനുമാകയുള്ളു. അതെന്താണെന്നല്ലേ; നാട്ടിലെങ്ങും കിട്ടാനില്ലാതായിത്തീന്ന്, പഠിക്കുന്നവക്കും, പഠിപ്പിക്കുന്നവക്കും, പാഠശാലകളിലും, വീട്ടിലും, വഴിയിലും എങ്ങും കാണാനില്ലാതായിത്തീന്ന്, "വിനയം" എന്ന വിശേഷാത്തരവിമോഹനസമ്പത്ത്! വിനയമോ? നല്ലകഥ! അതൊരു അടിമമനസ്ഥിതിയല്ലേ, ഒരു അധഃകൃതഭാവമല്ലേ; ഒരു "ഇൻഫീരിയോറിററി കോം

പ്ലക്സ്, അല്ലേ (Inferiority Complex). അതു വേണമെന്നു ആരെങ്കിലും വാദിക്കുമോ! അതൊരു ദോഷവും ദുർഗ്ഗുണവുമല്ലേ? എന്നൊക്കെയായിരിക്കും, ആധുനികാഭിപ്രായം. എന്നാൽ, "വിനയം'' ആ പറഞ്ഞതൊന്നുമല്ല. അതിലൊന്നുമല്ല, അതിലൊന്നുമൊട്ടുമില്ലതാനും! അതു "സുപ്പീരിയോറിററി''യാണ്. അല്ലാതെ "ഇൻഫീരിയോരിററി" അല്ല. അതു ധീരതയാണ്, ഭീരുത്വമല്ല, അതു വിജയസിദ്ധിക്കുള്ള രഹസ്യായുധമാണ്. വിദ്യാവിനയസമ്പന്നന്മാരായിരിക്കണം, യോഗ്യന്മാരൊക്കെ. വിദ്യയുടെ സഹോദരനാണ വിനയം. അജ്ഞാനത്തിൻെറ അരുമക്കിടാവാണ്, അഹംഭാവം, അഹമ്മതി മുതലായതു്. ജ്ഞാനം വ്യസനിക്കുന്നു, "അയ്യോ! എനിക്കൊന്നുമറിഞ്ഞുകൂടല്ലോ" എന്ന്!. അതേ സമയത്തു, അജ്ഞാനം അഹങ്കരിക്കുന്നു, "ഹാ! എനിക്കറിയാൻ വയ്യാത്തതു് ഒന്നുമില്ല" എന്ന്!. വിനയത്താൽ വിജയിക്കയും, അവിനയത്താൽ അശേഷം നശിക്കയും ചെയ്തിട്ടുള്ളവരുടെ കഥകളും, ചരിത്രങ്ങളുമെത്രയെങ്കിലുമുണ്ട്. "അമ്പട ഞാനേ''ക്കാരൻ എത്ര അകമ്പടിക്കാരുണ്ടായാലും, കമ്പക്കാരനായേ കലാശിക്കയുള്ളൂ. ഒന്നാമനാവാൻ കൊതിക്കുന്നവൻ ഒടുവിലത്തെ ആളാകണമെന്നു ശ്രീ ക്രിസ്തുവും ഉപദേശിച്ചിട്ടുണ്ട്. ചാടിക്കയറിയാൽ ചാട്ടം വീഴുകയും, പതനം ഭവിക്കയും, നാശം സംഭവിക്കയും ചെയ്യും! പല പ്രസംഗകന്മാരുടേയും, ഭാവം, അവർക്ക് മാത്രമല്ലാതെ ഒന്നുമറിഞ്ഞുകൂടെന്നും, അവരെ ഭ്രമിച്ചും ആദരിച്ചും മാത്രമാണ് സദസ്യരെല്ലാം

വായുംപിളൎന്നു, കണ്ണുംമിഴിച്ചു്, കാത്തിരിക്കുന്നതെന്നും ആകുന്നു! ആ വീറോട്ടം, വിചാരത്തോട്ടം പുറപ്പെടുന്ന പ്രസംഗകൻെറ പ്രയോഗം, ഒരു പ്രഹസനമാകാതിരിക്കുന്നതല്ല. പ്രവാചകനായി പ്രത്യക്ഷപ്പെടുന്ന പ്രസംഗകൻ, വാചകത്തിന്നു വാചകത്തിന്നു അധിക്ഷിപ്തനായിട്ടായിരിക്കും അവസാനിപ്പിക്കുക! ശ്രോതാക്കളിൽ, സഹിഷ്ണുത കണ്ടാലും, സഹതാപം ഉണ്ടായിരിക്കുന്നതല്ല—!

ഇവയാണു "വകാരപഞ്ചകം" ആയ പ്രസംഗകൻെറ പഞ്ചായുധങ്ങൾ, അഥവാ, പഞ്ചകോശങ്ങൾ. ഡോക്ടർ ജോൺസൺ പ്രസംഗകരുടെ കൈമുതലുകളെക്കുറിച്ചു പറയുമ്പോൾ, ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ടു്. ഒന്നാമതു് പഠിച്ചറിഞ്ഞു സ്വന്തമാക്കീട്ടുള്ള ഒരു വിഷയം കയ്യിലുണ്ടായിരിക്കണം പ്രസംഗത്തിന്നു്; രണ്ടാമതു്, പറയാനുള്ളതു പറഞ്ഞു ഫലിപ്പിക്കാനുള്ള ഭാഷാപരിചയവും, പദസ്വാധീനവും, ഭാവനാശക്തിയുമുണ്ടായിരിക്കണം; മൂന്നാമതു മനോബലവും, ആത്മവിശ്വാസവുമുൾക്കൊള്ളുന്ന ദൃഢതയുണ്ടായിരിക്കണം; ഇവയൊക്കെത്തന്നെയാണു് മുമ്പു വിവരിച്ചതും; വപുസ്സും, വേഷവും മാത്രമേ വിട്ടുപോയിട്ടുള്ളു.

പ്രസംഗം ഒരു "കല"യാണെന്ന സംഗതികൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു. എല്ലാ കലകളുടേയും കൂട്ടത്തിൽ, പ്രസംഗകലയും, പഠിപ്പും, പരിശീലനവും നിർബ്ബന്ധിക്കു

ന്നുണ്ട്. പ്രസിദ്ധന്മാരായ പ്രസംഗകന്മാരൊക്കെ വളരെ "അഭ്യാസം" ചെയ്തിട്ടുള്ളവരാണ്. അവരൊക്കെ മേല്പറഞ്ഞ എല്ലാ സംഗതികളിലും, ബദ്ധശ്രദ്ധരായിരുന്നു എന്നു കാണാം.

പ്രസംഗകൾക്കുവേണ്ട "വകാരപഞ്ചക"ത്തെക്കുറിച്ചു, വികാരവഞ്ചന കൂടാതെ വിചാരംചെയ്യുന്നതു പ്രസംഗകന്മാൎക്കും അല്ലാത്തവൎക്കും, നന്നായിരിക്കും.

## ധാർമ്മികാധഃപതനം

സജീവമായ മനുഷ്യസമ്പൎക്കം, മനുഷ്യസഹജമായ സ്നേഹസൌഹാൎദ്ദങ്ങളുള്ള ജനവൎഗ്ഗങ്ങളുടെ കൂടിച്ചേരൽ, എവിടേയും, എന്നും, കലാവിദ്യകളുടെ—സൌന്ദൎയ്യത്തിന്റെ കൈമുദ്രകളായ സുകുമാരകലകളുടെ—ഉത്ഭവത്തിന്നും, വളർച്ചയ്ക്കും സ്വയമേവ കാരണമായിത്തീരുന്നു ആ മുദ്രകൾ, കേവലം അചേതനങ്ങളും ബാഹ്യങ്ങളും ആയ ചില അടയാളങ്ങൾ മാത്രമല്ല; അവയുടെ കൎത്താക്കന്മാരുടെ സ്വഭാവവിശേഷങ്ങളേയും, സംസ്ക്കാരശുദ്ധിയേയും നിലനിൎത്തുന്ന ഉത്തമ സ്മാരകങ്ങൾകൂടിയാകുന്നു.

നേരെമറിച്ചു്, വൎഗ്ഗസമ്മേളനങ്ങൾ, ചില പ്രത്യേകമായ ആവശ്യങ്ങളേയോ, ആദായങ്ങളേയോ മാത്രം

ആശ്രയിച്ചിരിക്കുന്നപക്ഷം, അതു മനുഷ്യന്റെ മഹനീയതയെ നിസ്സാരമാക്കിച്ചെയ്യുന്നു. അപ്പോഴം, മനുഷ്യന്റെ യഥാത്ഥവും ആന്തരവുമായ സ്വഭാവവൈശിഷ്ട്യം തീരെ വിസ്മരിക്കപ്പെട്ടുപോകുന്നു. അപ്രകാരമുള്ള കൃത്രിമസംയോഗം, സുന്ദരകലകൾക്കു നാശഹേതുവായി ഭവിക്കുന്നു. അനേകകാലത്തെ സജീവസമ്മേളനത്തിന്റെ സുന്ദരഫലങ്ങളെ അലങ്കോലപ്പെടുത്തുന്നതിനും, പുനരുദ്ധരിക്കപ്പെടാവുന്നവയല്ലാത്ത അവയെ പാടേ നശിപ്പിക്കുന്നതിന്നുതന്നേയും, ജനങ്ങൾ അപ്പോൾ അശേഷം സങ്കോചപ്പെടുന്നതല്ല.

പ്രകൃത്യാ രമണീയങ്ങളായിരുന്ന ഗംഗാനദിയുടെ പാർശ്വഭാഗങ്ങളെല്ലാം—കല്ക്കട്ടയുടെ പരിസരങ്ങളെല്ലാം—ഇപ്പോൾ ചണവ്യവസായശാലകൾ നിഷ്ഠുരുണമായവിധം കയ്യേറി കൈവശപ്പെടുത്തിയിരിക്കുന്നു. ആ കാഴ്ച, എനിക്കു തന്നെ സംഭവിച്ചതായ ഒരു ദുഃഖത്തെപ്പോലെ, എന്നെ വളരെ വേദനപ്പെടുത്തി—എന്റെ കുട്ടിക്കാലത്തു് ആ ഗംഗാതീരങ്ങൾ എത്ര മനോഹരങ്ങളായിരുന്നു! ബാഹ്യലോകത്തേയും, അവിടുത്തുകാരുടെ പരമ്പരയായ അത്മീയബോധത്തേയുംകൂട്ടിയിണക്കിയിരുന്ന ആ ഏകവസ്തു, നിസർഗ്ഗസുന്ദരമായ ഗംഗാനദിയുടെ ഹൃദയാവജ്ജകത്വം, യന്ത്രശാലകളുടെ കയ്യേററത്തോടുകൂടി, 'ഇങ്ങിനിവരാതവണ്ണം' നാടുവിട്ടുപോയി.

'കല്ക്കട്ട' ഒരു നൂതനസൃഷ്ടിയാണു്; ഒരു പട്ടണമാണു്. ആകൃതിയിലൊ, പ്രകൃതിയിലൊ 'കല്ക്കട്ട'യ്ക്കു 'പഴമ' കാണ

പ്പെടുന്നില്ല. വിശ്രുതമായ ഒരു പൂവ്വചരിത്രമോ, അഭി മാനകരമായ ഒരു പാരമ്പയ്യമോ, സാരവത്തായ ഒരു തറ വാട്ടസ്വത്തോ, കല്ക്കട്ടക്കില്ല. ചരിത്രപ്രഖ്യാതങ്ങളായ സംഭവങ്ങളുടെ സ്മരണകളാലോ, ദേശഭക്തന്മാരുടെ കഷ്ടാ നുഭവങ്ങളാലോ, പുണ്യഭൂമിയായിത്തീന്നിട്ടുള്ള ഒരു സ്ഥല ത്തല്ലാ കല്ക്കട്ടയുടെ ജനനം. കച്ചവടക്കണ്ണുള്ളവരായ ഇംഗ്ലീ ഷുകാരുടെ വ്യവസായബുദ്ധിയിൽനിന്നു്, "ഇവിടെ ഒരു ആപ്പീസ്സുണ്ടാവട്ടേ" എന്നൊരു ശബ്ദം പുറപ്പെട്ടു. ആ കല്പനാശക്തി, അചിരേണ "കല്ക്കട്ട"യായിപ്പരിണമിച്ചു. അവൾ — കല്ക്കട്ടാനഗരി — പിതൃദത്തമായ, യാതൊരു 'സ്ത്രീധന'വും കൂടാതെയാണു് ജീവിതരംഗത്തിൽ പ്രവേ ശിച്ചതു്! പരമപാവനിയായ ഗംഗാനദിയുടെ സാമീപ്യ ത്താൽ സംഭവിക്കാവുന്ന ഒരു സൌഭാഗ്യമല്ലാതെ കല്ക്കട്ട ക്കു ജന്മസിദ്ധമായ യാതൊരു സുന്ദരത്വവുമില്ല. 'ധൂംധൂം' ശബ്ദത്തോടുകൂടി, ധൂമപടലങ്ങളെ സദാ വമിച്ചുകൊണ്ടി രിക്കുന്ന കരിങ്കുട്ടികളായ യന്ത്രശാലകൾ, ദിവ്യയായ ഗംഗ യുടെ തീരങ്ങളെല്ലാം, നിദ്ദയം വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു! ഭാഗ്യാതിരേകത്താൽ, ഞാൻ അതിന്നുമുമ്പുതന്നെ ഭൂജാത നായിരുന്നു. അന്നത്തെ ഗംഗാതീരം! നദീതീരങ്ങളിൽ നിന്നു വെള്ളത്തിലോളം ഇറക്കിപ്പടുക്കപ്പെട്ടിരുന്ന മനോ ഹരങ്ങളായ കല്ക്കടവുകൾ കാണുമ്പോൾ, ഗ്രാമക്കാർ അവ രുടെ നീണ്ട കരങ്ങൾ നീട്ടി ഗംഗാമാതാവിനെ പരിലാളി ക്കുകയാണെന്നാണു് എനിക്കു തോന്നിയിരുന്നതു്. അന്ന ത്തെ കല്ക്കട്ട, അവളുടെ വളത്തമ്മയായ ബങ്കാളത്തെ—

No. 6663 KOTTAYAM

ബങ്കാളത്തിലെ നാട്ടുപുറങ്ങളെ—തീരെ വെടിഞ്ഞിട്ടുണ്ടായിരുന്നില്ല. അഗ്രം വക്രിച്ച മൂക്കുകളും, കണ്ണാടിക്കല്ലുപോലെ നിർജ്ജീവവും, വികാരശൂന്യവും ആയ കണ്ണുകളും ആ കല്ക്കട്ടയുടെ ഉാച്ച ലക്ഷണങ്ങൾ ആയിരുന്നില്ല! അന്നത്തെ കല്ക്കട്ടയാകട്ടെ, കണക്കുപുസ്തകത്തിൻെറ,—ചത്ത മൃഗങ്ങളുടെ ചതച്ച തോലിൽ കെട്ടപ്പെട്ട കണക്കുപുസ്തകത്തിൻെറ—ധനവാനായ ആ പുതിയ ജാരൻെറ—അടിമയായിത്തീന്നിരുന്നില്ല!

83308

പട്ടണത്തിൻെറ സ്വരൂപത്തിൽ ഇപ്പോൾ അവതരിച്ചിട്ടുള്ള അഭിനവയുഗത്തിലെ ആധുനിക പരിഷ്കാരത്തോടുകൂടി താരതമ്യപ്പെടുത്തുന്നതിനു് ഉതകുന്നതായ മറെറാരു യുഗത്തിലെ അന്യമായ ഒരു പരിഷ്കാരത്തിൻെറ ഒരു സ്മരണയും എൻെറ ഉള്ളിൽ നിലനില്ക്കുന്നുണ്ടു്. അതു് എൻെറ ഒടുവിലത്തെ കാശിയാത്രയാണു്. അന്തരീക്ഷത്തെ മുഴുവനും നിരക്ഷരസംഗീതംകൊണ്ടു് ശബ്ദായമാനമാക്കിത്തീർത്തതായ ഗംഗാമാതാവിൻെറ 'വിളി' ഞാൻ അന്നു കേട്ടതു്, ഇന്നും എൻെറ ഹൃദയത്തിൽ മാറെറാലിക്കൊള്ളുന്നുണ്ടു്. രാപ്പകൽ ഭേദംകൂടാതെ, എപ്പോഴും, ആ പരിശുദ്ധശബ്ദം ജനതതിയെ, ഗംഗയുടെ ഹൃദയാന്തർഭാഗത്തേക്കു ആകർഷിച്ചുകൊണ്ടിരുന്നു. ഇന്ത്യക്കാർ എന്നും, ഈ മഹാനദിയുടെ നേരെ അവാച്യമായ ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതിൽ എനിക്കു വളരെ അഭിമാനം തോന്നുന്നുണ്ടു്. പ്രകൃതിരമണീയങ്ങളായ ഉഭയപാർശ്വങ്ങളിലും, ആര്യസംസ്കാരത്തെ പരിപോഷി

പ്പിച്ചുകൊണ്ടും, ഹിമാലയമഹാഗിരിയുടെ ഉത്തുംഗശൃംഗങ്ങളുടെ ഏകാന്ത നിശ്ശബ്ദതയിൽനിന്നു കല്ലോലകോലാഹലം മുഴക്കുന്ന മഹാസമുദ്രാവരെ അനേകങ്ങളും അക്ഷരരഹിതങ്ങളും ആയ അനശ്വരസന്ദേശങ്ങളെ ഉൽഘോഷിച്ചുകൊണ്ടും, പ്രവഹിക്കുന്ന 'ഗംഗാ'നദിയിൽ, ഇന്ത്യക്കാർ, ദിവ്യയായ ഒരു ദേവിയെത്തന്നെയാണു് കണ്ടുകൊണ്ടിരിയ്ക്കുന്നതു്. ഈ നദിയോടു സ്നേഹാധിക്യം—അത്യുൽകൃഷ്ടമായതിനെ ആരാധിക്കുന്നതിന്നു മനുഷ്യർക്കുള്ള സഹജമായ വാസനയുടെ ഒരു പ്രത്യക്ഷരൂപംമാത്രമായ ഈ സ്നേഹാധിക്യം ആകുന്നു, ഈ വാരാണസിയുടെ വന്ദനീയതയുടെ വളൎച്ചയ്ക്കുള്ള ഒരു വലിയ കാരണം. ലാഭത്തെമാത്രം ഇച്ഛിക്കുന്നവയല്ലാത്ത, സൃഷ്ടിപരങ്ങളായ ചില ചേതോവികാരങ്ങൾ നമ്മിൽ അന്തർലീനങ്ങളായിക്കിടക്കുന്നുണ്ടെന്നും, കവിഞ്ഞൊഴുകുന്ന ദാനത്തിലും, പരപ്രേരണ കൂടാതെയുള്ള ത്യാഗത്തിലും ആകുന്നു ആ വികാരവിശേഷങ്ങൾ സംതൃപ്തിയടയുന്നതെന്നും, ശ്രീ കാശിയുടെ മാഹാത്മ്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

എന്തായിട്ടും, "ആ ചണവ്യവസായശാലകളുടെ സ്ഥിതി എന്തായി?" എന്നുള്ള, പ്രശ്നത്തിൻെറ ശക്തിക്കു നാം എപ്പോഴും വശംവദരായിത്തീരുന്നു! ആ സംഗതി, നമ്മെ ഏതുനേരത്തും പീഡിപ്പിക്കുകയും, ഉൽകണ്ഠിതരാക്കുകയും ചെയ്യുന്നു. ചാക്കുകൾ (ചണനൂൽകൊണ്ടു് പ്രധാനമായി ഉണ്ടാക്കുന്നതു് ചാക്കാണു്) അത്യാവശ്യങ്ങളാണെന്നു് ഞാൻ സമ്മതിക്കാം. സമുദായത്തിൽ അവയ്ക്കും

ഒരു സ്ഥാനം അനുവദിക്കുന്നതിന്നും ഞാൻ തയ്യാറാണ്. എന്നാൽ ചാക്കുകളുടെ നിർമ്മാണത്തിന്നും, ഒരു അതൃത്തിയുണ്ടെന്നും, മനുഷ്യർക്ക്, ഒഴിവുസമയവും, ആഹ്ലാദിപ്പാനും, ആരാധിപ്പാനും സൌകര്യപ്പെട്ട സ്ഥലങ്ങളും, ബഹളത്തിൽനിന്ന് വിട്ടൊഴിഞ്ഞു, കലർപ്പില്ലാത്ത സ്നേഹമാധുര്യത്താലും, വിശ്വാസപരിപൂർണ്ണമായ പരസ്പരസേവനത്താലും, പരിശുദ്ധമാക്കപ്പെട്ട സ്വൈരഗൃഹങ്ങളും അതിലുമധികം ആവശ്യമായിട്ടുള്ളവയാണെന്ന് എന്റെ എതിർവാദികളും സമ്മതിക്കേണ്ടതാകുന്നു. മാനുഷിക ജീവിതത്തിന്ന്, അത്യന്താപേക്ഷിതങ്ങളായ ഈ സാമഗ്രികളെ, കളയുകയൊ, കുറയ്ക്കുകയൊ ചെയ്യാൻ ഒരുമ്പെടുന്നപക്ഷം, ധനവാദേച്ഛയും അതിന്നുതകുന്ന നിർമ്മാണയന്ത്രങ്ങളും മാത്രം ജീവിതോദ്ദേശങ്ങളായിപ്പരിണമിക്കുന്നപക്ഷം, അവ ന്യായമായ എല്ലാ അതൃത്തികളേയും അതിലംഘിച്ച്, ഘോരമായ കയ്യേററത്താൽ, നമ്മുടെ സൌന്ദര്യബോധത്തേയും, സത്യതല്പരതയേയും, നീതിന്യായബുദ്ധിയേയും താറുമാറാക്കിക്കളയുന്നു; എന്നുമാത്രമല്ല, നമ്മുടെ സഹോദരസ്നേഹത്തെ വേരോടെ പറിച്ചുകളയുകയും ചെയ്യുന്നതാണ്. അവസാനമില്ലാത്ത മഹാദാരിദ്ര്യത്തിന്റെ വക്കത്തോളം എത്തിയ സാധുക്കളായ കൃഷിക്കാർക്കു വിരുദ്ധമായി, നൂററുക്ക് നൂറിലധികം ലാഭം സമ്പാദിച്ച്, പണത്തിളപ്പിൽ മേൽകീഴില്ലാതെ മുങ്ങിമറിയുന്ന കുപ്രസിദ്ധന്മാരായ വ്യവസായികൾ, അതിലാഭത്തിന്നുവേണ്ടി, വീണ്ടും സംഘംചേരുവാനും, ആ സാധുക്കളെ ഇല്ലായ്മയിൽനിന്ന് വല്ലായ്മയിലേ

ക്കം, ശൂന്യതയിലേക്കും നിർദ്ദയം ഉന്തിത്തള്ളുവാനും ഇടയായിത്തീരുന്നതു്, ഈ കയ്യേററംനിമിത്തമാകുന്നു; ഈ സഹോദരസ്നേഹത്തിൻെറ കടപറിക്കൽ നിമിത്തമാകുന്നു. മനുഷ്യൻെറ ധീരതയും, ദയാവായ്പും, സാമുദായികബോധവും, ദാനശീലവും, ത്യാഗബുദ്ധിയും, അധർമ്മഭീരുത്വവും പരിപൂർണ്ണതയുടെ ഏതാനും പൂർത്തിയായ ഭാവത്തോടുകൂടിയ മനുഷ്യസ്വഭാവത്തിലുള്ള ചില പരിശുദ്ധഭാഗങ്ങൾ ആകുന്നു. എന്നാൽ, ഒരുവൻ 'ചാക്കുണ്ടാക്കുന്നവരിൽ മുന്തിയവനാ'ണെന്നുള്ളതു്, മനുഷ്യൻെറ ദിവ്യങ്ങളായ ഏതെങ്കിലും പൂർണ്ണാവസ്ഥകളെ നിസ്സാരമാക്കിച്ചെയ്യുന്നതിനുമാത്രം ശക്തിയുള്ളതോ, ശ്രേഷ്ഠതയുള്ളതോ അല്ല; അതു്, പരിഹാസ്യമായവിധത്തിൽ, പരമാണുപ്രായമായിട്ടുള്ളതാകുന്നു. ഉപയോഗയോഗ്യത, അതിൻെറ ശിഥിലത്വംമൂലം, മനുഷ്യജീവിതത്തിൽ, രണ്ടാംസ്ഥാനം മാത്രമേ നേടീട്ടുള്ളു എന്ന സംഗതി എപ്പോഴും സ്മരണീയമാണു് ന്യായമായി നല്കപ്പെട്ടിട്ടുള്ള സ്ഥാനംവിട്ടു ചാടിക്കയറുകയോ, അനുവദിക്കപ്പെടാത്ത ശക്തിയെ അംഗീകരിച്ചു അധികാരം നടിക്കുകയൊ ചെയ്തുപോകരുതു്. ജീവിതമാകുന്ന മഹാകാവ്യത്തിൻെറ മാധുര്യത്തേയോ, രസസ്ഫൂർത്തിയേയോ വിഘ്നപ്പെടുത്തുന്നതിനു് ഒരിക്കലും അനുവദിക്കരുതു്. മൂർത്തവസ്തുവിൻെറ പരുപരുപ്പിനെ ഉദാഹരണമാക്കിക്കൊണ്ടു യുക്തിവാദം ചെയ്തു പൌരുഷവും പുരുഷാർത്ഥങ്ങളും അതുതന്നെയാണെന്നു് ഘോഷിക്കുന്നതിനു് ഒരിക്കലും ഇടയും, ഇടവും നല്കരുതു്. ഭാസുരങ്ങളായ ആദർശങ്ങളെ കള

കപ്പെട്ടത്തരുതു്. എന്നിരുന്നാലും, നമ്മുടെ വിവിധങ്ങളായ പരിശ്രമങ്ങളുടെ മദ്ധ്യത്തിൽ, നാംതന്നെ ചിലപ്പോഠം, സ്വാത്ഥപരങ്ങളായ നാശഹേതുക്കളുടെ പ്രാമാണ്യത്തെയോ, അതിൽനിന്നു ഒട്ടും താഴെയല്ലാത്ത യന്ത്രനിമ്മാണവൈദഗ്ദ്ധ്യത്തിൻെറ മാഹാത്മ്യത്തെയോ ഓമ്മയില്ലാതെ പുകഴ്ത്തിപ്പോകാറുണ്ടു്. അപ്പോഴെല്ലാം, നാം നമ്മുടെ ഹൃദയത്തിൽ ജ്ഞാനപ്രകാശം പരത്തുന്ന ആത്മകവാടങ്ങളെ അടച്ചുകളയുകയാണു് ചെയ്യുന്നതു്. അപ്പോഠം നമ്മുടെ ആത്മബോധം അന്ധകാരമയമായിത്തീരുകയും, നമ്മുടെ മനസ്സാക്ഷിയും നമ്മുടെ ലജ്ജാദിബോധങ്ങളും ഒളിഞ്ഞുപോകുകയും, നമ്മുടെ സ്വാതന്ത്ര്യേച്ഛ മൃതിപ്പെട്ടുപോകുകയും ചെയ്യുന്നു.

മനുഷ്യർ എന്നെങ്കിലും മൃഗീയങ്ങളായ വികാരങ്ങളാൽ തീരെ തപ്പരാക്കപ്പെടാതെ ജീവിച്ചിരുന്നു എന്നു ഞാൻ ശഠിക്കുന്നില്ല. ഏതു കാലത്തും, അവർ, താഴ്ന്ന തരം ചിന്തകഠംക്കു്, ഏറക്കുറെ അടിമപ്പെട്ടുകൊണ്ടിരുന്നു. രാജ്യഭരണവിഷയത്തിലും, വാണിജ്യവിഷയത്തിലും സ്വാത്ഥത്തിന്നു് എന്നും നല്ലതായ ഒരു പങ്കുണ്ടായിരുന്നു. എങ്കിലും, സമുദായത്തിലെ ഉച്ചനീചത്വങ്ങളെ, ധമ്മാധമ്മങ്ങളെ, ഒരു നിലയ്ക്കും, വഴിയ്ക്കും നിത്തുന്നതിന്നുള്ള പരിശ്രമം അന്നെല്ലാം അശ്രാന്തമായി നടന്നുകൊണ്ടിരുന്നു. എന്നുമാത്രമല്ല, നീചത്വത്തിന്നു—അധമ്മത്തിന്നു്—താൻതന്നെയാണു് ഉത്തമനെന്നുള്ള അഭിമാനഭാവവും, ഭാവനയും അന്നു തീരെ ഉണ്ടായിരുന്നില്ല. നമ്മുടെ സദാചാര

ബോധത്തെ വ്യാമോഹപ്പെടുത്തുന്നതിനോ, സന്മാർഗ്ഗദൃഷ്ടികളെ മഞ്ഞളിപ്പിക്കുന്നതിനോ, അക്കാലങ്ങളിൽ ആരും മനഃപൂർവ്വം പ്രയത്നിച്ചിരുന്നില്ല. തുലാസ്സിന്റെ ഒരുതട്ടിൽ 'അത്യാർത്തി'യെ കയററിനിറുത്തി, മറേറ തട്ടിൽ ജനങ്ങളുടെ ബുദ്ധിയെപ്പിടിച്ചിട്ട് തൂക്കംനോക്കുന്നതിന്, അന്നത്തുക്കും ആഗ്രഹമുണ്ടായിരുന്നില്ല! അതിന്നുള്ള പ്രേരകശക്തിയുടെ പ്രവൃത്തി, അക്കാലത്തു് ആരംഭിച്ചിട്ടുണ്ടായിരുന്നില്ല.

അടുത്ത ചില നൂററാണ്ടുകളായി, ധനം സമ്പാദിക്കുന്ന കാര്യത്തെസ്സംബന്ധിച്ചുള്ള നമ്മുടെ മനഃസ്ഥിതിക്കും, ചിന്താഗതികൾക്കും നാശകരമായ ഒരു വല്ലാത്ത വ്യത്യാസം വന്നുചേർന്നിരിക്കുന്നു. പണ്ടത്തേകാലത്തു്, ജനങ്ങൾ, 'ദ്രവ്യ'ത്തെ ഒരു ദയാബുദ്ധിയോടുകൂടിമാത്രമേ കരുതിയിരുന്നുള്ളു. മിക്കപ്പോഴും, പണത്തെ അവർ അലക്ഷ്യമായി ഗണിച്ചിരുന്നു. എന്നാൽ, ഇന്നാകട്ടെ ജനങ്ങൾ, പണത്തിന്റെ മുമ്പാകെ എപ്പോഴും മുട്ടുകുത്തുകതന്നെ ചെയ്യുന്നു! സാമുദായിക ജീവിതത്തിൽ, പണത്തിന്നു ധാരാളം വലുതായ ഒരു സ്ഥാനംതന്നെ കല്പിച്ചുകൊടുക്കേണമെന്നതു് നിരാക്ഷേപമാണു്. എന്നാൽ, തേജസ്വികളായ ചില അനശ്വരമൂർത്തികൾക്കായി പ്രത്യേകം ഒഴിച്ചിട്ടിരിക്കുന്ന പരിശുദ്ധപദങ്ങളായ മാന്യസ്ഥാനങ്ങളിൽ, 'പണം' ധിക്കാരസമേതം ചാടിക്കയറിയിരിക്കുന്നതു്, ക്ഷന്തവ്യമല്ലാത്ത ഒരു വലിയ അക്രമംതന്നെയാകുന്നു. നമ്മുടെ സദാചാരബോധത്തെ കൂസൽകൂടാതെ കടന്നാക്രമിച്ചു് കീഴ്

മേൽ മറിച്ചും കോഴകൊടുത്തു നമ്മെത്തന്നെ വശീകരിച്ചും ആകുന്ന ഈ അവിവേകം നിവ്വഹിക്കപ്പെടുന്നതു്. മനുഷ്യരുടെ പരിപാവനങ്ങളായ ഉൽക്കൃഷ്ടാദശ്ങ്ങളുടെ നേരെ 'രാജദ്രോഹി'കളായ നീചവിചാരങ്ങളെക്കൊണ്ടു് യുദ്ധം ചെയ്യിപ്പിക്കുന്നതിന്നു സമുദായത്തിൻെറ സകല ദിവ്യശക്തികളേയും പണം കൂട്ടിയിണക്കുകയും പിന്തുണനിത്തുകയും ചെയ്യുന്നു!! ആ യുദ്ധസന്നാഹങ്ങളുടെ ആഘോഷത്തിലും ആഡംബരത്തിലും, പണം, അതിൻെറ നിന്ദ്യമായ നിസ്സാരതയെ സവിശേഷം മൂടിവെക്കുന്നു; നമ്മുടെ ദൃഷ്ടികളിൽനിന്നു് മറച്ചുനിത്തുന്നു. ആധുനികശാസ്ത്രങ്ങളുടെ അസാമാന്യമായ അഭിവൃദ്ധിയോടുകൂടി, ധനസമ്പാദനത്തിന്നുള്ള മാഗ്ഗങ്ങൾ അനേകങ്ങളും, വിപുലങ്ങളുമായിത്തീന്നതാകുന്നു, ഭയങ്കരമായ ഈ പരിവത്തനത്തിന്നുള്ള പ്രധാന കാരണം. ലോകത്തിൽ മുഴുവനും, എല്ലാ സ്ഥലത്തും ഒരുപോലെ, 'ധനാത്തി' എന്ന ഒരു മഹാശക്തി, സൂയ്യൻ തൻെറ മണ്ഡലത്തിൽപെട്ട ഗ്രഹങ്ങളെ എന്നപോലെ, ജനങ്ങളെ തൻെറ അടുക്കലേയ്ക്കു് ആകഷിക്കുന്നതായി കാണുന്നു. ഓരോ ഗ്രഹങ്ങൾക്കും, അവയെ ആശ്രയിച്ചു് വലംവെക്കുന്ന അനേകം ഉപഗ്രഹങ്ങൾ ഉള്ളപോലെ, ഈ ആകഷണത്തിൻെറ അപാരശക്തിയാൽ, സമുദായത്തിൽ, വ്യക്തിപരമായും, ഉദ്ദേശപരമായും, ശക്തിപരമായും പലപല ഉൾപിരിവുകളും, ഉപാധികളും ഉണ്ടായിത്തീരുകയും, മനുഷ്യസമുദായത്തിന്നു്, അതിൻെറ ക്രമമായ പ്രദിക്ഷിണമാഗ്ഗത്തിൽനിന്നു്—ശരിയായ ധമ്മമാ

ൾത്തിൽനിന്ന്—വലുതായ വ്യതിചലനം വന്നുകൂടുകയും ചെയ്യുന്നു! പുരാതനകാലങ്ങളിൽ, ലോകത്തിലെ ബുദ്ധിശക്തികളും, ആത്മീയശക്തികളും പൂർണ്ണമായ സ്വാതന്ത്ര്യത്തോടുകൂടി സമുന്നതശിരസ്സുകളായി പരിശോഭിച്ചിരുന്നു. അവയ്ക്കു, കമ്പോളക്കടലിലെ കഠോരങ്ങളായ കരിമ്പാറകളിൽ കൂട്ടിമുട്ടി ചിന്നിച്ചിതറേണ്ടിവന്നിരുന്നില്ല. അപായകരമായ ഒരു രോഗത്തിന്റെ അന്ത്യഘട്ടത്തിൽ, രോഗബീജങ്ങൾ രോഗിയുടെ ഹൃദയത്തേയും, തലച്ചോറിനേയും കൂടി ബാധിക്കുന്നതുപോലെ, ആപല്ക്കരമായ ഈ ധനാർത്തി, ഇപ്പോൾ, സമുദായത്തിന്റെ ഹൃദയത്തിലും ശിരസ്സിലും വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു! അനർഹങ്ങളായ സ്ഥാനങ്ങളിൽ, ശ്രേഷ്ഠങ്ങളായ സാമുദായികാദർശങ്ങളുടെ ഉന്നതസ്ഥാനങ്ങളിൽ, അതു് പിടിച്ചുകയറി, 'ചടഞ്ഞുകൂടി'യിരിക്കുന്നു. അവിടെ ഇരുന്നുംകൊണ്ടു്, യുക്തിവാദങ്ങൾ പുറപ്പെടുവിക്കുകയും, അവകാശസ്ഥാപനയ്ക്കു തുടരുകയും, തീർപ്പുകല്പിക്കുവാൻ ഒരുമ്പെടുകയും ചെയ്യുന്നു! ആധുനികശാസ്ത്രങ്ങൾ (Science) മാത്രമല്ല, മതത്തിന്റെ ഛായപോലും പേടിച്ചുനില്ക്കുന്ന ഇന്നത്തെ 'രാഷ്ട്രീയബോധ'വും, അതുപോലെതന്നെ, തനി സ്വാർത്ഥത്തിൽ ജനിച്ചതും, വളരുന്നതുമായ ഇന്നത്തെ സമുദായത്തിലെ വേറെ പല സ്ഥാപനങ്ങളും അതിന്നു കൂട്ടുകാരും, സഹായികളുമായി ഭവിച്ചിരിക്കുന്നു! അതിന്റെ പ്രവൃത്തിമാർഗ്ഗങ്ങൾ നീണ്ടുകിടക്കുന്നവയും, പരീക്ഷിക്കപ്പെട്ടിട്ടുള്ളവയും ആകുന്നു. അതിന്റെ ക്രൂരനഖങ്ങൾ, ഒരു വ്യാഘ്രത്തിന്റെ എന്ന

പോലെ ഉറകഠംക്കുള്ളിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതിൻെറ 'കൂട്ടക്കൊലകഠം' ദൃഷ്ടിഗോചരങ്ങളല്ല; കാരണം, ജീവിതത്തിൻെറ ആദ്യാങ്കുരത്തെപ്പോലും അതു നശിപ്പിച്ചുകളയുന്നു ! അതിൻെറ തട്ടിപ്പറികളെല്ലാം, 'ശാസ്ത്രാനുസാരം' നിമ്മിക്കപ്പെട്ട ചില മനോഹരങ്ങളായ തിരശ്ശീലകളാൽ ബുദ്ധിപൂവ്വം മറയ്ക്കപ്പെട്ടിരിയ്ക്കുന്നു; പരസ്യമായും, ഉത്തരവാദിത്വബോധത്തോടുകൂടിയും നടത്തപ്പെടുന്ന വിചാരണകഠംക്കു് ഏവരും എന്നും കീഴ്പ്പെട്ടിരിക്കുന്നു എന്നാണു് സങ്കല്പം!! രക്തക്കറകളെ, ഇടയ്ക്കിടയ്ക്കു് ചിരണ്ടിക്കളഞ്ഞു്, വീണ്ടും വെള്ളതേച്ചു്, അതിൻെറ ബാഹ്യധാവള്യം സനിഷ്ക്കർഷം സൂക്ഷിക്കപ്പെടുന്നു ! 'ഡിപ്ലോമസി' (Diplomacy) (ഭംഗിവാക്കു്) എന്ന മാന്യനാമത്തിൽ, അസത്യത്തിൻെറ എല്ലാ അംശങ്ങളും, അസാമാന്യമായി ഉപയോഗിക്കപ്പെടുന്നു. അതേ കളരിയിൽ പയററുന്ന മററുള്ളവർ അതു കണ്ടുപിടിക്കുമ്പോഠം മാത്രമേ, അസത്യത്തിന്നു പരിഭ്രമം സംഭവിക്കുന്നുള്ളു! മനസ്സാക്ഷിയെ മറന്നുകൊണ്ടുള്ള പ്രചാരപ്രവൃത്തികളുടെ പരിപുഷ്ടിസ്ഥിതി, തെററായ വ്യാഖ്യാനങ്ങഠംക്കും, സത്യവിരുദ്ധങ്ങളായ വിവരണങ്ങഠംക്കും, മത്സരങ്ങഠംക്കും സൌകയ്യം വദ്ധിപ്പിക്കുന്നു. ഇടയ്ക്കിടയ്ക്കു്, ഉചിതമായ മരുന്നുകൊടുത്തു്, അതു സമുദായാന്തരംഗത്തെ വ്യാമോഹപ്പെടുത്തി, എന്നും പാട്ടിൽ വെച്ചുകൊണ്ടിരിക്കുന്നു! നല്ല നിറപ്പകിട്ടുള്ള സ്ഫടികപ്പാത്രങ്ങളിലാക്കി, "സദാചാരസമ്പൂണ്ണം", "ദൈവികം", "ആത്മീയം", "സ്വദേശാഭിമാനസം

വദ്ധകം" എന്നിപ്രകാരമുള്ള ചില സൂചനക്കുറിപ്പുകൾ (ലേബൽ) ഒട്ടിച്ചിട്ടുള്ള 'ദിവ്യൌഷധ'ങ്ങൾ, തരംപോലെ, മാത്രകൾ തെററാതെ, നല്കപ്പെടുന്നതുകൊണ്ടു്, സമുദായത്തിൻെറ ദൃഷ്ടി, എന്നും അന്ധവും, തലച്ചോറു് വിവേകശൂന്യവും, ഹൃദയം നിർജ്ജീവവും ആയി ഭവിക്കുന്നതേയുള്ളു!! യഥാർത്ഥത്തിൽ, മനുഷ്യൻെറ ഉൽകൃഷ്ടമായ അംശത്തിൽനിന്നു് പുറപ്പെടുന്ന പരമപരിശുദ്ധങ്ങളായ സാന്മാർഗ്ഗികപ്രേരണകളെ തരംപോലെ അമർത്തുവാനും, അടക്കിയൊതുക്കുവാനും ഇക്കാലത്തു് സാധിക്കുന്നതുകൊണ്ടു്, നീചവാസനകളുടെയും, നികൃഷ്ടശക്തികളുടെയും, വ്യാപാരങ്ങളെ വദ്ധിപ്പിക്കുവാൻ മനുഷ്യൻ അധികം സമർത്ഥനും, പ്രാപ്തനും ആയിത്തീർന്നിട്ടുണ്ടു്! ഇന്നത്തെ ഈ "ശക്തിപൂജ"യും, 'ധനാർത്തി'യും നിമിത്തം, മനുഷ്യൻ, ഏറക്കുറെ, ആദിമകാലത്തിലെ അപരിഷ്കൃതാവസ്ഥയിലേയ്ക്കുതന്നെ തിരിച്ചെത്തിയിരിക്കുന്നു; എന്നാൽ, അന്നത്തെ അപരിഷ്കൃതാവസ്ഥ, കേവലം ബാഹ്യവും, ബുദ്ധിശൂന്യവും ആയ ഒരു സാധാരണ ജീവിതത്തിൻെറ അകൃത്രിമാവസ്ഥയായിരുന്നു. അന്നും, ബാഹ്യങ്ങളായ അലങ്കാരങ്ങളിലും, കെട്ടുപാടുകളിലും വളരെ കുഴപ്പങ്ങൾ ഉണ്ടായിരുന്നതായി കാണപ്പെട്ടേയ്ക്കാം. എന്നാൽ, അതിന്നൊന്നും, അടിസ്ഥാനമായൊ, അവലംബനമായൊ, സഹായമായൊ യാതൊരു ധർമ്മബോധമോ, സദാചാരബു

ഢിയോ പ്രവത്തിച്ചിരുന്നില്ല. ഇന്നത്തെ ഈ അംപരിഷ്കൃതാവസ്ഥയോ ? അതു വദ്ധിച്ച ബുദ്ധിശക്തിയുടെ ഭയജനകമായ ഊഷ്മാവുകൊണ്ടു സന്തപ്തമാകുന്ന വലിയ പേരുകളാൽ സ്തുതിക്കപ്പെടുന്നതാകുന്നു.

---

ടാഗോറിന്റെ ഒരു ലേഖനത്തിന്റെ വിവത്തനം.

## മനഃശല്യം

ആരോഗ്യത്തേയും, ആയുസ്സിനേയും ഹനിക്കുന്നതായ 'മനശ്ശല്യം', മാനവവംശത്തിന്നു പരക്കെയുള്ള ഒരു ശാപമോ, ഭാവമോ ആകുന്നു. "മനസ്സാണൊരുവന്നു നരകം സ്വൎഗ്ഗമെന്നുള്ളതെല്ലാം" എന്നു്, എത്രയോകാലം മുമ്പുമുതല്ക്കു്, എത്രയോ ആയിരം ആളുകൾ പറഞ്ഞുവന്നിട്ടുള്ളതാണു്. എങ്കിലും, മനസ്സുകൊണ്ടു സ്വൎഗ്ഗംതീൎത്തു്, നരകത്തെ നീക്കിനിൎത്തുവാൻ, നിരന്തരമായി സാധിച്ചിട്ടുള്ളവർ ആരുമില്ലെന്നു നിരാക്ഷേപമാണു്. മനസ്സിന്റെ തരളതയ്ക്കു് തരഭേദങ്ങളുണ്ടാകാമെങ്കിലും, അതൊട്ടുമില്ലാത്ത ഒരു മനസ്സുമില്ലെന്നുവേണം വിചാരിക്കുവാൻ. "കാല

പൊറവു എന്നു കേൾക്കുമ്പോഴേക്കും കയറെടുക്കുന്ന"വരെയും, 'ആകാശം ഇടിഞ്ഞുവീണു' എന്നു കേട്ടാൽ, വണ്ണാൻ വാഴ വെട്ടി തുണ്ടുകൊട്ടുകവാൻ കല്പിക്കുന്നവരെയും, 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങാ'ത്ത തരക്കാരെയും, എലിയോ പുലിയോ ഊറാമ്പുലിയോ എന്നറിയാതെതന്നെ, ആധിപൂണ്ടലറുന്നവരെയും സാധാരണ കാണാവുന്നതാണു്! ഒന്നുമില്ലെങ്കിലും, എന്തെങ്കിലും വെറുതെ വിചാരിച്ചു്, വ്യസനിക്കുന്നവരും അപൂർവ്വമല്ല. ചുരുക്കത്തിൽ മനസ്സിനെ ശല്യപ്പെടുത്താതെ, അഭേദ്യമായ സമാധാനത്തോടുകൂടി വർത്തിക്കുന്നവർ എത്രയോ ചുരുക്കമാകുന്നു. മനസ്സുറപ്പാണു വേണ്ടതെന്നു് എല്ലാവർക്കുമറിയാം. ഇത്ര ഉറപ്പില്ലാത്തതും, ഉറപ്പിച്ചു നിർത്തുവാൻ സാധിക്കാത്തതുമായ മറെറാന്നുമില്ലെന്നുള്ളതാണു് എല്ലാവരുടെയും അനുഭവവും.

"മാത്രാസ്പർശാസ്തു കൌന്തേയ, ശീതോഷ്ണസുഖദുഖദാഃ ആഗമാപായിനോ$f$നിത്യാ, സ്താംസ്തിതിക്ഷസ്വ ഭാരത", എന്നു്, ഭഗവാൻ അർജ്ജുനനെ സമാധാനിപ്പിക്കുന്നേടത്തും, "സഹിച്ചോളൂ" എന്നല്ലാതെ, മറെറാരു അനുഗ്രഹവാക്കും പറഞ്ഞുകാണുന്നില്ല. "ചഞ്ചലം ഹി മനഃകൃഷ്ണ, പ്രമാഥി ബലവദ് ദൃഢം" എന്നു പരിഭ്രമിക്കുന്ന അർജ്ജുനനെ, ശ്രീകൃഷ്ണൻ ആശ്വസിപ്പിക്കുന്നതും, ഒരു മരുന്നും മന്ത്രവും ഉപദേശിച്ചിട്ടല്ല, മനസ്സിനെ പിടിച്ചുനിർത്തുവാൻ പരിശ്രമിച്ചു പഠിക്കുക എന്നു നിർബ്ബന്ധിച്ചിട്ടാണു്! "അഭ്യാസേനതു കൌന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ". എ

ന്നാൽ, അതു സാധിക്കുമോ, എന്നാണെങ്കിൽ, അത്രയും സാധിച്ചിട്ടുള്ളവർ അനേകമുണ്ടു്. ചിലക്കു പ്രകൃത്യാ തന്നെ അതിനുള്ള ശക്തിയുണ്ടു്. ചിലർ, പരിചയംകൊണ്ടതു സമ്പാദിച്ചിട്ടുണ്ടു്. മററു ചിലർ, ഗത്യന്തരമില്ലാതെ, നൈരാശ്യത്തിൻെറ കാഠ്ശ്യത്തിൽ അപ്രകാരമായിത്തീൎന്നവരുണ്ടു്. മനഃപ്രസാദം, മനോനിശ്ചയം, മനോധൈൎയ്യം, മനസ്സിൻെറ ക്രുസലില്ലായ്മ എന്നിങ്ങനെ പല വിധത്തിലും, ആ പ്രവണതയെ പ്രകീൎത്തിക്കാവുന്നതാണു്. അതിൻെറ അല്പമെങ്കിലുമില്ലാതെ, സമ്പാദിക്കാതെ, അക്ഷോഭ്യമായ ഒരു സമാധാനജീവിതം നയിക്കുന്നതിനു സാധിക്കുന്നതല്ല. "കോപം, വാശി, കുശുമ്പസൂയ" മുതലായവ പലതും, മനസ്സിനു്, അവശ്യം വേണ്ടതായ ഈ അക്ഷോഭ്യതയുടെ അഭാവത്തിലുണ്ടാകുന്ന വികൃതഭാവങ്ങളാകുന്നു. 'ഒന്നല്ലെങ്കിൽ ഒന്നു്, എപ്പോഴും, മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നു', എന്നുള്ള ആവലാതി, ആവൎത്തിക്കാത്തവരെ കാണുവാൻ പ്രയാസമാണു്. ചിലർ അതിനെ യോഗം, പ്രാരാബ്ധം എന്നൊക്കെ പഴിക്കയും ചെയ്യുന്നു.

മനസ്സിനകത്തു പതുങ്ങിക്കൂടി, ദിവാനിശം ശല്യപ്പെടുത്തുന്ന ഈ ശത്രുവിൻെറ ആക്രമത്തിനു വിധേയരാണു് മനുഷ്യരിൽ ബഹുഭൂരിപക്ഷവും. നോക്കിയാൽ കാണുകയില്ല, ഭൂതക്കണ്ണാടിക്കും വിധേയമല്ല, എന്നാൽ, അകത്തിരുന്നു്, 'കരണ്ടുതിന്നു്', ശരീരനാശത്തെക്കൂടി വരുത്തിവെക്കുന്ന ഒരു ഭയങ്കര ശത്രുവാകുന്നു മനഃശല്യം, എന്നു

പറയുന്നതു്. ഏതു രോഗാണുക്കളേയും പോഷിപ്പിക്കുന്നതിനുള്ള ശക്തി അതിനുണ്ടു്. എന്നുവെച്ചാൽ, മനസ്സമാധാനമില്ലാത്തവരെ, ഏതു രോഗവും എളുപ്പത്തിൽ ബാധിക്കുകയും, ബാധിച്ചാൽ വർദ്ധിക്കുകയും ചെയ്യുമെന്നു താല്പര്യം. 'ശങ്കാവിഷം' എന്നൊന്നിനെക്കുറിച്ചു പലരും കേട്ടിരിക്കും. യഥാർത്ഥത്തിൽ ആ വിഷത്തിനു്,—പരമാർത്ഥത്തിൽ ഇല്ലാത്തതായ ആ വിഷത്തിനു്,—മറേറതു തരം വിഷത്തിനേക്കാളും നശീകരണശക്തി കൂടും! ആ 'ശങ്കാവിഷം', ഈ 'മനഃശല്യ'ത്തിൻെറ മറെറാരു രൂപം മാത്രമാകുന്നു!

ഇങ്ങിനെ വിഷഹാരികളെ വിഷമിപ്പിക്കുന്നതും, മരുന്നുകൾക്കു മാററുവാൻ സാധിക്കാത്തതുമായ ഈ സുഖക്കേടു് സ്വയം ചികിത്സിച്ചു നിഷ്പ്രയാസം മാററാവുന്നതും അപ്രകാരമല്ലാതെ മാററുവാൻ പററാത്തതുമാകുന്നു! അതാണതിൻെറ അത്ഭുതചരിത്രവും, മോഹന ചിത്രവും. കാരണം, മനഃശല്യത്തിൻെറ ബീജങ്ങൾ ബാഹ്യങ്ങളല്ല, കേവലം ആന്തരീയങ്ങളാകുന്നു. അതിനെ കണ്ടുപിടിക്കയും പെറുക്കിയെടുക്കുകയും, വലിച്ചുകളയുകയും ചെയ്യുന്നതിനു് അവരവർക്കല്ലാതെ അന്യന്മാർക്കു സാദ്ധ്യമല്ല. എന്നാൽ, മാനസികതത്വശാസ്ത്രജ്ഞന്മാരുടെ ചില പൊടിക്കൈകൾ കൈകണ്ട മരുന്നുകളായി കണ്ടിട്ടുമുണ്ടു്. നമ്മുടെ വിചാരഗതികളുടെ നിയന്ത്രണം നേർവഴിക്കാക്കണം, അതാണു്, അഥവാ, അതു മാത്രമാണു് മനഃശല്യത്തിനുള്ള മാററമ്പു്. തണുപ്പുരാജ്യങ്ങളിൽ 'ബ്ലാങ്കററു' പുതയ്ക്കും, നെരിപ്പോടു

പയോഗിക്കും. അങ്ങിനെ തണുപ്പിനെ ഇല്ലാതാക്കുകയല്ല, അതിൻെറ ശക്തിയെ ലഘൂകരിക്കയും തൽസ്ഥാനത്തു ചൂടിനെ സംജാതമാക്കുകയും ചെയ്യാറുള്ളതുപോലെ മനസ്സിനകത്തിരുന്നു് മനസ്സിനെ അലട്ടുകയും, ശല്യപ്പെടുത്തുകയും ചെയ്യുന്ന ദുർവിചാരങ്ങളെ, ദുശ്ചിന്തകളെ, ദുർമ്മോഹങ്ങളെ, ഭയസംശയാദികളെ തീരെ മാററിക്കളയാൻ സാധിച്ചില്ലെങ്കിലും അവയുടെ സ്ഥാനത്തു സാത്വികവിചാരങ്ങളേയും സമാധാന ഭാവങ്ങളേയും 'പുരയ്ക്കുമീതേ വെള്ളം വന്നാൽ അതുക്കുമീതെ തോണി' എന്ന ധൈര്യഭാവത്തേയും കടത്തിവിട്ടു ശത്രുക്കളുടെ ശക്തി കുറയ്ക്കുവാനും ശാന്തി സമ്പാദിക്കുവാനും സാധിക്കുന്നതായിരിക്കും. ഈശ്വരവിശ്വാസവും സദാചാരബോധവും അതിനു വളരെ സഹായകമായിരിക്കുമെന്നു പറയുന്നതു വിശ്വസിക്കുവാൻ മനസ്സുള്ളവർമാത്രം വിശ്വസിച്ചാൽ മതി. 'അഹങ്കാരവിമൂഢാത്മാ കർത്താഹമിതി മന്യതേ' എന്ന നിലവിട്ടു 'നിമിത്തമാത്രം ഭവ സവ്യസാചിൻ' എന്ന ഭാവം കൈക്കൊള്ളാമെങ്കിൽ മനഃശല്യങ്ങൾ മിക്കവാറും മുഴവനും ആമപ്പുറത്തു് എററുന്ന കല്ലെന്നപോലെ ഏശാതെ തെറിച്ചുപോകയേയുള്ളു. വെട്ടുകൾ അനിവാര്യങ്ങളാണെങ്കിൽ, വെട്ടേൽക്കാതെ കഴിക്കുന്നതിനു വേണ്ട 'പരിചകൾ' കയ്യിലുണ്ടായിരിക്കയും, തടുക്കുവാൻ പഠിച്ചിരിക്കയും വേണമല്ലൊ.

അധൈര്യത്തിൻെറ അനുഭവമാണു മനശ്ശല്യം. അധൈര്യമാകട്ടെ, ഒന്നുകിൽ അജ്ഞതയുടെ, അല്ലെങ്കിൽ, അഹങ്കാരത്തിൻെറ, അതുമല്ലെങ്കിൽ, അതിമോഹത്തി

ന്റെ മുൻഗാമിയോ, പിൻഗാമിയോ, സഹഗാമിയോ ആകുന്നു! മേൽപറഞ്ഞവയൊക്കെ, ഒരുതരത്തിൽ മനുഷ്യനെ ബലഹീനനാക്കുന്നു, സാത്വികമായ ഭാവത്തിൽ; അല്ലാത്തപക്ഷം, അവനെ ക്രൂരനും, കൎക്കശനുമാക്കുന്നു, ലൌകികഭാവത്തിൽ ആ ബലഹീനതയും, കൎക്കശത്വവും, രണ്ടും, മനസ്സമാധാനത്തെ പമ്പകടത്തിവിടുന്നു. അതിൽ വ്യത്യാസം ഇത്രമാത്രം; സാത്വികൻ സഹതാപത്തേയും, കൎക്കശൻ തക്ക ശിക്ഷയേയും, അൎഹിക്കുന്നു! മഹാന്മാരായി മൺമറഞ്ഞിട്ടുള്ള പലരും, മനഃശല്യത്തോടു മല്ലടിക്കേണ്ടി വന്നിട്ടുള്ളവരാണ്; മല്ലടിച്ചു മരിക്കേണ്ടി വന്നിട്ടുള്ളവരും, മല്ലടിച്ചു ജയിച്ചിട്ടുള്ളവരുമുണ്ടു് അവരുടെ കൂട്ടത്തിൽ. എന്നാൽ, ഒരു വസ്തുത കാലേക്കൂട്ടി അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ടു്. "മനഃശല്യം" എന്ന ശബ്ദംകൊണ്ടു തന്നെ, അതു് 'മനസ്സി'നെ സംബന്ധിച്ചതെന്നു തെളിയുന്നു. മനസ്സ് എന്നു പറയുന്നതു് എന്താണ്, എവിടെയാണ് എന്നൊന്നും, ഇന്നോളവും ആൎക്കും നിരാക്ഷേപമായി നിൎണ്ണയപ്പെടുത്തി പറയാൻ സാധിച്ചിട്ടില്ലെങ്കിലും; അതു് 'ഹൃദയസംബന്ധി'യാണെന്നു സുവിദിതമാണ്. അപ്പോൾ 'ഹൃദയശൂന്യത' എന്ന സാംക്രമികരോഗം പടൎന്നുപിടിച്ചിരിക്കുന്ന ഈ ജനകീയരാഷ്ട്രീയയുഗത്തിൽ, 'ഹൃദയമില്ലാത്തവർ' ധാരാളമുള്ളതുകൊണ്ടു് ഹൃദയശൂന്യന്മാൎക്ക് മനഃശല്യം ഉണ്ടായില്ലെന്നുവരാം! 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ' എന്നു് ശ്രീ ക്രിസ്തു പറഞ്ഞതും, അങ്ങിനെ

യുള്ളവരെപ്പററിയല്ല. അവർ, ദൈവത്തെ അറിയുകയു മില്ല, കാണുകയുമില്ല.

ലോകപ്രസിദ്ധനായിത്തീൎന്ന ഒരു പ്രസംഗപ്രവീണ ന് തുടക്കത്തിലുണ്ടായ മന:ശല്യത്തിന്റെ ഒരു ചരിത്രം അദ്ദേഹംതന്നെ എഴുതിയിട്ടുണ്ട്. "പ്രസംഗം എഴുതി മന: പാഠമാക്കി ഉരുവിട്ടു്, സ്വകാൎയ്യമായി പ്രസംഗിച്ചുനോ ക്കി. എല്ലാം ബഹുതൃപ്തിയായി. എന്നിട്ടും, പ്രസംഗമഞ്ച ത്തിൽ കയറിനിന്നപ്പോൾ കാലുകൾ വിറച്ചു, ദേഹമാസ കലം വിയൎത്തു, കണ്ണുകൾക്കു കാഴ്ചമങ്ങി, ഹൃദയസ്പന്ദന ത്തിന്റെ ഗതി വൎദ്ധിച്ചു, അതിന്റെ ശബ്ദം തന്റെ ചെ വികൾക്കു കേൾക്കമാറായി! തൊണ്ട വരണ്ടു, നാവു കുഴ ഞ്ഞു, വാക്കു വന്നില്ല, ശബ്ദം പൊന്തിയില്ല. അങ്ങിനെ യൊക്കെ വന്നേക്കുമോ എന്നു്, ഞാൻ ആ പ്രസംഗം ഏററ നാൾമുതൽ ഭയപ്പെട്ടുകൊണ്ടിരുന്നതാണു്; ആ ഭയം എന്നെ രാപ്പകൽ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഒടുവിൽ, പിന്തിരിഞ്ഞു് ഇറങ്ങിപ്പോരുകയോ, രണ്ടും കല്പി ച്ചു് പ്രസംഗത്തിനു മുതിരുകയോ എന്താണു വേണ്ടതെ ന്നുള്ള ആലോചനയിൽ, അല്പനിമിഷത്തിനുള്ളിൽ എനി ക്കൊരു ഭൂതോദയമുണ്ടായി. ഞാൻ പ്രസംഗിച്ചതു നന്നാ യില്ലെങ്കിൽ വേണ്ടാ, ആൎക്കു ചേതം? അതുകൊണ്ടു് ആ കാശം ഇടിഞ്ഞുവീഴാൻ പോകുന്നുണ്ടോ. എന്റെ മുമ്പി ലിരിക്കുന്നവരൊക്കെ എന്നെക്കാൾ തികഞ്ഞ മണ്ടന്മാരാ യിരിക്കും. അല്ലെങ്കിൽ അവരെന്റെ പ്രസംഗത്തിനു വരു മായിരുന്നോ. വന്നതു വന്നു. വരുന്നതു വരട്ടെ, എന്നുറച്ചു

കൊണ്ടു് "മഹതികളേ, മഹാന്മാരേ!" എന്നൊരൊററ വീക്കം പ്രസംഗിക്കലും! എല്ലാം പൊടിപൊടിച്ചു. ഞാൻ വ്യസനിച്ചതും, മനഃശല്യമനുഭവിച്ചതും എല്ലാം വെറുതെ, ഒരാവശ്യവും കാരണവും കൂടാതെ. അങ്ങനെ, ആവശ്യവും കാരണവും കൂടാതെ മനഃശല്യമനുഭവിക്കുന്നവരാണു് നമ്മിൽ പലരും!

മനഃശല്യം ബലഹീനതയുടെ ഒരു ഛായയോടുകൂടിയതാണെന്നു മുമ്പു് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിൽനിന്നു് അനുമേയമായിരിക്കുന്നതു് മനസ്സിനു കളങ്കവും, കന്മഷവും, കക്ശതവും കലരാത്തവരായിരിക്കും, മനഃശല്യം അധികമനുഭവിക്കുന്നതു് എന്നാകുന്നു. അതു മിക്കവാറും ശരിയാണു്. 'ഹൃദയശൂന്യന്മാർക്കു്', മനസ്സിൻെറയെന്നു വേണ്ടാ, ഒന്നിൻെറയും "ശല്യം" ഉണ്ടായിരിക്കുന്നതല്ല. സഹൃദയത്വം, സാഹിത്യാദികളിൽ തന്മയീഭാവം, സ്നേഹമസൃണമായ ദീനദയാലുത്വം എന്നുതുടങ്ങിയ ചില വിശിഷ്ടഗുണങ്ങൾക്കു വിളനിലങ്ങളായിട്ടുള്ളവരൊക്കെ, പ്രായേണ അവരുടെ മനസ്സിൻെറ സ്വകീയമായ തരളതയാൽ, മനഃശല്യം കൂടുതൽ അനുഭവിക്കുന്നവരായിരിക്കും. ഒരു വേടൻ പതിവുപോലെ, ഒരു പക്ഷിയെ അവൻെറ തീററയ്ക്കുവേണ്ടി അമ്പെയ്തുവീഴ്ത്തിയപ്പോൾ, മനസ്സിളകി, ശ്ലോകരൂപത്തിൽ ശാപവാക്യമുച്ചരിച്ചുപോയ വാല്മീകിമഹർഷിയുടെ ആ ഹൃദയതരളത, ഒരു സാമാന്യ സാധാരണനിയമമായിരുന്നു എങ്കിൽ ലോകത്തിൻെറ സ്ഥിതി എന്താകുമായിരുന്നു!

## II

ഇനി നമുക്കു കുറേക്കൂടി കീഴ്പോട്ടിറങ്ങി, നമ്മുടെ നിത്യങ്ങളായ മനഃശല്യങ്ങളുടെയും, അവയെ വരുത്തിവയ്ക്കുന്ന വസ്തുസ്ഥിതികളുടെയും ഒരു "സർവ്വേ സെററിൽമെൻറ്" നടത്തിനോക്കുക, അവയ്ക്കു നാമരൂപങ്ങൾ കൊടുത്തു "റിക്കാർഡാക്കു"വാൻ ശ്രമിക്കുമ്പോൾ കാണാം, അവയിൽ ഭൂരിഭാഗവും, അസത്യങ്ങളും അയഥാർത്ഥങ്ങളും, അബദ്ധങ്ങളും, അടിസ്ഥാനരഹിതങ്ങളും, സഭ്യേതരങ്ങളും മററുമാകുന്നു എന്നു്!

നമ്മുടെ മനസ്സിനെ അസ്വാസ്ഥമാക്കുന്ന വിഷയങ്ങളെ, വിവേകപൂർവ്വം തരംതിരിക്കുന്നപക്ഷം, അവയിൽ, ഒരു നാല്പതു ശതമാനമെങ്കിലും, ഒരിക്കലും സംഭവിക്കാൻ പോകുന്നില്ലാത്ത കാൎയ്യങ്ങളെക്കുറിച്ചുള്ളവയായിരിക്കും! നല്ല ഒരു ശതമാനം, സംഭവിച്ചുകഴിഞ്ഞതും, ഇനി വിചാരിച്ചിട്ടോ, വ്യസനിച്ചിട്ടോ യാതൊരു ഫലവുമില്ലാത്തവയുമായിരിക്കും. സാങ്കല്പികങ്ങളായ അനാരോഗ്യാവസ്ഥകൾ, നിസ്സാരങ്ങളായ ചില തൽക്കാല അസൗകൎയ്യങ്ങൾ, ഇങ്ങനെ പോകുന്നു, മനഃശല്യങ്ങൾക്കുള്ള കാരണങ്ങൾ. ആകപ്പാടെ നോക്കിയാൽ, വല്ലതും ഒരു പത്തു ശതമാനമെങ്ങാനും സമാധാനക്കേടിനെ ന്യായീകരിക്കുന്നതായിക്കണ്ടെന്നുവരാം. ഇല്ലാത്തതിനേക്കുറിച്ചും, വേണ്ടാത്തതിനേപ്പററിയും മററും വെറുതേ വ്യസനിക്കുന്നതിനു് മനുഷ്യൻ ഭ്രാന്തനാണോ എന്നു പെട്ടെന്നു ചോദിച്ചുപോയേക്കാം.

"അതേ" എന്നുത്തരം പറയുന്നില്ലെങ്കിലും, "അല്ലേ" എന്നാലോചിക്കുന്നതു നന്നായിരിക്കും!

ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം. ഒരിക്കൽ ഞാനൊരു സ്നേഹിതനെക്കാണാൻ ചെന്നപ്പോൾ അയാൾ, 'കീരിയെക്കൊന്ന ബ്രാഹ്മണി'യുടെ മുഖഭാവത്തോടുകൂടി വിഷാദിച്ചും, വിഷമിച്ചും വസിക്കുകയായിരുന്നു. 'ഉം, എന്തുപററി' എന്നുള്ള എൻെറ അന്വേഷണത്തിനു ലഭിച്ച മറുപടിയിൽ, അന്നത്തെ വണ്ടിക്കു വരുമെന്നു വെച്ചിരുന്ന മകൻ, വണ്ടി പോയിട്ട് ഒരു മണിക്കൂറുകഴിഞ്ഞിട്ടും വന്നുകാണാഞ്ഞതിനാൽ, അയാൾക്ക് എന്തു സംഭവിച്ചിരിക്കുമെന്നു വിചാരിച്ചു വ്യസനിച്ചിരിക്കുകയാണെന്നു മനസ്സിലായി. 'ഇതെന്തു വിഡ്ഢിത്തമാണ്. അയാൾ നിശ്ചയിച്ചവിധം പുറപ്പെട്ടിരിക്കയില്ല; അവിചാരിതമായി മദിരാശിയിലെങ്ങാനും തങ്ങേണ്ടിവന്നിട്ടുണ്ടാവാം; ഇവിടെ വണ്ടിയിറങ്ങിയപ്പോൾതന്നെ, പഴയ വല്ല സ്നേഹിതന്മാരെയും കണ്ടെത്തി കുശലപ്രശ്നംചെയ്തും മററും സമയം വൈകിയതാവാം. എന്താണെന്നു തീർച്ചയാകുന്നതിനുമുമ്പിൽ, അങ്ങനെയെന്തെങ്കിലും സംഭവിക്കാമെന്നിരിക്കെ, വെറുതെ വിചാരിച്ചും വിഷാദിച്ചും മനസ്സു പുണ്ണാക്കുകയോ?' എന്നുതുടങ്ങി ഞാനൊരു നീണ്ട പ്രസംഗം തട്ടിമൂളിച്ചു. അതു കേട്ടപ്പോൾ അയാൾക്കല്പം സമാധാനമായി. അര മണിക്കൂറുകൂടി കഴിഞ്ഞപ്പോൾ, മകനും എത്തിച്ചേർന്നു. അയാൾക്ക് അടിയന്തിരമായി ഒരു കമ്പി കൊടുക്കേവാനുണ്ടായിരുന്നു. അതിന് കമ്പിയാപ്പീസിൽപോയി, ആ

പണി കഴിച്ചാണ് വീട്ടിലേയ്ക്കു വന്നതു്. അതുകൊണ്ടു ണ്ടായതായിരുന്നു താമസം. ഇതുപോലെയുള്ള മനഃശല്യങ്ങളെ, വകതിരിവുകൂടാതെ വെറുതെ വിളിച്ചുവരുത്തി സൽക്കരിച്ചിരുത്തി ദുഖിക്കുന്നവരെത്രയുണ്ട്? വളരെയധികമുണ്ടായിരിക്കും.

ഷോടതിയിൽ നറുക്കു ചേൻറിരുന്നതു കിട്ടാതെപോയതുകൊണ്ടും, സ്നേഹിതന്മാരിൽ ഒരാൾക്കു നറുക്കു കിട്ടിപ്പോയതുകൊണ്ടും, അങ്ങനെ ആത്തിക്കും അസൂയക്കും വശദന്മാരായി, മനസ്സിനെ ശല്യപ്പെടുത്തി, ശാന്തിസമാധാനങ്ങളെയും, കുടുംബജീവിതഭദ്രതയെത്തന്നെയും നശിപ്പിച്ചുകളയുന്ന വിചാരശൂന്യന്മാരെവിടെയാണില്ലാത്തതു്?

'അമ്മായി, അമ്മാമനായിരുന്നെങ്കിൽ അരമുഴം മീശയുണ്ടാകുമായിരുന്നു', എന്നതരത്തിലുള്ള കേവലസങ്കല്പങ്ങളുടെ സൗധങ്ങളെ നിമ്മിച്ച്, ചുമ്മാതെ അവയിൽ കയറി മറിഞ്ഞുവീണ് മനം തകർന്നു കഷ്ടപ്പെടുന്നവരെയും നമ്മുടെ ചുററും കാണാവുന്നതാണു്. 'താനൊരു ദീനക്കാരനാണെ'ന്നുള്ള ധാരണയാൽ—മിക്കപ്പോഴും അബദ്ധമായ ധാരണയാൽ—'ഒരു സുഖവുമില്ലാതെ' ആയുഷ്ക്കാലം മുഴവനും അസംതൃപ്തിയോടുകൂടി കഴിയേണ്ടിവരുന്ന നിർഭാഗ്യവാന്മാരെക്കുറിച്ചു വ്യസനിക്കുകയേ നിവ്വാഹമുള്ളു. ശ്വാസകോശങ്ങളിൽ ഒന്നു നിർജ്ജീവമായി, ഹൃദയത്തിനു പതുക്കെ ഒരു സ്ഥലംമാററംതന്നെ സംഭവിച്ചിരിക്കുന്നു, എന്നിപ്രകാരം പല ഭ്രാന്തും പറഞ്ഞുകൊണ്ടു് നിത്യേന ഡോക്ട

രെക്കൊണ്ടു് പരിശോധന നടത്തിക്കുന്ന ഒരു വലിയ ഉദ്യോഗസ്ഥൻതന്നെ എൻെറ പരിചയക്കാരുടെ കൂട്ടത്തിലുണ്ടായിരുന്നു! കുട്ടികളിൽ ചിലരുടെ പഠിപ്പുകാൎയ്യം, ജാമാതാക്കളിൽ ചിലരുടെ ഉദ്യോഗക്കയററക്കാൎയ്യം, പാട്ടക്കാരൻ പാപ്പരായാൽ പററാവുന്ന നഷ്ടക്കാൎയ്യം, ഭാൎയ്യയ്ക്കൊന്നും തന്നോടുള്ള പ്രേമത്തിനു കുറവു വന്നുപോയാൽ അനുഭവിക്കേണ്ടിവരുന്ന മററ കാൎയ്യം, ഇപ്രകാരം ഇല്ലാത്തതും ഉണ്ടാവാത്തതും, തന്നെ ബാധിക്കാത്തതും താൻ വിചാരിച്ചാൽ നിവൎത്തിക്കാൻ വയ്യാത്തതുമായ ഓരോന്നിനെക്കുറിച്ചു് ചിന്തിച്ചുചിന്തിച്ചു രുചിക്ഷയവും ഉറക്കമില്ലായ്മയും വയ്യായ്മയും വയ്യാവേലികളും വരുത്തിവെക്കുന്നവർ വളരെയധികമുണ്ടു്.

'ചുമ്മാതിരുന്ന ചുണ്ടത്തു ചുണ്ണാമ്പുവെച്ചു പുളകിച്ചു' എന്നു പറയുന്നപോലെ 'വഴിയേ പോകുന്ന ആപത്തുകളെ വിളിച്ചുവരുത്തുന്നു' പതിവനുസരിച്ചു്, 'ഡോൺക്വിക്സോട്ടി'ലെ സുപ്രസിദ്ധ കഥാപാത്രമായ 'സാൻകോപാസ'യെ അനുകരിച്ചുകൊണ്ടു് ഇല്ലാത്ത ശത്രുക്കളെ സ്വയം നിൎമ്മിച്ചു് യുദ്ധംചെയ്തു തോററും. തോല്പിച്ചും കഷ്ടപ്പെടുന്നവരെ, കയറിനെ പാമ്പെന്നു ധരിച്ചു ഭയപ്പെട്ടോടി മറിഞ്ഞുവീണു താടിപൊട്ടിച്ചു പല്ലു കളഞ്ഞവരുടെ കൂട്ടത്തിൽ ചേൎക്കുകയാകുന്നു നല്ലതു്. പലപ്പോഴും പത്തുരൂപ്പികയുടെ മുട്ടും, വീട്ടുകാൎയ്യങ്ങളിൽ ചില നഷ്ടവും, സ്വജനങ്ങളുടെ സംഗതികളിൽ അല്പസ്വല്പം ഇച്ഛാഭംഗങ്ങളും സാധാരണ സംഭവ്യങ്ങളാണു്. അവയെ, 'മാത്രാസ്പൎശാസ്തു

കൗന്തേയാ' എന്ന ശ്ലോകാൎത്ഥമനുസരിച്ച്, അവ വന്നു കൊണ്ടും പോയിക്കൊണ്ടും ഇരിക്കുന്ന അനിത്യവസ്തുക്കളാണെന്നും, മനസ്സിൻെറ 'ഒട്ടൽ' അനുസരിച്ചാണ്, അവ ദുഃഖകരങ്ങളായി ഭവിക്കുന്നതെന്നും മനസ്സിലാക്കി, മനസ്സിനെ അടക്കി, ശല്യങ്ങളെ നീക്കിനിൎത്തുകയേ ആൎക്കായാലും ഗതിയുള്ളു.

ആവശ്യങ്ങളേയും, ആഗ്രഹങ്ങളേയും ആവുന്നത്ര കുറച്ചുകുറച്ചു കൊണ്ടുവരുന്നതാണ്, മനസ്സിനെ ശല്യബാധയിൽനിന്നു ക്രമേണ വിമുക്തമാക്കുന്നതിനുള്ള, വിശുദ്ധമായ മാൎഗ്ഗം. 'തോറിയോ', 'സോക്രട്ടീസ്' എന്ന രണ്ടു പാശ്ചാത്യമഹാത്മാക്കളും നിൎദ്ദേശിച്ച ചികിത്സയും അതാകുന്നു. ഭാരതത്തിലെ ഋഷീശ്വരന്മാർ, അവൎക്കും എത്രയോ മുമ്പുതന്നെ 'വൈരാഗ്യം' എന്ന വിശുദ്ധമന്ത്രത്താൽ, അതേ ഔഷധത്തിൻെറതന്നെ ഫലശ്രുതി പ്രഖ്യാപനം ചെയ്തിരുന്നു. സംതൃപ്തിയുടെയും, സമ്പൂൎണ്ണമായ മനഃശാന്തിയുടെയും പ്രതിപുരുഷനായി ചിത്രീകരിക്കപ്പെട്ടിട്ടുള്ള ശ്രീ പാക്കനാൎക്ക്, ഒരൊററ മുറിമാത്രമുള്ള ഒരു കുടിലാണ് വീടായുണ്ടായിരുന്നതു്. അദ്ദേഹത്തോടൊരാൾ ചോദിച്ചു, വെയ്ക്കുവാനും, ഉണ്ണുവാനും, കിടക്കുവാനുംകൂടി ഒരു മുറി മാത്രമായാൽ എങ്ങനെയാണു സാധിക്കുക എന്നു്! അദ്ദേഹത്തിൻെറ മറുപടി ഇപ്രകാരമായിരുന്നു:— 'വെയ്ക്കുമ്പോൾ ഉണ്ണുകയില്ല, ഉണ്ണുമ്പോൾ കിടക്കുകയുമില്ല'. തൃപ്തിയാണ് മനസ്സമാധാനത്തിൻെറ നിദാനം. വൈരാഗ്യമാണ് തൃപ്തിയുടെ അടിസ്ഥാനം. ഭോഗൈശ്വൎയ്യങ്ങളുടെ

നിസ്സാരതയും, നശ്വരതയുമാണ് വൈരാഗ്യത്തിന്റെ നീതീകരണം.

'എന്നെപ്പോലെ നിർഭാഗ്യവാനാരുണ്ട്' എന്നു തന്നെത്താൻ വിചാരിക്കുകയും, മററെല്ലാവരും ആ നിലയ്ക്കു തന്നെ കരുതി തന്നോടു സഹതപിക്കയും ചെയ്യണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരുതരക്കാരുണ്ട്. യഥാർത്ഥത്തിൽ, ഓരോ മനുഷ്യനും, ന്യായമായി പറയാവുന്നതോ, പറയാതിരിക്കാവുന്നതോ, പറഞ്ഞാലും പറഞ്ഞില്ലെങ്കിലും, ഫലത്തിൽ വ്യത്യാസം വരാനില്ലാത്തതോ ആയ ഒരു വാക്യമാണ് 'എന്നെപ്പോലെ നിർഭാഗ്യവാനായി ആരുണ്ട്' എന്നുള്ളത്. അതുകേട്ടാൽ ശ്രോതാക്കളായ സ്നേഹിതന്മാർ അതുതന്നെ ഏററുപാടണം! 'അതു ശരിയാണ്. എന്താ ചെയ്യുക? കഷ്ടകാലം; ദുർവിധി' എന്നൊക്കെ ചിലതുരുട്ടിച്ചേർത്ത് ചങ്ങാതിയുടെ 'ദയനീയത'യെ പ്രതിഫലിപ്പിച്ചു കാണിക്കുന്ന കണ്ണാടിയായി വർത്തിക്കുകയും വേണം! എന്നാലേ തൃപ്തിയുള്ളൂ. നേരേമറിച്ച് 'നിങ്ങൾക്കെന്താണിപ്പോഴത്രയ്ക്കൊരു ഭാഗ്യക്കുറവ്? ആൺമക്കൾക്കൊക്കെ വലിയ ഉദ്യോഗം. പെൺമക്കൾക്കൊക്കെ ഒന്നാന്തരം ഭർത്താക്കന്മാർ. നെൽപാട്ടം, പണപ്പാട്ടം, പെൻഷ്യൻ, ഭാര്യയ്ക്കാണെങ്കിൽ ഇന്നും അസ്സൽ ചെറുപ്പം. നിങ്ങൾക്കാണെങ്കിൽ നല്ല ആരോഗ്യം. എന്നിട്ടും ദുർഭാഗ്യം, നിർഭാഗ്യം എന്നൊക്കെ പറഞ്ഞു വ്യസനിക്കയോ' എന്നൊ ങ്ങാനും, ആ സ്നേഹിതൻ നേരു പറഞ്ഞു നേരിടുവാൻ തുനിഞ്ഞുവോ, അങ്കലാപ്പും ആവലാതിയും വർദ്ധിക്കയും,

'പരിഹസിച്ചതു മതി ഹേ!' എന്നു പരുഷം പറയുകയും ചെയ്യും! അത്തരക്കാൎക്കു്, മനഃശല്ല്യം നീക്കി, മനഃസ്വസ്ഥതയുണ്ടാക്കിക്കൊടുക്കുവാൻ ആൎക്കു സാധിക്കും?

ഭാൎയ്യ അല്പം പക്ഷവാതമായിക്കിടപ്പാണെന്നുള്ള തൊഴിച്ചു്, ലോകദൃഷ്ടിയിൽ മറെറാന്നുകൊണ്ടും ഒരു മാററു കുറവുമില്ലാത്ത ഒരു മാന്യൻ—പക്ഷവാതമെന്നുവെച്ചാൽ, ഓടാനും ചാടാനും മററും വയ്യെന്നല്ലാതെ അവനവൻെറ നിത്യവൃത്തികൾ തന്നെത്താൻ നിൎവ്വഹിക്കുന്നതിനു തടസ്സമൊന്നുമില്ലാത്ത ഒരു വാതം മാത്രം—എവിടെച്ചെന്നാലും, ആരേക്കണ്ടാലും പറയുന്നതൊക്കെ തൻെറ ഭാൎയ്യയുടെ ആ കിടപ്പിനെസ്സംബന്ധിച്ചുമാത്രം! ഒരിക്കലെന്നല്ല, എപ്പോൾ കണ്ടാലും, എവിടെവെച്ചുകണ്ടാലും അപരിചിതന്മാരും കൂട്ടത്തിലുണ്ടായാലും! ഒരു ദിവസം ബഹുമാന്യനായ അദ്ദേഹത്തിൻെറ ഒരാത്മമിത്രം, ആവലാതി ദുസ്സഹമായപ്പോൾ ഇപ്രകാരം ചില സാന്ത്വനവാക്യങ്ങൾ പറഞ്ഞു: "സാരമില്ല, സാറെ! അത്യാവശ്യത്തിനൊന്നും അസ്വാധീനമില്ലല്ലോ, വലിയ വേദനകളുമില്ലല്ലോ. കൂടാതെ ഈയിടത്തെ നവരക്കിഴിക്കുശേഷം വളരെ വ്യത്യാസവുമുണ്ടല്ലോ. ക്രമേണ സുഖപ്പെടും. ഈശ്വരനെ പ്രാൎത്ഥിക്കുക. അല്ലാതെ നാമെന്തുചെയ്യും? ഇതിലും എത്രയോ വലിയ ആപത്തുകൾ ഓരോരുത്തൎക്കു സംഭവിക്കുന്നു. എൻെറ കഥതന്നെ നോക്കൂ"—അതയാൾക്കു് ഒട്ടും പിടിച്ചില്ല, സഹിച്ചില്ല! "നിങ്ങൾക്കു വരുമ്പോഴറിയാം; നിങ്ങളെയൊക്കെ ഞാൻ നല്ലവണ്ണം അറിയില്ലേ!!" തുടങ്ങിയ

ല്ലോ പരസ്പരമുള്ള സ്നേഹാദരബന്ധങ്ങളുടെ നീണ്ട ചരിത്രത്തെക്കൂടി മറന്നുകൊണ്ടുള്ള ഒരു ശകാരവർഷംതന്നെ!! അത്തരം മനസ്സുകളിൽനിന്നു, ശല്യങ്ങൾ ഒഴിഞ്ഞുമാറുന്നതാണോ?"

മനസ്സിനെ അസ്വാസ്ഥമാക്കുന്ന സംഗതികളും, സന്ദർഭങ്ങളും, സകലർക്കും സുലഭങ്ങളും, മിക്കവർക്കും അനിവാര്യങ്ങളും ആയിരിക്കും. അവയെ ഇല്ലാതാക്കുന്നതിന് എല്ലാവർക്കും കഴിഞ്ഞു എന്നു വരില്ല. അവയെ എതിരിടുകയും, അംഗീകരിക്കുകയും, പരാജയപ്പെടുത്തുകയും ചെയ്യുന്ന രീതികളും, സമ്പ്രദായങ്ങളുമാണ് ജീവിതത്തിലെ ജയാപജയങ്ങളുടെ മാററുരയ്ക്കുന്നതും, തോതുയർത്തുന്നതും.

ഓരോരുത്തരും അവരവരെ കേന്ദ്രങ്ങളാക്കിക്കല്പിച്ചുകൊണ്ട് ജീവിതവൃത്തങ്ങളെ സമീക്ഷിക്കുന്നതുകൊണ്ടാണിത്രയധികം അസംതൃപ്തികളും അസമാധാനങ്ങളും അനുഭവിക്കുവാൻ ഇടവരുന്നത്. അതായതു് "അഹം" ചിന്തയുടെ കൂട്ടതലാണ്, സകല മാനസിക അസ്വാസ്ഥതകൾക്കും പ്രധാനകാരണം. ആ വൃത്തത്തിൽനിന്നൊഴിഞ്ഞു്, പ്രപഞ്ചവൃത്തത്തിൽ നമുക്കുള്ള സ്ഥാനമെന്താണെന്നു ചിന്തിക്കുന്നപക്ഷം, അഭിമാനാഹ്ളാദികൾക്കല്ലാതെ നിരാശയ്ക്കും, നിത്യദുഃഖത്തിനും ഒരിക്കലും കാരണം കാണുന്നതല്ല. ആ വീക്ഷണഗതി സമ്പാദിക്കുവാനാണു മനുഷ്യൻ പഠിക്കേണ്ടതു്. വിമാനത്തിൽ കയറി വിഹരിക്കുന്നവരെ നോക്കി കണ്ണുകടിയോടുകൂടി കരൾ വേദനിപ്പിക്കാതെ,

നടക്കാനുംകൂടി നിവൃത്തിയില്ലാത്തവരായി ചന്തസ്ഥലങ്ങളിൽ കിടന്നു നരകിക്കുന്നവരെ നോക്കി മനസ്സിനെ സമാധാനപ്പെടുത്തുന്നതിനുള്ള പഠിപ്പാകുന്നു മനസ്വാസ്ഥതവേണമെന്നുള്ളവർ സമ്പാദിക്കേണ്ടതു്. അതോടുകൂടി പ്രവൃത്തിനിരതന്മാരായി ലോകകല്ല്യാണാൎത്ഥം, നിസ്വാൎത്ഥമായ സേവനങ്ങളെ അനുഷ്ഠിച്ചുകൊണ്ടിരിക്കയും, "കൎമ്മണ്യേവാധികാരസ്തേ" എന്ന ഭഗവത് വാക്യത്തെ, പ്രവൃത്തികളുടെ മൂലമന്ത്രമായി സ്വീകരിക്കയും ചെയ്യേണ്ടതാകുന്നു അലസതയും, അന്ധതയുംകൂടിച്ചേൎന്നാൽ അസ്വാസ്ഥതമാത്രമല്ല, അക്രമപ്രസക്തിപോലും മനസ്സിനെ ബാധിച്ചു എന്നു വരാം.

മനസ്സമാധാനം, മനശ്ശല്ല്യമില്ലായ്ക, അതാണ് മനുഷ്യൻ വേണ്ടതു്; അതില്ലാത്തവരാണധികവും. അതു സമ്പാദിക്കുന്നതിന് അന്യസഹായമോ, സാധനസാമഗ്രികളോ ആവശ്യമില്ല. തന്നെത്താൻ ശ്രമിച്ചാൽ മതി.

# ആഭാസത്തിൻെറ ആരാധകരാകരുത്!

പ്രബന്ധപ്പേരു കുറെ അബദ്ധവും അസംബന്ധവും മാത്രമല്ല അക്രമവും ആക്ഷേപാർഹവുമാണെന്നു തോന്നിയേക്കാം. അതിന്നുള്ള ക്ഷമാപണംതന്നെ, തന്നിമിത്തം, ആദ്യമേ നിർവ്വഹിച്ചേക്കാം. "ദി ആർട്ട് ഓഫ് അഗ്ലിനെസ്സ്" (The Art of Ugliness) എന്നൊരു ലേഖനം ഈ അടുത്തകാലത്തു ഞാൻ കാണുകയുണ്ടായി. ആ പേരിൽനിന്നാണ് ഈ പേരിൻെറ പുറപ്പാട്. "പേരിലെന്തിരിക്കുന്നു" എന്നു സമാധാനപ്പെട്ട് പേരിന്നൊപ്പിച്ചു വല്ലതും പറയുന്നുണ്ടോ എന്നു പരീക്ഷിക്കുവാൻ അപേക്ഷിക്കുന്നു.

ആദർശങ്ങൾക്കും, ആശയങ്ങൾക്കും മാത്രമല്ല, ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും എല്ലാം ഒരു പരിവത്തനം വന്നിട്ടുള്ള കാലമാണ്. വഴി തെററി നടക്കുന്നു എന്നു പറയുക വയ്യെങ്കിൽ, വഴി മാറി നടക്കുന്നു എന്നു നിവ്വിവാദമാണ്. 'തെററും ശരിയും' തിരുത്തപ്പെട്ടുകൊണ്ടുവരുന്നു. ഇന്നലത്തെയൊക്കെ പഴയതും, പുളിച്ചതുമാണ്. മാററം നല്ലതും, വേണ്ടതും, ചൈതന്യാവസ്ഥയിൽ അപരിഹാര്യവുമാണ്. "വളർച്ച" ജീവൻെറ സ്വഭാവമാണ്. എങ്കിലും, ഏതു വളർച്ചയുടെയും അവസാനം തളർച്ചയും തിരോധാനവുമാണുതാനും. എല്ലാം പുരോഗമിക്കുന്നു എന്നാണു സങ്കല്പം. മുമ്പോക്കം നടന്നാൽ മാത്രം മതിയോ, "പുരോഗമന"ത്തിനു്, എന്നു ചിന്തിക്കുന്നില്ല. മുമ്പിലുള്ളതു വല്ല കുണ്ടോ, കുഴിയോ മറേറാ ആണെങ്കിൽ എടത്തോട്ടോ, വലത്തോട്ടോ ഒന്നു തിരിഞ്ഞുപോകാഞ്ഞാൽ ആപത്തും പതനവും അകാലത്തിൽ അനുഭവപ്പെട്ടേക്കും

പുരോഗമനത്തിൻെറ പേരിൽ, പരിഷ്ക്കാരാഭിവൃദ്ധിയുടെ നാമത്തിൽ, വ്യക്തിസ്വാതന്ത്ര്യത്തിൻെറയും, ഉത്തമമനസ്ഥിതിയുടേയും, വേഷ്ടയിൽ, ഇന്നു് എന്തിനേയും എല്ലാററിനേയും വീക്ഷിക്കുന്നതും, സമീപിക്കുന്നതും, കൈകാര്യം ചെയ്യുന്നതും ഒരു പുതിയ രീതിയിലും, മാതിരിയിലും ആകുന്നു. ഗൃഹകാര്യങ്ങളിലും, പൊതുക്കാര്യങ്ങളിലും, രാഷ്ട്രീയകാര്യങ്ങളിലും എല്ലാം കാണാം, ആ മാററവും മറിച്ചടികളും. ചുരുക്കത്തിൽ സത്യത്തെക്കുറിച്ചുത

ന്നെ അഭിപ്രായവ്യത്യാസമുണ്ട്; കാൎയ്യലാഭത്തിനു സഹാ
യിക്കുന്നതുമാത്രം സത്യം! സദാചാരത്തിൻെറ കാൎയ്യത്തിൽ
അഭിപ്രായവ്യത്യായമുണ്ട്; വ്യഭിചാരംപോലും എപ്പോ
ഴും നിന്ദ്യമോ, നിഷിദ്ധമോ അല്ല! ധൎമ്മത്തിൻെറ കാൎയ്യ
ത്തിലുമുണ്ട്, അഭിപ്രായവ്യത്യാസം; ലക്ഷ്യത്തിലെത്തി
ക്കുന്നതൊക്കെ—ലക്ഷ്യം എന്തായിരുന്നാലും—ധാൎമ്മികം
തന്നെ—അതിൻെറ പ്രയോഗരീതികൾ എങ്ങിനെ ഇ
രുന്നാലും!

ഇങ്ങനെ എവിടെയും, എല്ലാററിലും കാണാം ഒരു
പുതിയ നോട്ടവും, ഒരു പുത്തൻ പുറപ്പാടും. സാഹിത്യാ
ദികലകളുടെ കാൎയ്യത്തിൽപോലും അതു് അത്യന്തം പ്രക
ടമായിരിക്കുന്നു. സംഗീതം, സാഹിത്യം, ചരിത്രമെഴുത്ത്,
നാട്യം, നൃത്തം മുതലായ ലളിതസുന്ദരകലകളെ ഈ പു
രോഗമനാഭിപ്രായങ്ങൾ കലശ്ശലായി ബാധിക്കുകയും അവ
യുടെ ഉദ്ദേശം, ആവശ്യം, രസം മുതലായവയെക്കുറിച്ചെ
ല്ലാം നൂതനാഭിപ്രായങ്ങളും, പുത്തൻ ഭാവനകളും പ്രചാര
പ്പെടുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

കച്ചവടത്തിലും, വ്യവസായത്തിലും, രാഷ്ട്രീയപിടി
കളിലും ഒതുങ്ങിനില്ക്കുന്ന ഈ പുത്തൻ പുറപ്പാടുകളെങ്കിൽ,
അതു പിന്നെയും സഹിക്കാമായിരുന്നു. എന്നാൽ അവി
ടെയൊന്നും ഒതുങ്ങാതെ, അതു സാഹിത്യാദികളിൽ കട
ന്നുകൂടിയുണ്ടാക്കുന്ന കശപിശകളാണ് നാശകരവും വ്യസ
നകരവുമായിരിക്കുന്നതു്. അതാക്രമിക്കാത്ത, അശുദ്ധപ്പെ

ട്ടത്താത്ത കലാവിദ്യകളില്ല. ചിത്രമെഴുത്ത്, സാഹിത്യത്തെപ്പോലെ സവ്വജനീനമെന്നു പറഞ്ഞുകൂട. അതിൽ പ്രയത്നിക്കുന്നവരും, അതിൽ ആനന്ദിക്കുന്നവരും, സാഹിത്യാരാധകന്മാരെ അപേക്ഷിച്ചു, കുറവാണെന്നു പറയാം. എന്നിട്ടും, അതിനേയുംകൂടി ഈ ദുർഭൂതം ബാധിച്ചുകഴിഞ്ഞിരിക്കുന്നു. ആ ശാഖയ്ക്കുംകൂടി വന്നിരിക്കുന്ന ദയനീയമായ പരിവത്തനത്തിന്റെ വൈരൂപ്യം അചിന്ത്യമാകുന്നു. പണ്ടത്തെ അളവുകളോ, ആദശങ്ങളോ, ആശയങ്ങളോ, ഉദ്ദേശങ്ങളോ ഒന്നും ഇന്നത്തെ ചിത്രമെഴുത്തുകാക്കില്ല. പണ്ടത്തെ ലോകോത്തരകലാകാരന്മാരുടെ നേട്ടങ്ങളേയും, നോട്ടങ്ങളേയും ആധുനിക 'പുരോഗമനക്കാർ'—അഥവാ സ്വതന്ത്രകലാകാരന്മാർ—അട്ടിമറിച്ചിരിക്കുന്നു, അധിക്ഷേപിച്ചു താഴ്ത്തിക്കളഞ്ഞിരിക്കുന്നു! അവരാരും ഇന്നു വന്ദ്യന്മാരുമല്ല, വിലപ്പെട്ടവരുമല്ല. അളവും, തൂക്കവുമെല്ലാം മാററിയപ്പോൾ, അവരൊക്കെ വലിപ്പമില്ലാത്തവരും, കനംകുറഞ്ഞവരുമായിത്തീന്നു!

സകലവും വെട്ടിനീക്കി, വേരുംകൂടി പറിച്ചുമാററി, പുത്തൻചെടികളെ നടുവാനാണു സമാരംഭിച്ചിരിക്കുന്നതെന്നുതോന്നും. എന്നാൽ, ആ വിത്തിന്റെ ഗുണദോഷത്തെക്കുറിച്ചും, അതു മുളച്ചുവളർന്നു കായ്ക്കുന്നകാലത്തെ അനുഭവത്തെക്കുറിച്ചും, അത്ര ആലോചിക്കാതെയാണു തിരക്കുകൂട്ടിക്കാണുന്നതു്! ഇന്നെവിടെ നോക്കിയാലും, ഏതു രംഗത്തിൽ പ്രവേശിച്ചാലും കാണുന്നതു് കലാപ്രദശനങ്ങളുടെ പുത്തൻ രൂപങ്ങളേയും, ഭാവപ്രകടനങ്ങളേയുമാകുന്നു.

അതു കാണാനാണു കാഴ്ചക്കാരും കാത്തിരിക്കുന്നതു്! കാഴ്ചക്കാരെ അത്തരത്തിലാക്കിയതോ, കാഴ്ചക്കാർതന്നെ അപ്രകാരം വരുത്തിവെച്ചതോ എന്നു തീർത്തുപറയാൻ വയ്യാത്തവിധത്തിൽ രണ്ടുകൂട്ടരും കെട്ടിമറിഞ്ഞും, ഒട്ടിച്ചേർന്നുമാണു് വർത്തിക്കുന്നതു! പൊതുജനങ്ങളുടെ രുചിയെ—അതിൻെറ ഉച്ചനീചത്വഭാവങ്ങളെ നോക്കാതെ—കേവലം പ്രോത്സാഹിപ്പിക്കുകയല്ലാ കലാകാരൻെറ കർത്തവ്യമെന്നും, അതിനെ ശുദ്ധിചെയ്തു് രൂപാന്തരപ്പെടുത്തുവാനുംകൂടി കലാകാരൻ ശ്രമിക്കേണ്ടതാണെന്നും, പറഞ്ഞാൽ, ഇന്നു് എത്രമാത്രം വിലപ്പോകുമെന്നു നിശ്ചയമില്ല. എന്നാൽ, കക്ഷിക്കും പാർട്ടിക്കുംവേണ്ടിയുള്ള പ്രചരണത്തിന് കലാകാരന്മാർ ആഹ്വാനംചെയ്യപ്പെടുന്നുമുണ്ടു്. പരിസരങ്ങളുടെ നിറഭേദങ്ങളെ, സ്വരക്ഷയ്ക്കുവേണ്ടി സ്വീകരിക്കുന്നു എന്നു പറയുന്നവരായ ഇന്നത്തെ കലാകാരന്മാർ അധികവും, "ലാഭക്കണ്ണന്മാ"രും, വ്യാപാരമനഃസ്ഥിതിക്കാരും, കലാതത്വങ്ങളെ കടലിൽ കളഞ്ഞവരും ആകുന്നു! ആഭാസത്തിനെ ആരാധിക്കുന്ന സ്വഭാവത്തിൻെറ ഇന്നത്തെ സാർവ്വത്രികത്വം, ഏതു കലാലയത്തിലും, കലാവിദ്യയിലും കാണാവുന്നതാണു്. 'സിനിമ' അതിനു വേണ്ടവളം കൊടുക്കുകയും, കളമൊരുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. നാട്യവും, നൃത്തവും, ആട്ടവും, പാട്ടും എന്നുവേണ്ട, കേൾക്കുന്നതും കാണുന്നതും എല്ലാം "Art of ugliness" എന്നും "The cult of the ugly" എന്നും 'Adrian Bury' എന്ന മഹാൻ "Intelligence Digest" എന്ന മാസി

കയിൽ എഴുതീട്ടുള്ള സുചിന്തിതമായ സുന്ദരലേഖനത്തെ അനുസ്മരിപ്പിക്കുന്നവയാകുന്നു. സൗന്ദര്യം എന്നുവെച്ചാൽ വൈരൂപ്യം എന്നാണർത്ഥമെന്നു തോന്നും! ആ വൈരൂപ്യമാകട്ടെ, സാധാരണ മട്ടിലുള്ളതായാൽ പോര, അശ്ലീലാഭാസഭാവങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കയും വേണം! കലാപരിപാടികളില്ലാത്ത ഒരു സഭയും, സമ്മേളനവും ഇന്നില്ല. പണ്ടത്തെ ക്ഷേത്രോത്സവങ്ങളിൽക്കൂടി കലാപരിപാടികളെ ചേർത്തുകാണുന്നുണ്ട്. ഏതു കലാപരിപാടിയിലും സാധാരണ നടക്കുന്നതു് കലയുടെ കൊലപാതകമാണെന്നാണും!

"അഡ്രിയാൻബുറി" പറഞ്ഞിരിക്കുന്നു, ഒരു നിലയും വിലയുമില്ലാത്തവർ മാത്രമല്ല, "റോയൽ അക്കാഡമി"ക്കാർക്കൂടി, ഇത്തരം ആഭാസങ്ങൾക്കു് സ്ഥാനമാനാദികൾ കല്പിച്ചുകൊടുത്തുകാണുന്നു എന്നു്! ചിത്രകലാപ്രദർശനങ്ങളിൽ ലോകോത്തരങ്ങളായ വിശിഷ്ടചിത്രങ്ങളോടൊപ്പം തന്നെ, പല ആഭാസചിത്രങ്ങളേയും പ്രദർശിപ്പിച്ചിരിക്കുന്നതു കാണാം! അതു കാണുന്ന, അത്രയൊന്നും കലാതത്വബോധമോ, വിവേചനാസാമർത്ഥ്യമോ ഇല്ലാത്ത സാധാരണ ജനങ്ങൾ, തെററിദ്ധരിക്കുകയും, ആധുനികതയുടെ മഹിമാതിശയങ്ങളെ പുകഴ്ത്തിപാടുകയും ചെയ്യും! അതിനാണെന്നാണും അങ്ങിനെ ഇണക്കിവച്ചിരിക്കുന്നതും! പണ്ടത്തെ മഹാശയന്മാരുടെ വാരുററ, പേർപെററ ചിത്രങ്ങളുടെ ഒപ്പമല്ല, മുമ്പിൽത്തന്നെ, ഇന്നത്തെ അശിക്ഷിതന്മാ

രായ അസംപ്രേക്ഷ്യകാരികളുടെ ആഭാസചിത്രങ്ങളേയും പ്രദർശിപ്പിക്കണമത്രെ!

ആധുനികന്മാരായ പല നിരൂപണമല്ലന്മാരും, പുത്തൻ പ്രസ്ഥാനങ്ങളേയും, പുതിയ സമ്പ്രദായങ്ങളേയും പുകഴ്ത്തുകയും, പൊക്കിപ്പിടിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, പൊതുജനങ്ങൾ ഒട്ടാകെ അതിനാൽ വഞ്ചിതരാകുമെന്നു വിചാരിച്ചുകൂട. അവരിൽ പലരുമുണ്ടു്, തത്വബോധമുള്ളവരും, സാത്വികഭാവം മറയാത്തവരും. എന്നാൽ, അവർ പ്രായേണ ഭൂരിപക്ഷഭയത്താലോ, അഭിപ്രായധീരതയുടെ അഭാവത്താലോ, പ്രകടനത്തിനുള്ള സാമർത്ഥ്യക്കുറവിനാലോ, മൂകതയെ അവലംബിച്ചുപോകുന്നു! ആക്ഷേപസ്വരം പുറപ്പെടാതെയും, പുറപ്പെട്ടാൽപോലും ഉയൎന്നു കേൾക്കാതെയും ഇരിക്കയാൽ, "നിരാക്ഷേപം" എന്ന ഒരു "മേനി"യുംകൂടി, ആ മനംപുരട്ടിപ്രസ്ഥാനത്തിന്നു വന്നുകൂടുന്നു!!

വിരുദ്ധാഭിപ്രായപ്രകടനത്തിന്നു് അവർ മടിക്കുവാൻ വേറെയും കാരണമുണ്ടു്. "പഴഞ്ചൻ"നെന്നു പഴിക്കപ്പെടുവാൻ പരക്കെ ആരും അത്ര ഇഷ്ടപ്പെടുന്നില്ല. പുതുമയ്ക്കാണു്, "ഉച്ചഭാഷിണി"യും, ഉറച്ച ഭീഷണിയും ഉള്ളതും! പുരോഗമനത്തിൻെറ മുമ്പിൽ ചാടിവീണില്ലെങ്കിലും, പഴഞ്ചൻെറ പിന്നപററാതെ കഴിഞ്ഞാൽകൊള്ളാമെന്നു് എല്ലാവൎക്കുമുണ്ടു്, ആന്തരമായ ഒരാഗ്രഹം! കൂടാതെ "ഈ ഓളം കണ്ടതൊക്കെ മീനല്ലെ"ന്നുള്ള ഒരു ധാരണയും,

തിരിഞ്ഞുമറിഞ്ഞു്, എല്ലാം ഒടുവിൽ ശരിപ്പെട്ടുമെന്നൊരു വിശ്വാസവും, മിക്കവാറും കാണാവുന്നതാണു്.

വിനയം കൂടാത്ത ചെറുപ്പത്തിൻെറ മുമ്പിൽ ജ്ഞാനിയായ വാർദ്ധക്യം ഒഴിഞ്ഞുമാറുന്നതു സമഞ്ജസവുമാണു്!

## II

ഈ "പുത്തൻപൂച്ചിൻെറ പുന്നാരപ്പാച്ചിൽ" ഏററവും അധികം ബാധിച്ചിരിക്കുന്നതു് സാഹിത്യകലയെയാകുന്നു. സാഹിത്യത്തിൻെറ സാർവ്വത്രികത്വവും സാധാരണത്വവും നിമിത്തം, അതു കൂടുതൽ അപ്രതിഹതവും ആപത്കരവും ആകുന്നു. ചിത്രങ്ങളേക്കാളധികം ജനസാമാന്യത്തെ സ്പർശിക്കുന്നതും, അവർ ദർശിക്കുന്നതും സാഹിത്യങ്ങളെയാകുന്നു. ചിത്രകലാസ്വാദനത്തിന്നു വേണ്ടിടത്തോളം സാങ്കേതികജ്ഞാനവും, സാഹിത്യാസ്വാദനത്തിന്നു് ആവശ്യമില്ല. ജനങ്ങളുടെ വാസനകളെ വളർത്താനും, തളർത്താനും, പൊക്കാനും, താഴ്ത്താനും, എളക്കാനും, ഒതുക്കാനും സാഹിത്യത്തിനുള്ള ശക്തിസ്വാധീനാദികൾ അവാച്യങ്ങളും അപ്രമേയങ്ങളും ആകുന്നു. നേരിട്ടു വായിച്ചിട്ടുതന്നെ വേണമെന്നുമില്ല, സാഹിത്യത്താൽ സ്പർശിക്കപ്പെടുന്നതിന്നു്.

ആധുനിക സാഹിത്യം, പുരോഗമന സാഹിത്യം, ജീവൽസാഹിത്യം എന്നൊക്കെ പറയപ്പെടുന്ന പുത്തൻകൂററുകാരുടെ പുതിയ സാഹിത്യം, മൻഖണ്ഡികയിൽ സൂചിപ്പിച്ച ചിത്രകലയുടെ അധഃപതനത്തേക്കാൾ "അഗ്ലി"

(ugly) എന്ന വിശേഷണത്തെ അർഹിക്കുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. ആഭാസാശ്ലീലങ്ങൾക്കു് സ്വാഗതാർഹത മാത്രമല്ല, "സ്വർഗ്ഗീയത"പോലും നൽകപ്പെട്ടിരിക്കുന്നു, ഇന്നത്തെ സാഹിത്യപരിശ്രമങ്ങളിൽ എന്നു വ്യസനിക്കുകയേ നിവ്വാഹമുള്ളു. കഥകളായാലും, കവിതകളായാലും സദാചാരവിരുദ്ധങ്ങളും വിചാരശീലന്മാരെ വിഷമിപ്പിക്കുന്നവയും ആയ ഭാവങ്ങളും ഭാവനകളും, സന്ദർഭങ്ങളും അവയുടെ വർണ്ണനകളും, നിറഞ്ഞുനില്ക്കുന്നവയാകുന്നു. കുട്ടികൾക്കു വായിക്കാൻ വയ്യാത്തവ, സ്ത്രീകൾക്കു വായിക്കാൻ കൊള്ളാത്തവ, പുരുഷന്മാക്ക് പുറത്തുപറയാൻ വയ്യാത്തവ, സ്ത്രീപുരുഷന്മാക്കു് ഒന്നിച്ചിരുന്നു പറയാനോ, വായിക്കാനോ വയ്യാത്തവ, ഇങ്ങനെ 'വയ്യാത്തവ'യാണിന്നത്തെ പല "വലിയവ"രുടെപോലും സാഹിത്യസൃഷ്ടികൾ! ഏററവും അധികം ചിലവുള്ള പുസ്തകങ്ങളോ വാരികകളോ, മററു പ്രസിദ്ധീകരണങ്ങളോ ഏതാണെന്നും, എങ്ങിനെയുള്ളവയാണെന്നും ഒരു പരിശോധന നടത്തിയാൽ, നമുക്കു തന്നെ ലജ്ജതോന്നും അതിൻെറ ഫലം പുറത്തുപറയുന്നതിനു്! "സിനിമാതാരങ്ങളുടെ തഃരാറുകളാ"ണിന്നത്തെ സാഹിത്യത്തിൻെറ വിഷം നിറഞ്ഞ പ്രധാനവിഷയം! പുലയാടിമോൻെറ കഥയും, തേവിടിശ്ശിയുടെ സ്വകാൎയ്യജീവിതവും മററുമാണിന്നത്തെ പ്രധാന സാഹിത്യവിഷയങ്ങൾ! "റിയലിസം" ആണത്രെ അതു്; അഥവാ, അതു മാത്രമാണത്രെ "റിയലിസം". വായനക്കാരുടെ രുചിക്കു സംഭവിച്ചിരിക്കുന്ന വ്യസനകരമായ മ്ലേച്ഛതയ്ക്കും, അധഃ

പതനത്തിനും ഈ പുരോഗമനക്കാർ ഉത്തരവാദിത്വം വഹിക്കേണ്ടിവരും. അവർ പക്ഷെ അതു മാത്രമല്ല, രാഷ്ട്രത്തിന്റെ അധഃപതനത്തിനുള്ള ഉത്തരവാദിത്വംകൂടി ആനന്ദാഭിമാനപുരസ്സരം പുറത്തേററുവാൻ പുറപ്പെട്ടിട്ടുള്ളവരാകുന്നു!

"ക്ഷീരമുള്ളൊരകിടിൻചുവട്ടിലും, ചോരതന്നെ കൊതുകിന്നു കൗതുകം", എന്നു പറഞ്ഞതുപോലെ, ഏശ്ര്യയും പരിശുദ്ധമായ പരിസരങ്ങളിൽപോലും, അവർ കാണുന്നതു്, അവൎക്കു കാണാൻ കഴിയുന്നതു്, അവിടെയെങ്ങാനും ഒളിഞ്ഞുകിടക്കുന്ന, അല്പസ്വല്പമായ ആഭാസാദികളെ മാത്രമാകുന്നു! ശ്രീ ഗുരുവായൂർ ക്ഷേത്രത്തിൽ ദീപാരാധന തൊഴുവാൻ—അല്ല, അതു കാണുവാൻ—പോയ ഒരു പുരോഗമന 'മഹാകവി', അന്നവിടെക്കണ്ടതു്, മററെല്ലാവരും മതിമറന്നു നോക്കിക്കണ്ട മനോഹരമായ ദിവ്യവിഗ്രഹത്തെയല്ല, ഏതോ ഒരു ചെറുപ്പക്കാരൻ, ആ തിരക്കിൽ തന്റെ കാമിനിയെ കൈകാട്ടി മാടിവിളിച്ചു മാററിക്കൊണ്ടുപോയതാണു്! എന്നിട്ട് ആ ക്ഷേത്രത്തേയും, അവിടത്തെ സന്ധ്യാസമയത്തേയുംകുറിച്ചു് കണക്കില്ലാത്ത ആവലാതി പറയുകയും! മൂത്തവരുടെ നേരെ മുഞ്ഞി വീർപ്പിക്കുന്നതും, മിണ്ടാൻ വരാത്തവരുടെ നേരെ മുഷ്ടി ചുരുട്ടുന്നതും, മററുള്ളവർ ബഹുമാനിക്കുന്നതിനെ മനഃപൂൎവ്വം അവമാനിക്കുന്നതും, ഏററവും പഴയവനായതുകൊണ്ടു് ഈശ്വരനെത്തന്നെ പുറംതള്ളുന്നതും, അതിനൊക്കെ, അത്രയുമൊക്കെ ആവശ്യമുണ്ടായിരുന്നാലും ഇല്ലെങ്കിലും,

ഇന്നത്തെ ഒരു "ഫാഷ്യൻ" ആകുന്നു. "ഫാഷണബിൾ" അല്ലാതിരിക്കുന്നതു് പോരായ്മയുമാണു്. "അട്ടയ്ക്കു പൊട്ടക്കുളമാണിഷ്ടം" എന്നു പറഞ്ഞു തള്ളുവാനും തരമില്ല. കാരണം, ആ കൂട്ടത്തിൽ പല "നല്ലവ"രേയും കാണുന്നുണ്ടു്. "മത്തേഭം പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ" എന്നു സമാധാനിച്ചാലോ? അതു പിന്നെയും തരക്കേടില്ല. കാരണം, ആന വലിയവനും, ബലവാനും, ഉപകാരിയും, കുളിക്കാനും പൊടിതട്ടുവാനും വഴങ്ങുവാൻ സന്നദ്ധതയുള്ളവനുമാകുന്നു!

പണ്ടത്തെ മഹാകവികൾ—പരന്ന പഠിപ്പും, അഗാധപാണ്ഡിത്യവും, നിരന്തരപരിശ്രമവുംകൊണ്ടു് സംപൂജ്യതയും, സർവ്വവിധമായ കലാപ്രവീണതകളും കൈവശമാക്കിയിരുന്ന മഹാകവികൾ—ഇന്നത്തെ "അക്ഷരജ്ഞാനികൾ" മാത്രമായ "മഹാ"കവികളുടെ കളിപ്പാട്ടങ്ങളാണെന്നാണു് അവരിൽ പലരുടേയും പക്ഷം! അററപ്പും വെറുപ്പും തോന്നിക്കുന്ന ആശയങ്ങളെക്കൊണ്ടുള്ള "തരകുവ്യാപാര"മാണു് മിക്ക കവികളും ഇന്നു നടത്തിക്കൊണ്ടിരിക്കുന്നതു്. അർത്ഥമില്ലാത്ത അക്ഷരങ്ങളുടെ കൈകാര്യത്തിലാണവർക്കു് പ്രാവീണ്യാധികം. തത്വസംഹിതയ്ക്കുകൂടി മാററം വന്നിട്ടുണ്ടു്. അഹിംസ, ആസ്തേയം, ബ്രഹ്മചര്യം മുതലായവയെല്ലാം അരോചകങ്ങളായിക്കഴിഞ്ഞു. "സ്വകാര്യമുതൽ" എന്ന വ്യവസ്ഥതന്നെ "പൈശാചിക"മായതുകൊണ്ടു്, അതിനെ നിഷേധിക്കുന്ന 'കളവു്' സാധൂകരിക്കപ്പെടണമെന്നാണവരുടെ പക്ഷം! എൻെറ

യെന്നും നിൻേറയെന്നും ഉള്ള വ്യത്യാസങ്ങൾ സ്വാൎത്ഥതയുടെ നീചസന്താനങ്ങളാകയാൽ, പരദാരപരിഗ്രഹം പോലും തെററല്ലെന്നു വാദിക്കപ്പെടുന്നു! മൃഗങ്ങൾക്കൊന്നിനുമില്ലാത്ത ബ്രഹ്മചൎയ്യം സ്വീകരിച്ച്, മൃഗത്തിനേക്കാൾ മോശപ്പെട്ടുപോകരുതെന്ന്, അവർ ഉപദേശിക്കുന്നു! ഇത്തരം "മൎയ്യാദ"കളുടെ വിളഭ്രമിൽ, പണ്ടത്തെയും പറഞ്ഞു പുറപ്പെടുന്നവർ പടിക്കൽ ഇടിക്കുകതന്നെ വേണ്ടിവരുന്നു. ഏതു പ്രസ്സിലും, ഷാപ്പിലും, ഗ്രന്ഥശാലയിലും, ബുക്കുഷെൽഫിലും, അധികം കാണുക, സഭ്യേതരങ്ങളായ പുസ്തകങ്ങളായിരിക്കും! ഭാരത രാമായണാദികളോടൊപ്പമല്ല, അവയെ പുറംതള്ളി അവയുടെ സ്ഥാനത്തുതന്നെ, 'വിത്തുകാള'കളേയും, ചവിട്ടുപോത്തുകളേയും, 'തെണ്ടിവൎഗ്ഗ'ങ്ങളേയും കാണാവുന്നതാണ്! തെണ്ടിത്തരം, തണ്ടുതപ്പിത്തരം മുതലായവയുടെ പ്രചരണമാണോ, പുതിയ പുസ്തകനിൎമ്മാണക്കാർ ഏറെറടുത്തിരിക്കുന്നതെന്നു സംശയിക്കും, അവരുടെ പ്രസിദ്ധീകരണങ്ങളുടെ ഉള്ളടക്കങ്ങൾ പരിശോധിക്കുന്നതായാൽ! സംഗതി, പ്രത്യക്ഷത്തിൽ തോന്നുന്നതിനേക്കാളധികം ഗൌരവപ്പെട്ടതും, ദൂരവ്യാപകമാതും അല്ലായിരുന്നു എങ്കിൽ, ഈ വിക്രിയകളെ, ഒരു വിനോദഭാവത്തിൽ വീക്ഷിക്കാമായിരുന്നു. മഹാകവിയും ചിത്രകാരനുമായ "ബ്ലേയിക്ക്" പറഞ്ഞിരിക്കുന്നു:—"നിങ്ങൾക്കു മനുഷ്യവൎഗ്ഗത്തെ അധഃപതിപ്പിക്കണമെന്നുണ്ടെങ്കിൽ, കലകളെ ആദ്യംതന്നെ അധഃപതിപ്പിക്കുക!" അടുത്തകാലംവരെ, കലകൾ എന്നുവെച്ചാൽ, ഒരുവിധം ദിവ്യ

ത്വമോ, പാവനത്വമോ വഹിച്ചിരുന്നവയായിരുന്നു എന്നു പറഞ്ഞതുകൊണ്ടു്, "ദൈവവും മതവും ചേർന്നതുമാത്രം കല" എന്ന അർത്ഥം ധരിക്കേണ്ടതില്ല. എങ്കിലും, മതവും ദൈവവും കലകളെ ആശ്ലേഷിക്കുകയും, കലകൾ അവയെ ആദരിക്കയും ചെയ്തിരുന്നു. ആ ഭാഗം വിസ്മരിച്ചാലും, കലാപൂർണ്ണത, ശുദ്ധസൌന്ദര്യത്തിന്റെ സാത്വികമായ ആകർഷകത്വം, അഭൌമവും അവർണ്ണനീയവുമായ എന്തോ ഒന്നിനെ ഉയർത്തിക്കാണിച്ചിരുന്നു.

അപ്രകാരമുള്ള ഒരു വിദൂരാദർശത്തെ ലക്ഷ്യമാക്കാത്ത ഒരു കലയും പുഷ്ടമോ, തുഷ്ടമോ ആകുന്നതല്ല. ആദർശത്തോടു് അടുക്കുവാനുള്ള അശ്രാന്തപരിശ്രമമാണു്, ജീവിതംതന്നെയും; എത്രമാത്രം അടുക്കുവാൻ സാധിച്ചു, അത്രയ്ക്കുമാത്രം ജീവിതം വിജയിക്കുകയും ചെയ്തു. ലക്ഷ്യമില്ലെങ്കിൽ പിന്നെ ലക്ഷണവുമില്ല. 'അലക്ഷ്യഭാവം' ആശയെ കെടുക്കുകയും, ആവേശത്തെ മന്ദീഭവിപ്പിക്കുകയും, ആശ്വാസത്തെ അകററിനിർത്തുകയും ചെയ്യും! കലകളുടെ പരമോദ്ദേശവും, ലക്ഷ്യവും മനുഷ്യർക്കു് അത്യാവശ്യങ്ങളായ ആനന്ദാശ്വാസവിശ്വാസാദികളെ നൽകുകയാകുന്നു.

ഇന്നത്തെ "മഹാകവി"കളുടെയും, സാഹിത്യകാരന്മാരുടെയും വിരുതുകളായ ഗ്രന്ഥങ്ങൾമാത്രമാണുണ്ടായിരുന്നതെന്നു്, ഒരു മിനുട്ടുനേരമൊന്നു മനസ്സുകൊണ്ടു ചിന്തിക്കുക. പുരാതനന്മാരുടെ ഗ്രന്ഥസമുച്ചയങ്ങളൊന്നുമില്ലാത്ത ആ ശൂന്യതയിൽ എന്തു വെളിച്ചം നൽകുവാനാണു്,

മാർഗ്ഗനിർദ്ദേശം ചെയ്യാനാണ്, ഈ പുത്തൻ പുസ്തകങ്ങൾ പര്യാപ്തങ്ങളാകുക? അങ്ങിനെ ചിന്തിച്ചാൽ അറിയാം, അവരെവിടെ, ഇവരെവിടെ എന്ന പരമാർത്ഥം. മുമ്പുള്ള ഗ്രന്ഥങ്ങളുടെ—സാഹിത്യാദികളുടെ—ഹിമാലയങ്ങൾ കൈവശമുള്ളതുകൊണ്ടുമാത്രമാണ്, ഇന്നത്തെ "അരിമ്പാറ"കളെ ലോകം സഹതാപപൂർവ്വം സഹിക്കുന്നതുതന്നെയും! അതെങ്കിലും, അവർ അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.

എന്തൊക്കെയായാലും, സൌന്ദര്യവും, ആനന്ദവും യഥാർത്ഥത്തിൽ എന്താണെന്ന മനുഷ്യർക്കൊക്കെ ഒരു ഉൾബോധമുണ്ട്. കാരണം അവ രണ്ടും, ആനന്ദവും സൌന്ദര്യവും, മനുഷ്യരെ സൃഷ്ടിച്ച (എല്ലാററിനെയും) ദൈവത്തിൻെറ വിശേഷണങ്ങളാകുന്നു. തപ്പിത്തടഞ്ഞായാലും മനുഷ്യൻ ഒടുവിൽ, യഥാർത്ഥമായ ആനന്ദസൌന്ദര്യങ്ങളിൽ എത്തിച്ചേരാതെ തരമില്ല. കല, ഒരുവിധം നോക്കിയാൽ, "രാജകീയ"മാണ്, "പ്രഭുത്വ"ത്തോടുകൂടിയതാണ്. "ജനകീയ"ക്കാർ വെറുക്കുന്ന രാജത്വമോ, പ്രഭുത്വമോ അല്ലെന്നുമാത്രം. കലയുടെ രാജത്വവും, പ്രഭുത്വവും അതിൻെറ സമുന്നതവും, സർവ്വോൽകൃഷ്ടവുമായ സ്ഥാനത്തിനു സഹജമായുള്ളവയാണ്. എല്ലാ കലകളുടേയും നില അതാണ്. ആ പ്രഭുത്വത്തെ നശിപ്പിക്കുവാനുള്ള 'ജനകീയത' രണ്ടിൻെറയും പരാജയത്തിലായിരിക്കും പര്യവസാനിക്കുക. സ്ഥാനത്തിരുത്തിയോ, സ്ഥാപിച്ചോ, സമാരാധിക്കേണ്ടതിനെ—അതോ, അവനോ, അവളോ ആയാലും—അപ്രകാരമല്ലാതെ വലിച്ചിഴയ്ക്കുകയും, വിളി

ച്ചുക്രവുകയുംചെയ്താൽ, ആരാദ്ധ്യതയ്ക്കും മററും അതുവരെ കാരണമായിരുന്ന അന്തസ്സം, ആഭിജാത്യവും അനുഗ്രഹ നിഗ്രഹശക്തിയും ഉന്മൂലനംചെയ്യപ്പെട്ടന്നതായിരിക്കും. അതല്ല ആവശ്യം; അതല്ല ഭംഗിയും, യുക്തിയും.

കലകൾക്കെല്ലാമുണ്ട് സമുന്നതവും, സമുജ്ജ്വലവുമായ ഒരു സ്ഥാനവും, സോപാനവും. അവിടെ ആക്കും കയറിച്ചെല്ലാം, ആരാധിക്കാം, ആശ്രയിക്കാം, അനുഗ്രഹമത്ഥിക്കാം. എന്നാൽ, അങ്ങോട്ടു കയറിച്ചെല്ലുന്നതിനു പകരം, തട്ടിത്തകത്തു താഴത്തിട്ടു വഴിനീളെ വലിച്ചാൽ കലയും, കലാകാരനും, കലകൊണ്ടുള്ള കാര്യവും എല്ലാം ഒരൊററ അടിക്കു നശിക്കുന്നതായിരിക്കും.

ആ ആപത്തിൽനിന്നു രക്ഷിക്കപ്പെട്ടമാറാകട്ടെ എന്നു പ്രാത്ഥിക്കുന്നു.

## വലിപ്പച്ചെറുപ്പങ്ങൾ

വലിപ്പച്ചെറുപ്പങ്ങൾ നമ്മുടെ മനസ്സിനെ ആകർഷിക്കുന്ന ഒരു കാര്യമാകുന്നു. പൊക്കത്തിലും, വണ്ണത്തിലും, തൂക്കത്തിലും, വളരെ വലിയ ഒരാളായാലും, ആ പറഞ്ഞവയിലൊക്കെ, വളരെ ചെറിയ ഒരാളായാലും, ആ വലിപ്പവും, ചെറുപ്പവും, രണ്ടും ഒരുപോലെ, നമ്മെ ആകർഷിക്കുന്നതായിരിക്കും. ഭീമനും വാമനനും നമുക്കു കൌതുകം തോന്നിപ്പിക്കുന്ന സത്വങ്ങളായിരിക്കും. "ഗളിവ"രുടെ "ലില്ലിപുട്ട്" രാജ്യത്തിലെ അനുഭവങ്ങൾ—ഒരു ഒത്ത ആളായ ഗളിവർ, കട്ടുറുമ്പിന്റെ വലിപ്പത്തിലുള്ള മനുഷ്യരുടെ രാജ്യമായ "ലില്ലിപുട്ടിൽ" ചെന്നപ്പോഴുണ്ടായ അനു

ഭവങ്ങൾ—എത്ര രസമായിട്ടാണ്, നമുക്കിന്നും തോന്നുന്നത്! അതുപോലെതന്നെ ആ ഗളിവർ, മറെറാരു രാജ്യത്തുചെന്നപ്പോൾ, അവിടത്തെ മനുഷ്യരുടെ മുമ്പിൽ, അയാൾ, ഉറുമ്പു പ്രായക്കാരനായിത്തീൎന്ന കഥയും, അതുപോലെ രസാവഹമാകുന്നു. സാധാരണയിൽ കവിഞ്ഞ ഏതിനെക്കുറിച്ചും, മനുഷ്യൎക്ക് ഒരു ജിജ്ഞാസയും, കൌതുകവും പ്രകൃതിദത്തമാണെന്നേ ധരിക്കേണ്ടതുള്ളു.

"ഒരു പത്തേമ്മാരിപോലത്തെ ഒരു തിമിംഗലത്തെ പിടിച്ചിരിക്കുന്നു! കാലിഫോൎണ്ണിയായിലെ ഒരു മരത്തിന്റെ പൊളിവിൽകൂടി ഒരു ഇരട്ടക്കുതിരവണ്ടിക്കു കടന്നുപോകാം! ആസ്ത്രേലിയായിലെ ഒരാൾ ഒരിരുപത്തഞ്ചാളുകളുടെ ഭക്ഷണം ഇരുന്ന ഇരിപ്പിൽ തിന്നുതീൎക്കും! അരടൺ തൂക്കമുള്ള ഒരാളുണ്ടത്രെ, മെക്സിക്കോവിൽ; ഹൌറയിൽ ഒരു പേരാലുള്ളതിന്ന് ആയിരം വേടുകളുണ്ട്, അതിന്റെ തണലിൽ ആയിരംപേൎക്കു വിശ്രമിക്കാം;" എന്നൊക്കെക്കേൾക്കുമ്പോൾതന്നെ നമ്മുടെ ഹൃദയം തുടിക്കുകയും, ആ പറഞ്ഞതൊക്കെ ഒന്നു കണ്ടാൽ കൊള്ളാമെന്നു തോന്നുകയും ചെയ്യുന്നു!

"വലിപ്പ"ത്തിൽ ഇത്രയും വിസ്മയപ്പെടുന്ന മനുഷ്യൻ, 'ചെറുപ്പ'ത്തിൽ അത്രതന്നെ ജിജ്ഞാസുവായി കാണപ്പെടുന്നില്ല. അതിന്റെ പരിധി ഇന്നും അജ്ഞാതമാകുന്നു. ചില ഭയങ്കര സുഖക്കേടുകൾക്കു കാരണക്കാരായി, "വൈറസ്സ്" എന്നു പറയപ്പെടുന്ന, ഒരുതരം അണു

പ്രാണികളുടെ, ജീവൻെറ സകല ലക്ഷണവുമുള്ള—ജനിക്കുക, ഭക്ഷിക്കുക, ചരിക്കുക, സന്തതികളെ ഉല്പാദിപ്പിക്കുക, മരിക്കുക എന്നു തുടങ്ങിയ ജീവലക്ഷണങ്ങളെല്ലാം---മൈക്രോബങ്ങൾ! അങ്ങിനെയുള്ളവയെ ഒരു മുന്നൂറെണ്ണത്തെ ഒന്നിച്ചുകൂട്ടിയാൽ, എന്തു വലിപ്പമുണ്ടാകുമെന്നോ?. ഈ വാചകത്തിൻെറ അവസാനത്തിലെ പൂർണ്ണവിരാമചിഹ്നമായ "കുത്തി"ല്ലേ, അത്രമാത്രം!! ജീവലോകത്തിലെ വലിപ്പചെറുപ്പങ്ങളെക്കുറിച്ചും, ആ വലിപ്പചെറുപ്പങ്ങളെ നിസ്സാരമാക്കിച്ചെയ്യുന്ന ചില ജീവികളുടെ പ്രവണതകളെക്കുറിച്ചും വിചിന്തനംചെയ്താൽ വിസ്മയിച്ചു, ബോധംകെട്ടുപോകും! എന്തുകൊണ്ടാണ് ഒട്ടകപ്പക്ഷി ഇത്ര വലിയതായിരിക്കുമ്പോൾ അതിൻെറ വർഗ്ഗത്തിൽപെട്ട നമ്മുടെ കുളക്കോഴി ഇത്ര ചെറുതായിരിക്കുന്നതു്? എന്തിനാണ്, മലമ്പാമ്പിത്ര വലിയതായിരിക്കുമ്പോൾ, പാമ്പുതന്നെയായ നീർക്കോലി ഇത്ര ചെറുതായിരിക്കുന്നതു്? എന്തിനാണ്, ഭയങ്കരനായ മുതല ഇത്ര വലിയതായിരിക്കുമ്പോൾ, അതേ വർഗ്ഗത്തിൽപെട്ട ഓന്തും, പല്ലിയും മററും ഇത്ര ചെറിയതായിരിക്കുന്നതു? അങ്ങിനെ വലിപ്പചെറുപ്പങ്ങളുടെ കാരണം ആരായുവാൻ പുറപ്പെട്ടാൽ, എവിടെ എത്തുമെന്നു, ഒരു തീർച്ചയുമില്ലെങ്കിലും, എല്ലാററിൻെറയും അടിയിൽ ഏതോ ഒരു സൃഷ്ടിരഹസ്യമോ പരിണാമനിയമമോ ഉറച്ചുനിൽപ്പുണ്ടെന്നു തീരുമാനിക്കേണ്ടി വരുന്നതായിരിക്കും.

"വലിപ്പ"ത്തിൽ മനുഷ്യൻ എവിടെ നിൽക്കുന്നു? ആനയുടെയും തിമിംഗലത്തിൻെറയും സമീപത്തിൽ മനു

ഷ്യൻ നിസ്സാരനെങ്കിലും, മൈക്രോബങ്ങളായ ഏററവും ചെറിയവയെ അപേക്ഷിച്ച് അവൻ അതികായനാകുന്നു. ജീവലോകത്തിലെ "വലിപ്പചെറുപ്പ"ങ്ങളുടെ മദ്ധ്യത്തിൽ നിൽക്കുന്നവനാണ് മനുഷ്യനെന്നു പറയാം. എന്നാൽ കാണപ്പെടുന്ന ഈ ശാരീരിക വലിപ്പവും, അദൃശ്യമായ ബുദ്ധിയുടെ കഴിവുകളും തമ്മിൽ യാതൊരു ബന്ധവും പൊരുത്തവും ഇല്ലെന്നുള്ളതും നിരാക്ഷേപമാണ്.

മനുഷ്യൻെറ സ്ഥാനം നിർണ്ണയിക്കുന്നതിനു്, ഈ വലിപ്പചെറുപ്പങ്ങളുടെ പരിഗണനം പ്രയോജനപ്പെടുന്നതായിരിക്കും. ആനയേയും തിമിംഗലത്തേയും, അവയെക്കാറം അത്ഭുതകരമായ മരങ്ങളേയും കുറിച്ചു നമുക്കു മുമ്പു തന്നെ അറിവുണ്ടായിരുന്നാലും, ഇങ്ങേ അററത്തെ ക്ഷുദ്രജീവികളായ മേല്പറഞ്ഞ 'വൈറസ്സ്' വർഗ്ഗത്തെക്കുറിച്ചുള്ള അറിവു സിദ്ധിച്ചതു് ഇയ്യിടെ മാത്രമാണ്. അതിലുമുണ്ടു് മറെറാരു മഹാത്ഭുതം അവയെക്കാറം ചെറുതായ ഒരു സാധനംകൂടി—അവ ഓരോന്നുംതന്നെ അപ്രകാരമുള്ള ചെറിയ സാധനങ്ങറം പലതുചേർന്നതാണത്രെ—കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു് "എലക്ട്രോൺ"!!. ഏററവും ചെറിയതു്, അതാണെന്നാണു വെച്ചിരിക്കുന്നതു്. അതിൻെറ സംയോഗവിയോഗങ്ങളാണത്രേ പോലും, പ്രപഞ്ചം മുഴുവനും! മാത്രമല്ല, അവയിൽ ഓരോന്നും,—ഓരോ "എലക്ട്രോണും,"—ഓരോ സൌരമണ്ഡലത്തിൻെറ ഛായ വഹിച്ചുകൊണ്ടു് വിഹരിക്കുന്ന ഒരത്യത്ഭുത രൂപമാണത്രെ; നടുക്കൊരു ബീജം, നാലുപുറത്തും അതിവേഗത്തിൽ ആ ബിന്ദുവിനെ

വട്ടംചുററുന്ന മററു ചില തരം രൂപങ്ങൾ, ഇങ്ങനെയാണ ത്രെ എലക്ട്രോണിൻെറ ഘടന! അവയുടെ ഒരു സംഘാതം മാത്രമാണു മനുഷ്യൻ; മനുഷ്യൻതന്നെയല്ല, പ്രപഞ്ചത്തിലുള്ളതേതും, പ്രപഞ്ചംതന്നെയും! അതിൽ ജാതി വ്യത്യാസമോ, വൎണ്ണവ്യത്യാസമോ, സ്വഭാവവ്യത്യാസമോ ഒന്നുമില്ലത്രെ! ആ വകയൊക്കെയുണ്ടാകുന്നതു് അവയുടെ സംഘാതത്തിൻെറയും, സമ്മൎദ്ദത്തിൻെറയും വ്യത്യാസത്താൽ പിന്നീടുമാത്രമാണത്രെ!

"ഏററവും വലിയതു" എന്നു പറയേണ്ടതു്, അമേരിക്കയിലെ കാലിഫോർണിയാ രാജ്യത്തുള്ള ചിലതരം മരങ്ങളെയാകുന്നു. അവയിൽ ചിലതിന്നു്, ആയിരം ടൺ തൂക്കം കാണുമത്രെ. ഏററവും വലിയ ജന്തു തിമിംഗലമാകുന്നു നൂറുടണ്ണിൽകവിഞ്ഞു തൂക്കമുള്ള ഒരു തിമിംഗലത്തേയും ഇതുവരെ കണ്ടെത്തീട്ടില്ല. അതിലുമധികം തൂക്കമുള്ള ഒരു ജന്തു ഭൂമിയിൽ ഉണ്ടായിരുന്നതായും തോന്നുന്നില്ല. അതുകൊണ്ടു ജന്തുക്കളിൽ ഏററവും വലിയതിൻെറ തൂക്കം നൂറു ടണ്ണും, മരങ്ങളിൽ ഏററവും വലിയതിൻെറ തൂക്കം ആയിരം ടണ്ണും എന്നു വ്യവസ്ഥപ്പെടുത്താവുന്നതാകുന്നു. ജന്തുവൎഗ്ഗത്തെക്കുറിച്ചാണു് നമുക്കു കൂടുതൽ താല്പൎയ്യം എന്നതുകൊണ്ടു് നൂറു ടൺ മുതൽക്കു താഴോട്ടു് പല പല തൂക്കത്തിലുള്ള കോടാനുകോടി ജീവികളെ നമുക്കു സങ്കല്പിക്കാവുന്നതാണു്. ആയിരമെണ്ണം കൂടിയാലും ഒരു അരപ്പെനിയുടെ തൂക്കം കാണാത്തവയും, ജീവികളുടെ കൂട്ടത്തിലുണ്ടു്. മുന്നൂറെണ്ണത്തെ ഒന്നിച്ചു ചേൎത്താൽ ഒരു 'ഫറംസ്റ്റേറാപ്പ്പാ'

കുന്ന വൈറസ്സിനെകുറിച്ചു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പത്തു ലക്ഷത്തിലധികം എണ്ണത്തെ കൂട്ടിച്ചേർത്താലും ഒരു തേനീച്ചയുടെ തൂക്കം കിട്ടാത്ത ജീവികളെക്കുറിച്ചു്, നമ്മുടെ ബുദ്ധിക്കു സങ്കല്പിക്കുന്നതുംകൂടി പ്രയാസമാകുന്നു!

ഈ വലിപ്പചെറുപ്പത്തിന്നുള്ള കാരണങ്ങൾ, അവയുടെ താരതമ്യ വിവേചനം മുതലായതിനൊന്നും ഇപ്പോൾ മുതിരുന്നില്ല. അതെത്ര വിജ്ഞാനപ്രദമായിരുന്നാലും കൂടുതൽ ശാസ്ത്രീയതയും സാങ്കേതികത്വവും മററുമുള്ളതാകയാൽ അത്രതന്നെ രസപ്രദമായി എന്നുവരില്ല. അതിനാൽ ആ ഭാഗമൊക്കെ വിട്ടു, മനുഷ്യൻെറ വലിപ്പത്തെ സംബന്ധിച്ചു് കൂടുതൽ ചിലതു ധരിക്കുവാൻ ശ്രമിക്കാം. പ്രസിദ്ധ ശാസ്ത്രജ്ഞനായ "എഡിംഗ്ടൻ" അദ്ദേഹത്തിൻെറ "Stars and atoms" എന്ന ഗ്രന്ഥത്തിൽ "മനുഷ്യൻ നക്ഷത്രങ്ങൾക്കും അണുക്കൾക്കും മദ്ധ്യത്തിൽ നിൽക്കുന്നു; അവൻെറ വലിപ്പത്തെ സംബന്ധിച്ചേടത്തോളം" എന്നു പ്രസ്താവിച്ചിട്ടുണ്ടു്! ആ ഭാഗം താഴെ ഉദ്ധരിക്കാം. "നമ്മുടെ സൂര്യൻെറ നാഥത്വത്തിലുള്ള സൌരയൂഥത്തിൽ മൂവ്വായിരം മില്ലിയൻ (ഒരു മില്ലിയൻ പത്തുലക്ഷമാണു്) നക്ഷത്രങ്ങളുണ്ടു്. അവ ഓരോന്നും വലിപ്പത്തിൽ സൂര്യനെക്കാൾ ഒട്ടും താഴ്ന്നതല്ല. അതായതു് ഓരോന്നിൻെറയും ഗോളം ഒരു പത്തുലക്ഷം നാഴികവീതം വ്യാസദൈർഘ്യമുള്ളവയാണു്. ഇതിന്നുമാത്രമൊക്കെയുള്ള സ്ഥലസൌകര്യമുണ്ടോ ആകാശത്തിൽ എന്നു സംശയിക്കേണ്ട. നമ്മുടെ ഈ ഭൂമിയിൽ ഒരു മുപ്പതു ക്രിക്കററു പന്തുകൾ

(ഭൂമിയിൽ മററു യാതൊന്നുമില്ലാതിരിക്കെ) ചുററിത്തിരിഞ്ഞു് ഓടിക്കൊണ്ടിരിക്കുന്നതായി സങ്കല്പിക്കുക. അവയ്ക്കു, ഓടാൻ സ്ഥലം പോരെന്നു വരുമോ? സ്ഥലക്കുറവു നിമിത്തം അവ തമ്മിൽ കൂട്ടിയിടിച്ചു എന്നുവരുമോ? ആ നിലയാണ് ആകാശത്തിൽ, നമ്മുടെ സൌരയൂഥത്തിൽ ആ മൂവ്വായിരം പത്തുലക്ഷം നക്ഷത്രങ്ങൾക്കുമുള്ളതു! ഭാവനാതീതംതന്നെ! നമ്മുടെ ഭാവനകൾക്ക് എന്തു ശക്തിയാണുള്ളതു്? എന്നാൽ ഇത്രമാത്രംകൊണ്ടും ആകാശം തീർന്നില്ല. ഈ സൂരയൂഥംകൊണ്ട് "യൂഥ"ങ്ങളും അവസാനിച്ചില്ല. അനേകായിരം സൌരയൂഥങ്ങളിൽ ഒന്നുമാത്രമാണ് നമ്മുടെ സൌരയൂഥം! ആകാശത്തിലെ ഒരണുപ്രാണിമാത്രമാണീ പറഞ്ഞ സൌരയൂഥം!

ഒരു തുള്ളിവെള്ളത്തിൽ—നാം നിത്യവും പൈൻററു കണക്കിന് കുടിച്ചുതീക്കുന്ന പച്ചവെള്ളത്തിലെ ഒരു തുള്ളിയിൽ—കോടിക്കോടി, കോടാനകോടി കണക്കിലുള്ള അണുക്കൾ (atoms) ഉൾക്കൊള്ളുന്നുണ്ട്. അവ, ഒരു നൂറു മില്ലിയൻ കൂടിയാലേ ഒരിഞ്ചു വലിപ്പം കിട്ടുകയുള്ളൂ. ഈ പണിത്തരത്തിൻെറ മാഹാത്മ്യവും ഈ സൃഷ്ടിവൈചിത്ര്യത്തിൻെറ ആശ്ചര്യകരമായ സ്വഭാവവും നാം അറിയുന്നുണ്ടോ, അറിഞ്ഞവർതന്നെ അതിനെപ്പററി ആലോചിക്കുന്നുണ്ടോ? എന്നാൽ അവിടെയും അതു് ഒതുങ്ങിനില്ക്കുന്നില്ല, അവസാനിക്കുന്നില്ല. അപ്പറഞ്ഞ ഓരോ ആററത്തിനകത്തും, ആകാശത്തിൽ സൌരയൂഥത്തിൽ, നക്ഷത്രഗോളങ്ങൾ എന്നപോലെ ധാരാളം ഇടസ്ഥലത്തോടും

അതിവേഗത്തിലുള്ള സഞ്ചാരശക്തിയോടുംകൂടിയ എലക്ട്രോണുകൾ എത്ര കോടിക്കണക്കിനുണ്ടെന്നറിയാമോ!

ഈ ആററത്തിൻെറയും നക്ഷത്രത്തിൻെറയും എടയ്ക്കു ഏതാണ്ടു മദ്ധ്യത്തിൽ വർത്തിക്കുന്നവനാകുന്നു മനുഷ്യൻ, അഥവാ മനുഷ്യൻെറ ദൃശ്യമായ ഈ ശരീരം. അതും, മുൻപറഞ്ഞ നക്ഷത്രത്തെപ്പോലെയും ആററം എന്നതിനെപ്പോലെയും അതിലധികവും ആശ്ചര്യകരമായ ഒരു സൃഷ്ടിവിശേഷമാകുന്നു. മനുഷ്യൻ കുറച്ചെങ്കിലും കൂടുതൽ അടുത്തിരിക്കുന്നതു്, ആററത്തിനോടാണു്! പത്തിനെ പത്തുകൊണ്ടു് ഇരുപത്തേഴുതവണ പെരുക്കിയാൽ കിട്ടുന്ന ഒരു സംഖ്യയുണ്ടല്ലോ ($10^{27}$) അത്രയും ആററങ്ങൾ കൂടിയതാണു് മനുഷ്യൻെറ ശരീരം! അങ്ങിനെയുള്ള മനുഷ്യശരീരത്തിൻെറ ($10^{28}$) കൂടിയതാണു് ഒരു നക്ഷത്രം! ഇതാണു് മനുഷ്യൻെറ സ്ഥാനവും നിലയും"

ഈ വഴിക്കു നമുക്കു കുറെക്കൂടി മുമ്പോട്ടു ചിന്തിച്ചു നോക്കുക. ഏററവും ചെറിയതിനും ഏററവും വലിയതിനും തമ്മിലുള്ള അന്തരം എവിടെ കിടക്കുന്നു! വല്ലതും ഒരു ഏകദേശ ജ്ഞാനമെങ്കിലും ഉണ്ടാക്കുന്നതിന്നു നമ്മുടെ സാധാരണബുദ്ധിക്കോ ഭാവനക്കോ ഒട്ടെങ്കിലും ശക്തിയുണ്ടോ?

എവിടെയാണു്, ഏതിലാണു് മനുഷ്യൻെറ വലിപ്പം? ദേഹശക്തിയിലല്ല; ദീർഘായുസ്സിലല്ല; പൊക്കത്തിലും, വണ്ണത്തിലും, തൂക്കത്തിലുമല്ല. പ്രപഞ്ചഘടനയിൽ

അവന്നൊരു "വൈറസ്സി"ൻെറ സ്ഥാനംപോലും മേല്പറഞ്ഞ ഇനങ്ങളിൽ ഇല്ല. എന്നിട്ടും!! അതെന്താണു്? അവൻെറ ആത്മചൈതന്യം! ആററത്തേയും നക്ഷത്രത്തേയും സൃഷ്ടിക്കുന്ന, ഭരിക്കുന്ന, സൎവ്വശക്തൻെറ സ്ഫുരണമായ ആത്മചൈതന്യം! അതാണ് മനുഷ്യൻ!

# പു ക വ ലി

പുകവലിയുടെ പുറപ്പാട് എവിടന്നാണ്, എന്നാണ്, എന്നുള്ള ചരിത്രം പുകയിൽ മൂടിത്തന്നെ കിടക്കുന്നു! അമേരിക്കയിൽനിന്നാണ്, ആ "അനാവശ്യം", യൂറോപ്പിലെത്തിയതെന്നതിനു സംശയമില്ല. മദ്ധ്യ അമേരിക്കയിൽ പുകയിലച്ചെടി പണ്ടയ്ക്കു പണ്ടേ ഒരു കാട്ടുചെടിയായി വളൎന്നിരുന്നു. അമേരിക്കയിൽ ഒന്നാമതായി കാലുകുത്തിയ യൂറോപ്യനായ കൊളംബസ്സും, കൂട്ടുകാരും, വായിൽകൂടി ധൂമം വമിക്കുന്ന അമേരിക്കയിലെ ആദ്യനിവാസികളെ കണ്ടു പരിഭ്രമിച്ചിട്ടുണ്ടായിരിക്കണം! ഒരുതരം ഉണക്കയില, നീളത്തിൽ കനംകുറഞ്ഞ ചൂട്ടുപോലെ കെട്ടി

യുണ്ടാക്കി, അതിന്റെ ഒരുതല കത്തിച്ചു, മറേറ തലയ്ക്കൽ കൂടി പുക വായിൽ വരുത്തി, പുകവണ്ടിയുടെ കുഴലിൽനിന്ന് എന്നപോലെ ധൂമം പുറത്തുവിടുന്ന ആ കാടന്മാരെ കണ്ടു, കൊളംബസ്സും കൂട്ടരും ഒരുവിധം അമ്പരന്നിട്ടുണ്ടാവണം. അചിരേണ ആ ധൂമഭക്ഷണത്തിന് ചില വിശേഷതകളെല്ലാമുണ്ടെന്ന് അവർ ധരിക്കയോ, തെററിദ്ധരിക്കയോ ചെയ്തു. അഥവാ, അതിന്റെ യഥാർത്ഥമായ സ്വഭാവമറിയുവാൻ അവരും ചില പരീക്ഷകൾ നടത്തി. പുക "ശാപ്പിട്ടാൽ" മറേറ ശാപ്പാടുതന്നെ കുറെ ദിവസത്തേയ്ക്കു നിർത്തിവെയ്ക്കാമെന്നും, പല രോഗങ്ങൾക്കും ധൂമഭക്ഷണം കൈകണ്ട മരുന്നാണെന്നും, പുകവലിയാൽ മനസ്സിനുണ്ടാക്കാവുന്ന ലയാവസ്ഥ അവഗണനീയമല്ലെന്നും ആയിരുന്നു അമേരിക്കയിലെ കാടന്മാരുടെ അഭിപ്രായം. ഒരു ദിവ്യൌഷധം എന്ന നിലയിലാണ് പുകയില യൂറോപ്പിൽ കടന്നുകൂടിയതു്

ഇംഗ്ലണ്ടിൽ അതാദ്യമായി പ്രവേശിപ്പിച്ചതു് സേർ–വാൾട്ടർ–റാലിയാണ്–എലിസബത്തു രാജ്ഞിക്കു വഴിനടപ്പാൻ തന്റെ സ്വന്തം അംഗവസ്ത്രം വെട്ടുവഴിയിൽ വിരിച്ചുകൊടുത്ത "ധീരോദാത്തൻ." അദ്ദേഹം പുക വമിക്കുന്നതുകണ്ടു് പരിഭ്രമിച്ചു വാല്യക്കാരൻ പെട്ടുന്നു തലയിൽ വെള്ളംപകൻ തീ കെടുത്തുവാൻ ശ്രമിച്ചു എന്നൊക്കെ പല കഥകളുമുണ്ടു്! ഫ്രാൻസിലെ ഒരു പ്രസിദ്ധ ഡോക്ടർ ആയിരുന്ന "ജീൻനിക്കോട്ടു്" എന്നൊരാളാണത്രെ "ടുബാക്കൊ" എന്ന പേരിന്റെ ഉടമസ്ഥൻ!

രാജകീയമായ ഒരു കല്യാണം ആലോചിക്കുവാൻ അദ്ദേഹത്തെ 1560ൽ ഫ്രാൻസിൽനിന്ന് "ലീസ്ബൻ" നഗരത്തിലേക്കയച്ചു. "പോർച്ചുഗൽ" രാജ്യത്ത് അക്കാലത്ത് പുകയിലയ്ക്കു ധാരാളം പ്രചാരമുണ്ടായിരുന്നു. അതിൻെറ ഔഷധശക്തിയെക്കുറിച്ചുള്ള പ്രശംസകൾ ഡോക്ടരുടെ ശ്രദ്ധയെ ആകർഷിച്ചു. എന്തോ ചിലതൊക്കെ അദ്ദേഹത്തിന്നു ബോദ്ധ്യപ്പെട്ടുകയും ചെയ്തു. അതോടുകൂടിയാണു പുകയിലയ്ക്കു ഫ്രാൻസിൽ പ്രവേശനവും പ്രചാരവും സിദ്ധിച്ചതു്.

ഇംഗ്ലീഷുകാർ പുകയിലയുടെ ഔഷധശക്തികളെക്കുറിച്ചു ചിന്തിച്ചു സമയംകളഞ്ഞില്ല. അവർ അതു് കയ്യിൽ കിട്ടിയ ഉടനെ "ഗുണം വാ ദോഷം വാ", അമേരിക്കയിലെ കാടന്മാർ കാണിച്ചതുപോലെ, പുകയിലതെറുത്തു പുകവലിക്കുവാൻ തുടങ്ങി! ഒരു കന്യകയായി (വെർജിൻ) കാലം കഴിച്ച എലിസബെത്തു രാജ്ഞിയുടെ ബഹുമാനാൎത്ഥം 'റാലി' കൊടുത്ത പേരാണു് അമേരിക്കയിലെ പ്രധാന പുകയില വിളവുള്ള ഭൂഭാഗത്തിന്നു "വെർജീനിയ" എന്നുള്ള നാമം! ഇന്നും "വെർജീനിയ" സിഗററു മുതലായ പുകയിലവസ്തുക്കളുടെ മേന്മയെക്കുറിക്കുന്ന ഒരു പ്രസിദ്ധനാമമാകുന്നു. റാലി കൊണ്ടുവന്നതു പുകയില മാത്രമല്ല; അതുപയോഗിക്കുന്നവരായ മൂന്നു അമേരിക്കക്കാരേയുംകൂടി, അവരുടെ സകല സാധനസാമഗ്രികൾ സഹിതം, ഇംഗ്ലണ്ടിലേക്കു കൊണ്ടുപോന്നു. അവരെക്കൊണ്ടു "ധൂമപാനം" പ്രദൎശനം നടത്തിച്ചു നാട്ടിലാകെ വലിയ നേരമ്പോ

ക്കണ്ടാക്കി! റാലി അവരുടെ കൂട്ടത്തിൽ കൂടി പുകവലി ശീലിച്ചു. റാലിക്കു കൊട്ടാരത്തിലുണ്ടായിരുന്ന സ്വാധീനവും എലിസബത്തുരാജ്ഞിക്ക് ആദ്യകാലങ്ങളിൽ റാലിയോടുണ്ടായിരുന്ന പ്രത്യേക പ്രതിപത്തിയും,—ഒരിടയ്ക്കു അവർ തമ്മിൽ വിവാഹം നടന്നേക്കുമെന്നുംകൂടി ജനസംസാരമുണ്ടായിരുന്നു—പുകവലിക്കു "രാഷ്ട്രീയവൃത്തങ്ങളി"ലും സ്വാഗതം സിദ്ധിച്ചു. ഒടുവിൽ, റാലി രാജദ്രോഹക്കുററത്തിന് വധിക്കപ്പെടുകയാണുണ്ടായതു്! തൂക്കുമരത്തിൽ നിന്നുകൊണ്ടു് ആ പൌരുഷസമ്പന്നൻ രസമായി ഒരു പുകവലി നടത്തി എന്നാണ് രേഖപ്പെടുത്തിക്കാണുന്നതു്! അതിനെ "ധീരതയോടുകൂടിയ ഒരു വെല്ലുവിളി"യായും, "പരിഭ്രമിച്ചിളകുന്ന മനസ്സിനെ നിലയ്ക്കു നിൎത്തുവാനെടുത്ത ഒരു ഉപായം മാത്ര"മായും കക്ഷിവ്യത്യാസമനുസരിച്ചു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്!!

പുകയിലയോടുകൂടി അതിൻെറ ചങ്ങാതിയായി, അമേരിക്കയിൽനിന്നു യൂറോപ്പിലേയ്ക്കു വന്നതാണ്, ഇന്നത്തെ സൎവ്വലോകോപകാരിയായ "പൊട്ടറേറാ" (നമ്മുടെ ഉരുളൻകിഴങ്ങു). രണ്ടുംതമ്മിൽ എന്തൊരന്തരം! പക്ഷെ, പുകയിലയ്ക്കു് ആദ്യംതന്നെ സൎവ്വമാന്യമായ സ്വീകാൎയ്യവും പദവിയും സകലദിക്കിലും കിട്ടി. എന്നാൽ "പൊട്ടറേറാ" അതിൻെറ പേരുപോലെ "പൊട്ട"യായിട്ടു് ആരാലും അംഗീകരിക്കപ്പെടാതെ ഒരു നൂററാണ്ടിലധികം കാലം പുറംതള്ളപ്പെട്ടുകിടന്നു. നീറി പ്രകാശിക്കുന്ന തീക്കട്ടയും, ഒരു നല്ല മധുരപലഹാരക്കഷ്ണവും കൂടി വെച്ചു

കൊടുത്താൽ, ഏതു ചെറിയ കുട്ടിയും കടന്നെടുക്കുക തീക്ക ട്ടയായിരിക്കുന്നതുപോലെ, പുകയിലയും പൊട്ടറേറാവും മുമ്പിൽവെച്ചുകൊടുത്തപ്പോഠം യൂറോപ്പുകാരനെടുത്തതു് പുകയിലയാകുന്നു!! എലിസബെത്തു രാജ്ഞിയുടെ കാലത്തു, നായാട്ടു്, കുതിരസ്സവാരി മുതലായവയെപ്പോലെ "പുകവ ലി" മാന്യതയ്ക്കും കുലീനതയ്ക്കും യോജിച്ച ഒരു സംഗതി യായി അംഗീകരിക്കപ്പെട്ടുപോന്നു! "ജെയിംസ് ഒന്നാമ ൻെറ" കാലത്തു പുകവലിക്കു വിരോധമായി ഒരു രാജശാ സന പുറപ്പെടുവിച്ചു. (Counter blast to Tobacco, 1603.) അതിലെ ചില കാരണവിവരണങ്ങഠം സാരഗർഭ ങ്ങളും രസാവഹങ്ങളുമാകുന്നു. "പുകയിലയുടെ പുക ശ്വാ സകോശങ്ങഠംക്കു് ഹാനികരമാകുന്നു; അതിൻെറ മനംപി രട്ടിയായ ദുഷിച്ച ദുർഗ്ഗന്ധം നരകത്തിലെ ശവകുടാരങ്ങ ളിൽനിന്നു പുറപ്പെടുന്ന ധൂമത്തിനെക്കാഠം വർജ്ജനീയവും നിന്ദ്യവുമാകുന്നു; അതു് കാഴ്ചയ്ക്കു് ദുസ്സഹവും തലച്ചോ റിന്നു് ഹാനികരവും ആകുന്നു." ജെയിംസ്, ഉപദേശങ്ങ ളെക്കൊണ്ടു്, ആ ദുർന്നടപടിയെ വിപാടനം ചെയ്യാൻ ശ്ര മിച്ചിട്ടു സാധിക്കാതെയാണു്, ഒടുവിൽ ആ "ഓർഡി നൻസ്" പുറപ്പെടുവിച്ചതു്. ഇംഗ്ലണ്ടിൽ ഇദംപ്രഥമമാ യി പുകയിലനികുതി ചുമത്തിയതും ജെയിംസ് ഒന്നാമനാ കുന്നു. നല്ല കനത്ത നികുതിതന്നെ ചുമത്തിവിട്ടു. ഒരു റാത്തൽ പുകയില ഇംഗ്ലണ്ടിൽ ഇറക്കുമതി ചെയ്യണമെ ങ്കിൽ, ആറു പെനി അതിനു കടൽചുങ്കം കൊടുക്കണമെ ന്നായിരുന്നു വ്യവസ്ഥ. ആ നികുതിയിൽനിന്നൊഴിവാകു

വാൻ വേണ്ടി ജനങ്ങൾ ഇംഗ്ലണ്ടിൽതന്നെ പുകയിലകൃഷി ആരംഭിച്ചു! ആ തനതു കൃഷിക്കാൎയ്യം ഇന്നും ഇടക്കിടയ്ക്കു ഒരു വാദവിഷയമായി തലപൊന്തിച്ചു കാണുന്നുണ്ടു്!

ചാറൽസ് രണ്ടാമൻ രാജാവായപ്പോൾ ഇംഗ്ലണ്ടിൽ "പുകയിലകൃഷി" വിരോധിക്കപ്പെട്ടു. എന്നാൽ, അതിനു ള്ള കാരണം, "വെർജീനിയപ്പുകയിലക്കമ്പനിക്കാരെ" സഹായിക്കണമെന്നുള്ള മോഹമായിരുന്നു. "ക്വീൻആൻ" രാജ്ഞിയായി വാണ കാലത്താണത്രെ, പുകവലി ഇംഗ്ല ണ്ടിൽ അതിൻെറ മൂൎദ്ധന്യത്തിലെത്തിയതു്. അക്കാലത്തു സ്ത്രീകളും പുകവലിക്കാരായിത്തീൎന്നു. പിന്നത്തെ പുരുഷാ ന്തരത്തിൽ പുകവലിക്കു പ്രത്യക്ഷമായ ഒരു അധഃപതന മുണ്ടായി. തീരെ തിരോധാനം ചെയ്തില്ലെങ്കിലും പുകവലി ക്കു പ്രചാരവും മാന്യതയും ഇല്ലാതായിത്തീൎന്നു. ഇതിന്നിട യിലാണു പുകയിലയുടെ മറെറാരു രൂപമായ "പുകല പ്പൊടി" ഇംഗ്ലണ്ടിൽ നടപ്പിലായതു്. വായ മൂടിയപ്പോൾ മൂക്കു തുറക്കുകയോ ലാഭച്ഛേതമത്സരത്തിൽ മൂക്കു ജയിക്കുക യോ എന്തോ ഒന്നു് അക്കാലത്തു സംഭവിച്ചു.

പതിനെട്ടാം നൂററാണ്ടിലാണു പുകയിലയുടെ ചരി ത്രത്തിലെ പിന്നത്തെ പ്രധാനഘട്ടം. "സിഗാർ" എന്ന ധൂമരാജൻെറ പുറപ്പാടു് അക്കാലത്താണു്. സിഗാറിൻെറ ഒരു പ്രാകൃതരൂപം അമേരിക്കയിൽ പണ്ടേ നടപ്പുണ്ടായി രുന്നു; ഇലകളിൽ പുകയില ചുരുട്ടിക്കെട്ടി ചെറിയ ചൂട്ടാ ക്കി ഒരുതല കത്തിച്ചു വലിക്കുക എന്ന സമ്പ്രദായം—പുക

യില മാത്രം എടുത്തു ശരിപ്പെടുത്തി മററൊന്നിൻെറയും സഹായം കൂടാതെ "ചുരുട്ട കത്തിക്കക" എന്ന 'സിഗാർ' രീതി പിന്നീടാണ് പുഷ്ടിപ്പെട്ടതു്. അതിൻെറ ജ്ഞഷികരം തെക്കേ അമേരിക്കക്കാർ ആകുന്നു, അത്തരം 'സിഗാർ' ഒന്നാമതായി തെക്കേ അമേരിക്കയിൽനിന്നു്, സ്പെയിൻ രാജ്യത്താണു് കൊണ്ടുവരപ്പെട്ടതു്. മററു യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കു് "സിഗാർ" പ്രവേശിച്ചതു സ്പെയിനിൽ നിന്നാകുന്നു. അതുകൊണ്ടു, സിഗാറിൻെറ ഒരു മുഖ്യസ്ഥാനം അന്നും, ഇന്നും സ്പെയിനാകുന്നു. ക്രമേണ നശിച്ചു നശിച്ചു വന്നിരുന്ന പുകവലിക്കു് സിഗാറിൻെറ എഴുന്നള്ളത്തു് എന്തെന്നില്ലാത്ത ഒരു നവചൈതന്യത്തേയും പ്രബുദ്ധതയേയും പ്രദാനം ചെയ്തു. അഗ്നി കെടാറായിരുന്ന അടുപ്പിൽ അതു നല്ല വിറകിട്ടുകൊടുത്തു.

അവിടന്നു വളരെ കഴിഞ്ഞിട്ടാണു നമ്മുടെ ഉററബന്ധുവും, വിടാചങ്ങാതിയുമായ, "സിഗററി"ൻെറ പ്രവേശം. പതിനെട്ടാം നൂററാണ്ടിൽ തെക്കേ അമേരിക്കയിൽ വിശേഷിച്ചും, "ബ്രസീൽ" രാജ്യത്തു ഒരുതരം നേരിയ കടലാസ്സിൽ 'പുകയില'പൊതിഞ്ഞു കത്തിച്ചു വലിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. "പാപ്പിില്ലിട്ടോസ്" എന്ന പേരുകൊണ്ടാണു് അത്തരം സിഗററുകരം അക്കാലത്തു അറിയപ്പെട്ടിരുന്നത്. അവയെ അവിടെനിന്നും സ്പെയിൻകാരും, ഫ്രാൻസുകാരും കടത്തിക്കൊണ്ടുപോന്നു, മനോധർമ്മാനുസാരം ചില ഭേദഗതികരം വരുത്തി, ഇന്നത്തെ സിഗററിൻെറ സാമ്രാജ്യസ്ഥാപനം നിർവ്വഹിച്ചു.

1844-ൽ ആകുന്നു അതാരംഭിച്ചത്. 1856-ൽ ഉണ്ടായ പ്രസിദ്ധമായ "ക്രിമിയൻയുദ്ധ"ത്തിന്നു ശേഷമാണു സിഗററിൻെറ പ്രതാപവും പ്രചാരവും പ്രബുദ്ധമായത്. ആ യുദ്ധകാലത്തു ഫ്രാൻസ്, ടക്കി, ഇററലി, ഇംഗ്ലണ്ട് മുതലായ പല രാജ്യങ്ങളിൽനിന്നുമുള്ള പട്ടാളക്കാർ ഒന്നിച്ചു ചേന്നിരുന്നു. അപ്പപ്പോഠം സിഗററു തെരുത്തുണ്ടാക്കി വലിക്കുന്നരീതി അന്നെല്ലാവക്കും പരിചിതമായിത്തീന്നു. ക്രിമിയായിൽനിന്നു മടങ്ങിവന്ന പട്ടാളക്കാർ, അവരുടെ ആ പുതിയ സമ്പാദ്യത്തെ, ഇംഗ്ലണ്ടിലൊക്കെപരത്തി. "ക്ലബ്ബ്"കളിൽ സിഗററുവലി വലിയ ഒരന്തസ്സായിപ്പരിണമിച്ചു. ഫ്രാൻസിൽ, ലൂയി നെപ്പോളിയൻെറ സിഗററുവലി നിമിത്തം, അതിന്നവിടെ വലിയ ബഹുമതിതന്നെ സിദ്ധിച്ചു. ഇംഗ്ലണ്ടിൽ എഡ്വേർഡ് ഏഴാമനാണ് ആ പരിഷ്കാരം പരത്തിയത്. 1914-18-ൽ ഉണ്ടായ ഒന്നാമത്തെ ലോകമഹായുദ്ധത്തിന്നുശേഷം, വനിതാസ്വാതന്ത്ര്യം പ്രഖ്യാപിതമായതോടുകൂടി, സിഗററുവലി സ്ത്രീകഠക്കും ആവാമെന്നായി! അഥവാ, സമത്വത്തിൻെറ ഒരു അടയാളമായി സ്ത്രീകഠ പുരുഷന്മാരോടൊപ്പം സിഗററുവലിക്കുവാൻ ആരംഭിച്ചു!! രണ്ടാമത്തെ ലോകമഹായുദ്ധമായപ്പോഴേക്കും, സിഗററുവലി അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചു. യുദ്ധച്ചിലവിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഗം, സിഗററിനായിരുന്നു! അപ്രകാരം, അമേരിക്കയിലെ അപരിഷ്കൃതരുടെ "നനയ്ക്കാത്ത മദ്യം" ആയ പുകയില, പരിഷ്കൃതരായ യൂറോപ്യന്മാരുടെ പ്രവ

ഹിക്കുന്ന സാക്ഷാൽ മദ്യത്തിന്റെ ചൂടുവർദ്ധിപ്പിക്കാനുള്ള ഉപകരണമായിത്തീൎന്നു! സിഗാറും, സിഗററും ഒരുപോലെ പ്രചാരപ്പെട്ടു. രണ്ടിലൊന്നെങ്കിലും—രണ്ടുമില്ലെങ്കിൽ—ഉപയോഗിക്കാത്ത ആണും പെണ്ണും അപൂൎവ്വമായി. സാക്ഷാൽ ചർച്ചിൽസായ്പിന്റെ വായക്കു അലങ്കാരമായി എപ്പോഴും കാണപ്പെടുന്ന ആ "ചൂട്ടുപോലത്തെ ചുരുട്ടു്" അദ്ദേഹത്തിന്റെ വായിൽ ജനനാൽതന്നെ ഉള്ളതാണോ എന്നുംകൂടി തോന്നിപ്പോകും! എത്ര തരം സിഗാറുകളും സിഗററുകളുമാണിന്നു നടപ്പിലുള്ളതു്! എത്ര വമ്പിച്ച ഒരു വ്യവസായമാണു് അതു സംബന്ധിച്ചു ലോകത്തിൽ നടന്നുവരുന്നതു്! എത്ര കോടിക്കണക്കിന്നാണു് ദ്രവ്യം ആ വിഷയത്തിൽ ദുൎവ്വ്യയം ചെയ്യപ്പെടുന്നതു്! എത്ര ലക്ഷം ജനങ്ങളുടെ ആരോഗ്യമാണു് പുകയിലപ്പുകയിൽ പുകഞ്ഞുപോകുന്നതു! ഹരിഃഹരിഃ!

## II

സിഗററു കുടിയന്മാരിൽ അഗ്രപൂജക്കു അർഹന്മാർ ഇന്നും സ്പെയിൻകാരാകുന്നു. ഒരു സ്പെയിൻകാരൻതന്നെയായ "പ്രൊഫസർ റേമൻ" എഴുതിയിരിക്കുന്നു; "ടോലിഡോവിലെ വിശുദ്ധമായ ഭദ്രാസനപ്പള്ളിയിൽ കുർബ്ബാനചൊല്ലുന്ന വന്ദ്യപുരോഹിതൻ അതിന്നുള്ള ദിവ്യവസ്ത്രങ്ങൾ അണിഞ്ഞുനിന്നശേഷവുംകൂടി ഒരു സിഗററു കൊളുത്തി വലിക്കുന്നു. അതിലും വലിയ അത്ഭുതം, ബലിപീഠത്തിലെ മെഴുകുതിരി കൊളുത്തുവാൻ ഉരച്ച തീപ്പെട്ടിക്കോലുകൊ

ണ്ടുതന്നെ ആ മഹാൻ തൻെറ സിഗററവും കൊളുത്തുന്നു"! എന്നാലും, ചിലവാകുന്ന സിഗററിൻെറ എണ്ണം നോക്കിയാൽ പ്രഥമസ്ഥാനം അമേരിക്കയിലെ ഐക്യനാടുകൾക്കു തന്നെയാകുന്നു "ആറുകോടി അമേരിക്കക്കാർക്കുടി ഒരു ദിവസം നൂറുകോടി സിഗററു വലിച്ചുതീൎക്കുന്നുണ്ടത്രെ; ഒരാൾ ഒരു ദിവസം ഏകദേശം പതിനാറു സിഗററുവീതം!! പുകയിലയിലുള്ള "നിക്കോട്ടിൻ" എന്ന വിഷദ്രവ്യം വളരെ നാശകരമായിട്ടുള്ളതും ഒരു സിഗററിൽ അതിൻെറ തൂക്കത്തിൽ രണ്ടുശതമാനമെങ്കിലും ആ വിഷദ്രവ്യമുള്ളതും ആകുന്നു. ആ കണക്കനുസരിച്ചു, ഒരു കൊല്ലത്തിൽ പതിനഞ്ചുലക്ഷം റാത്തൽ "നിക്കോട്ടിൻ" മേല്പറഞ്ഞ സിഗററു കുടിയന്മാർ അകത്താക്കിവരുന്നുണ്ട്! ചുരുക്കത്തിൽ, ഒന്നിച്ചു, ഒരേസമയത്തു, ഒരാൾക്കു നല്കുന്നതായാൽ അതാൾ ഉടനെ മരിച്ചുപോകുന്നതിന്നു മാത്രം ശക്തിയുള്ള "നിക്കോട്ടിൻ" ഒരു ദിവസംകൊണ്ടു ഒരു സിഗററുകാരൻ ഉൾക്കൊള്ളുന്നുണ്ട്!!

"പുകയിലവിഷ"ത്തെക്കുറിച്ചു, വിദഗ്ദ്ധന്മാരായ ചിന്തകന്മാർ, പലവിധം പരീക്ഷണങ്ങളെ അവലംബിച്ചു, രചിച്ചിട്ടുള്ള അനേകം ഗ്രന്ഥങ്ങളും ചെറുലേഖകളുമുണ്ട്. അവരാരും, വെറുതെ ജനങ്ങളെ ഭയപ്പെടുത്തുവാൻ മുതിൎന്നിട്ടുള്ളവരല്ല; അവരാരും, സാധുക്കൾ അനുഭവിക്കുന്ന നിസ്സാരമായ ലയത്തെയൊ, രസത്തെയൊ തടയാൻ ആഗ്രഹിക്കുന്ന അസൂയാലുക്കളല്ല; അവരാരും, പുകയില കമ്പനിക്കാരുടെ എതിരാളികളായി വിരോധപ്രചരണം ചെയ്യാ

നിറഞ്ഞിയവരുമല്ല. അവരൊക്കെ, വിദഗ്ദ്ധന്മാരും, വിശ്വസനീയരും, പരീക്ഷിച്ചറിഞ്ഞതും പരീക്ഷിച്ചു കാട്ടിക്കൊടുത്തു ബോദ്ധ്യപ്പെടുത്താവുന്നതും ആയ പരിണാമങ്ങളെക്കുറിച്ചു മാത്രം പ്രഖ്യാപിക്കുന്നവരും ആകുന്നു!

പുകവലി, ഭക്ഷണം, വായു, വെള്ളം എന്നു തുടങ്ങിയ അത്യാവശ്യങ്ങളെപ്പോലെ, പ്രകൃതി നിശ്ചയിച്ചിട്ടുള്ളതോ, അനുവദിച്ചിട്ടുള്ളതോ ആയ ഒരു സംഗതിയാണെന്ന് ആരും വാദിക്കയില്ലെന്നു വിശ്വസിക്കുന്നു. നേരെ മറിച്ച്, പുകവലി അതിന്റെ ആദ്യഘട്ടത്തിൽ അതിന്നു തുടങ്ങുന്നവരെ, പുകച്ചുവിടുകതന്നെ ചെയ്യുന്നുമുണ്ട്! പ്രകൃതിയെ നിരോധിച്ചും ക്രമേണ വശപ്പെടുത്തിയും ആകുന്നു പുകവലി സാധിക്കുന്നത് ചെറുപ്രായക്കാരാരും, ഇരുപത്തിഒന്നുവയസ്സിന്നു മുമ്പുള്ളവർ ആരും പുകവലിക്കരുതെന്നുതന്നെ നിയമശാസനമുണ്ട്. "ജുവനയൻ സ്മോക്കിംഗ്" നിയമാനുവാദമുള്ളതല്ല. അതിൽനിന്നുതന്നെ നിർണ്ണയിക്കാം, പുകവലി "തന്തോന്നി,ത്ത"ങ്ങളിൽപെട്ട ഒരു ദുഷ്പ്രവൃത്തിയാണെന്ന്. പുകയില ദേഹത്തിന്നു അല്പം ഹാനികരമാണെങ്കിലും, മനസ്സിന്നു വളരെ ഗുണം ചെയ്യുന്നതാണെന്നു പറയുന്നതിലും പരമാർത്ഥമില്ല. വിദഗ്ദ്ധാഭിപ്രായം അതിന്നു നേരെ വിരോധമാകുന്നു. മദ്യപാനത്തിൽ ഒരനന്തരവസ്ഥാനത്തിന്നു പുകവലിക്കും അവകാശമുണ്ട് എന്നാൽ, മദ്യം ചിലപ്പോഴെങ്കിലും, ചില ദുർഘടഘട്ടത്തിലെങ്കിലും, മിതമായി ഉപയോഗിച്ചാൽ, വല്ലതാല്ക്കാലികസഹായവും നൽകി എന്നു വരാം. അത്രയുംകൂടി പുക

വലിയെക്കുറിച്ചു സ്തുത്യമായി പറയുന്നതിന്നു വഴിയില്ലാത്ത താകുന്നു.

അമേരിക്കയിലെ "യേൽ" സൎവ്വകലാശാലയിലെ പ്രസിദ്ധ പ്രൊഫസ്സരായ ഇർവിംഗ് ഫിഷർ, എന്ന ഗവേഷകൻ, "പുകയിലയും അതു മനസ്സിന്നുണ്ടാക്കുന്ന കേടും" എന്നൊരു ചെറുപുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടു ണ്ടു്. അതിൽ, പുകയില ഉപയോഗിക്കുന്നതിനെക്കുറിച്ചു്, അമേരിക്കയിലും യൂറോപ്പിലും ഉള്ള വളരെ വിദഗ്ദ്ധന്മാർ ചിരകാലമായി നടത്തീട്ടുള്ള പരീക്ഷണങ്ങളുടെ ഫലങ്ങൾ വിവരിച്ചിട്ടുണ്ടു്. മനുഷ്യരുടെ ഞരമ്പുകളെ കലശലായി ബാധിക്കുകയും, അവരെ ശാരീരികമായും മാനസികമായും ബലഹീനരാക്കുകയും ചെയ്യുന്നു പുകവലി എന്നാണു ചുരുക്കത്തിൽ ആ ഗവേഷണങ്ങൾ വിശദപ്പെടുത്തിയിരി ക്കുന്നതു്. സർവ്വകലാശാലാവിദ്യാൎത്ഥികളിൽ, പുകവലി ക്കാരേയും പുകവലിക്കാരല്ലാത്തവരേയും, അവരുടെ ഉത്ത രക്കടലാസ്സുകളുടെ സൂക്ഷ്മപരിശോധനകൊണ്ടു, കുറച്ചുകാല ത്തിന്നിടക്കു, തിരിച്ചറിയാൻ സാധിക്കുമെന്നാണു പ്രൊഫ സ്സർ അഭിപ്രായപ്പെട്ടിരിക്കുന്നതു്!!

പുകവലി ഒരുത്തന്റെ ശരീരത്തേയും ബുദ്ധിയേയും സ്പൎശിക്കുന്നതിന്നു പുറമെ, മാനമൎയ്യാദകളേയും സദാചാര ബോധത്തേയും കലശലായി ബാധിക്കുന്നു എന്നുള്ളതാണു കൂടുതൽ ആലോചനാർഹമായിട്ടുള്ളതു്. ഒരു പുകവലി ക്കാരന്നു് പുകവലി ഇഷ്ടപ്പെടാത്ത ചില സാധുക്കൾകൂടി

ഈശ്വരന്റെ ഈ ലോകത്തിലുണ്ടെന്നും, അവക്ക് തന്റെ ധൂമവിതരണവും അതിൽനിന്നു പുറപ്പെടുന്ന ശ്വാസം മുട്ടിക്കുന്ന ദുർഗ്ഗന്ധവും ദുസ്സഹമായി തോന്നിയേക്കാമെന്നും ഉള്ള ചിന്തതന്നെ ഇല്ലാതായിപ്പോകുന്നു!! എന്നു മാത്രമല്ല, അവർ പുക വലിച്ചു് ധൂമം വിടുന്നതുകണ്ടാൽ, അതിലിഷ്ടപ്പെടാത്തവരെ പരിഹസിച്ചു 'പുകയാക്കുക'യാണോ എന്നുകൂടി തോന്നിപ്പോകും. എല്ലാവക്കും ഒരുപോലെ ശ്വസിക്കുവാൻ ഈശ്വരനാൽ നൽകപ്പെട്ടിട്ടുള്ള ശുദ്ധവായുവിനെ ധൂമസേവകൻ മനഃപൂർവ്വം മലിനമാക്കിചെയ്യുന്നു! കുളങ്ങളിൽ അശണ്ടകം കൊണ്ടിടുന്നതും, കിണററിൽ അഴുക്കുകൾ എറിയുന്നതും, പുകവലിച്ചു ധൂമത്തെ വായുവിൽ പരത്തുന്നതും തമ്മിൽ വാസ്തവത്തിൽ വലിയ വ്യത്യാസമില്ല. അതൊരുതരം ധിക്കാരമോ, വകതിരിവില്ലായ്മയോ, അനാദരവോ, തന്നിഷ്ടപ്രകടനമോ, തന്നെയാകുന്നു. കാലാന്തരത്തിൽ, ഈ സ്വഭാവം അവന്റെ വ്യക്തിത്വത്തിന്റെ ഒരംശമായിത്തീരുകയും അവൻ അറിയാതെ തന്നെ അചിരേണ, ഏതുകാര്യത്തിലും, അവിവേകിയോ, തന്നിഷ്ടക്കാരനോ, ധിക്കാരിയോ ആയി ഭവിക്കുകയും ചെയ്യുന്നു! "പുകവലി വിരോധം" എന്നു ചില 'ലയിൻ ബസ്സ്'കളിൽ എഴുതിക്കാണാം എന്നാൽ, അതിന്റെ നേരെ മുമ്പിലിരിക്കുന്ന "സുദർശനചക്രധാരി" യായ "ഡ്രൈവർ" എടയ്ക്കിടയ്ക്കു ധൂമം ഛർദ്ദിക്കുന്നതും കാണാം. ബസ്സിലും തീവണ്ടിയിലും യാത്രചെയ്യുന്നവക്ക് സഹയാത്രക്കാരുടെ ധൂമപടലങ്ങളിൽനിന്ന് ഒഴിഞ്ഞുമാ

റാൻ സാധിക്കാതെ കഴങ്ങേണ്ടിവരുന്നതു സാധാരണയാണ്. പുകവലിക്കാരുടെ സംഖ്യ ദിനംപ്രതി എന്നപോലെ വൎദ്ധിക്കുന്നതുകൊണ്ടു മാത്രമാണു ആ ശോചനീയാവസ്ഥയുടെ ഉഗ്രതക്കുറവിന്നു കാരണം. "പുകവലിക്കുള്ള മുറി!" (Smoking Room) മുമ്പൊക്കെ പ്രത്യേകമുണ്ടായിരുന്നു. അവിടെ ചെന്നിരുന്നു പുകവലി നടത്തുകയല്ലാതെ, കൂട്ടത്തിലിരുന്നു സിഗാറോ, സിഗററേറാ വലിച്ചു മററുള്ളവരെ ശല്യപ്പെടുത്തുന്നതു് അനുവദനീയമായിരുന്നില്ല. കാലാന്തരത്തിൽ സ്ത്രീകളും സിഗററുകടിയിൽ ആസക്തകളായതോടുകൂടി, ആ വക "നിബന്ധനകൾ" അനാവശ്യങ്ങളായിത്തീൎന്നു! മുമ്പൊക്കെ, തീവണ്ടിയിൽ യാത്രചെയ്യുമ്പോൾ, അടുത്തിരിക്കുന്ന യാത്രക്കാരൻ, പുകവലി തുടങ്ങുന്നതിന്നു മുമ്പായി "ഞാനൊരു സിഗററുവലിക്കുന്നതിൽ ആക്ഷേപമുണ്ടോ, ആവോ" എന്നൊരു "ലോക്യം" ചോദിക്കുകപതിവായിരുന്നു. "ഹേ—ഒരിക്കലും പാടില്ല. വലിയ ആക്ഷേപമുണ്ടു്" എന്നു ആരും പറയില്ല, എന്നുള്ള ധൈൎയ്യമാണ് ആ സമ്മതം ചോദിക്കലിന്റെ അടിസ്ഥാനമെന്നിരുന്നാലും, അതിൽ അന്തർഭൂതമായിരുന്ന "മൎയ്യാദ"യെ അയാൾ മാനിച്ചുപോന്നു! ഇപ്പോൾ, ആ വക "അടിമ മനസ്ഥിതി" ഒട്ടുമില്ല. അടുത്തിരിക്കുന്നതു ആരായാലും വേണ്ടില്ല, കത്തിക്കുക, വലിക്കുക, അയാളുടെ മുഖത്തേക്കുതന്നെ പുക വമിക്കുക, ഇതായിരിക്കുന്നു അന്തസ്സും മൎയ്യാദയും എന്നിട്ടു വായകൊണ്ടെടുന്തോ ചില ഗോഷ്ഠികളും, അവയാണു കൂടുതൽ കാണവയ്യാത്തതു്!

എന്തിനാണിങ്ങനെ ധൂമപാനം ചെയ്യുന്നതു്? ആവൂ! അതിനുത്തരം പറയുക സാദ്ധ്യമല്ല. എന്തിനാണാളുകൾ മദ്യപിക്കുന്നതു്? വിനോദത്തിനായും, അന്തസ്സാണെന്നു തെററിദ്ധരിച്ചും, കൂട്ടത്തിൽ കൂടാൻ വേണ്ടിയുമാകുന്നു സകല ചാപല്യങ്ങളും തുടക്കത്തിൽ ആരംഭിക്കപ്പെടുന്നതു്. പിന്നീടു മനുഷ്യൻ ആ ചീത്ത പ്രവൃത്തിയുടെ, ആ ചെകുത്താന്റെ അടിമയായി ഭവിക്കുന്നു! "ഞാൻ കരിമ്പടക്കെട്ടു വിട്ടാലും കരിമ്പടക്കെട്ടു് എന്നെ വിടില്ലാ", എന്നു പറഞ്ഞതുപോലെ, പരസ്പരമുള്ള ബന്ധദൈർഘ്യം, അത്ര അലംഘ്യമായി വളരുന്നു! പുകയിലയിലെ "നീക്കോട്ടിൻ" എന്ന വിഷം, ഒരു കള്ളപ്പിശാചു തന്നെയാകുന്നു. മദ്യത്തിലെ "ആൽക്കഹോളും" പുകയിലയിലെ "നിക്കോട്ടീനും" വശ്ഗ്ഗ്ഗ്ലായയുള്ള തിരുടന്മാരാകുന്നു!

പരിസരങ്ങളും സഹവാസങ്ങളുമാണു മിക്കവാറും മനുഷ്യരെ നല്ലവരോ, തീയവരോ ആക്കിത്തീക്കുന്നതു്. വീട്ടിലുള്ളവരൊക്കെ പുകവലിക്കാർ, കൂട്ടുകാരൊക്കെ പുകവലിക്കാർ, കോളേജിൽ ചെന്നാൽ പ്രൊഫസ്സർമാരൊക്കെ അത്തരക്കാർ, പിന്നെ കുട്ടികളെങ്ങിനെ പുകവലിയിൽ ഭ്രമിക്കാത്തവരായിരിക്കും? വെറുതെ കടലാസ്സു ചുരുട്ടി ഒരു തല കത്തിച്ചു, പുക വലിച്ചു, സിഗററു വലിയുടെ അന്തസ്സ് അഭിനയിക്കുന്ന ചെറിയ കുട്ടികളെപോലും വീടുകളിൽ കാണാം. അവരുടെ പിന്നത്തെ പുറപ്പാടു് അച്ഛന്റെ സിഗററു കട്ടെടുത്തു വലിക്കാനും, അതിന്നടുത്തു കാശു കട്ടെടുത്തു സിഗററു വാങ്ങി വലിക്കാനും, സിഗററുവലി

ക്കാരുടെ കൂട്ടു കൂട്ടുവാനും ആയിരിക്കും. അതോടുകൂടി അന്തസ്സും ആഭിജാത്യവും പമ്പകടക്കും. എന്നാലും സിഗററുവലി കയ്യിലായില്ലേ !

പുകവലി പണ്ടൊന്നും ഇത്ര സാൎവ്വത്രികമായിരുന്നില്ലെന്നു പ്രസ്താവിച്ചുവല്ലൊ. അതിൻെറ ഇടക്കാലചരിത്രത്തിൽനിന്നു ചില ഏടുകൾകൂടി നിവൎത്തിക്കാണിക്കുന്നതു വിജ്ഞാനപ്രദമായിരിക്കും ഇന്നു ചുരുട്ടു ശാപ്പിടാത്തവരായ പാതിരിയച്ഛന്മാർ ഉണ്ടോ എന്നു സംശയമാണു്. ഞാനറിയുന്നവരൊക്കെ അത്തരക്കാരാണു്. എന്നാൽ മാർപാപ്പമാരിൽ രണ്ടു തിരുമേനികൾ, ഉൎബാൻ എട്ടാമനും, ഇന്നൊസെൻറു് ഏഴാമനും പുകവലി പാടില്ലെന്നു ഖണ്ഡിതങ്ങളായ തിരുശാസനകൾ പ്രചരിപ്പിച്ചിട്ടുള്ള മഹാന്മാരാണു് ടൎക്കിയിലെ ചില "സുൽട്ടാൻമാർ" പുകവലിയെ ശിക്ഷാൎഹമായ കുററമായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു; പുക വലിക്കുന്നവരുടെ മൂക്കിൽകൂടി പുകക്കുഴലുകൾ അററംവരെ കടത്തുക എന്നതായിരുന്നു അവർ നിൎദ്ദേശിച്ച ശിക്ഷ; റഷ്യാരാജ്യത്തു് ഒരുകാലത്തു പുകവലി കുററകരമായിരുന്നു. വലിക്കാരൻെറ നാസാച്ഛേദം തീൎച്ചയായിരുന്നു! ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമൻെറ പുകവലിവിരോധാജ്ഞയെക്കുറിച്ചു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

ലോകമഹാകവിയായ ഷേക്സ്പിയർ, ഇത്ര വളരെ നാടകങ്ങൾ രചിച്ചിട്ടും, അനേകം തരത്തിലുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ചിട്ടും, പുകവലിയെക്കുറിച്ചു "കമാന്നു"

മിണ്ടിക്കാണുന്നില്ല. എന്നാൽ സമകാലീനനായ "ബെൻ ജോൺസൺ" പുകവലി പ്രശസ്തിയിൽ ഉൽസുകനായിരുന്നതാനും "മനുഷ്യൻെറ ഉപയോഗത്തിനായി ദയാമതിയായ ഭൂമി വളർത്തുന്ന ചെടികളിൽ അനർഘവും അചിന്ത്യവും ആയിട്ടുള്ളതു പുകയിലയിലാകുന്നു എന്ന് ഏതു രാജസന്നിധിയിലും, ഹെർക്കലിസ്സിനെ പിടിച്ചു സത്യം ചെയ്യുന്നതിന്നു ഞാൻ തയ്യാറാകുന്നു" എന്നു് ബെൻജോൺസൻെറ ഒരു കഥാപാത്രം ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു്!

പുകവലിക്കാരോടു ചോദിക്കണം ആ വിശുദ്ധകർമ്മത്തിൻെറ സാദ്ധ്യതകൾ അറിയുവാൻ. മിസ്റ്റർ ചർച്ചിൽ പറയും തൻെറ ആ വലിയ ചുരുട്ട് ഒന്നാണ് ഒഴിഞ്ഞ യുദ്ധത്തിൽ ഇംഗ്ലണ്ടിന്നു വിജയം സമ്പാദിച്ചുകൊടുത്തതു് എന്നു്. അതുപോലെ ഓരോ പുകവലിക്കാരനും പറയും, തീവണ്ടികൾ ശരിക്കു ഓടുന്നതും, വിമാനങ്ങൾ സഞ്ചരിക്കുന്നതും, പോർട്ടർമാർ സാമാനങ്ങൾ ഇട്ടുപൊട്ടിക്കാത്തതും, പാചകന്മാർ കറികളിൽ ഉപ്പ് അധികം ചേക്കാത്തതും, എന്നും ഇന്നു ലോകത്തിൽ നടക്കുന്നതു പുകവലിയുടെ ശക്തിമാഹാത്മ്യം കൊണ്ടാകുന്നു എന്നു അവരൊക്കെത്തന്നെ സമ്മതിക്കും! ആ സമ്മതമല്ലേ സൻമതമായിട്ടുള്ളതും.

കാർലൈയിൽ പത്താം വയസ്സു മുതല്ക്കു പുകവലിക്കാരനായിരുന്നുവത്രെ. അപ്പോൾ പിന്നെ ഇന്നത്തെ സാഹിത്യകാരന്മാർക്ക് അവർ സാഹിത്യകാരന്മാരാകണ

മെങ്കിൽ പുകയ്ക്കാതെ പറവുമോ; ആ മഹാൻ—ചിലർ അദ്ദേഹത്തിൽ കിറുക്കിന്റെ ലക്ഷണവും എടുത്തുകാണി ച്ചിട്ടുണ്ട്—പറഞ്ഞിരിക്കുന്നു, "മനുഷ്യവർഗ്ഗത്തിനു ലബ്ധ മായിട്ടുള്ള ദിവ്യാനുഗ്രഹങ്ങളിൽ പ്രാഥമ്യം ഏതുകൊണ്ടും പുകവലിക്കാകുന്നു." അതു ശരിയായിരിക്കണം. അതുകൊ ണ്ടായിരിക്കും ഹിന്ദുക്കൾ അവരുടെ മൃതശരീരങ്ങളെ ദഹി പ്പിച്ചു.പുകയാക്കി ദൈവത്തിങ്കലേയ്ക്കു തന്നെ അയയ്ക്കു ന്നതു്! ടെനിസ്സനും പുകവലിക്കാരനായിരുന്നു. പക്ഷേ അദ്ദേഹത്തിന്നു് എടയ്ക്കും തലയ്ക്കും വലിച്ചാൽമതി എന്നു മാത്രമല്ല, വലിക്കുന്നതു വളരെ 'മൃദു' വായ സിഗററായി രിക്കാനേ പാടുള്ളതാനും. കാർലയിലിന്നു് അതൊന്നും പോരാ; ഒരത്തിയിൽ ഒരത്തി, അതു സദായ്പ്പോഴും! ബയ റൻ, പുകയിലയെ "ശ്രേഷ്ഠമായവസ്തു" എന്നു വിവരിച്ചി ട്ടുണ്ടു്. ചാറൽസ് ലാംബ് പറഞ്ഞിരിക്കുന്നതു "ഞാൻ പുകയിലക്കുവേണ്ടി മരിക്കാൻ തയ്യാറാണു്" എന്നാണു്! ഒടുവിൽ അദ്ദേഹം മരിച്ചതും പുകയിലയ്ക്കുവേണ്ടിത്തന്നെ ആയിരിക്കണമല്ലൊ; ഒരിക്കൽ മരിച്ച വാർത്ത മാത്രമേ ജീവചരിത്രകാരൻ രേഖപ്പെടുത്തീട്ടുള്ളു! ക്രൂപ്പർ പുകയില യെക്കുറിച്ചു് "അനർഘ പാത്രമേ" എന്നു് ആരംഭിക്കുന്ന ഒരു കവിതതന്നെ രചിച്ചിട്ടുണ്ടു്.

ഡിവാലറ വലിയ സിഗററുകുടിയനാണു്. ചർച്ചി ലിന്റെ സിഗാർ പ്രസിദ്ധമാണല്ലോ. ബക്കൻ ഹെഡ് പ്രഭു ദിവസംതോറും 18-19 സിഗാർ വീതം വലിക്കുമ ത്രെ. യുദ്ധകാലത്തു പ്രഭു ആഫ്രിക്കയിലായിരുന്നപ്പോൾ

പ്രഭ്വി ഇംഗ്ലണ്ടിൽനിന്നു ബങ്കിയായി സിഗററു അയക്കാറാണു പതിവു്. ആ ബങ്കികൾ, ഉള്ളടക്കം മനസ്സിലാക്കിയ ചിലർ, എടയ്ക്കുവെച്ചു തിരുട്ടവാൻ തുടങ്ങി. പിന്നീട്ട് ആ ബുദ്ധിമതി "മതസംബന്ധമായ ലഘുലേഖകൾ" എന്നു ബങ്കികളിൽ "ലേബൽ" ഒട്ടിച്ചയച്ചു. അന്നു മുതൽ ബങ്കികൾ യഥാസ്ഥാനത്തു ക്രമപ്രകാരം എത്തിക്കൊണ്ടിരുന്നു!!

നമ്മുടെ നായകന്മാരിൽ ആസാദും, ജിന്നയും, ശരത് ചന്ദ്രബോസും, സപ്രൂവും പുകവലിക്കു പ്രസിദ്ധി നേടീട്ടുള്ളവരാകുന്നു. സപ്രൂവിൻെറ പുകവലി "ക്ലാസ്സിക്കൽ" ആണു്. ജഡ്ജിമാർക്കുടി "എന്താ ഒട്ടവിൽ ഒക്കെ പുകയാകുമോ" എന്നു നേരമ്പോക്കു പറയത്തക്കവിധം പുരാണപ്രസിദ്ധമാണത്രെ! മോട്ടിലാൽ നെഹറു ആദ്യകാലത്തു പരിഷ്കൃതനായ പുകവലിക്കാരനായിരുന്നു (അദ്ദേഹം എന്തൊക്കെത്തന്നെ അന്നു് ആയിരുന്നില്ല!) ജവഹർലാലും പുകവലിയെ വെറുക്കുന്ന ആളല്ല. "വിദേശസാധനദഹനം" എന്ന വ്യാജേന ആദ്യകാലത്തെത്ര പേർ സിഗററുകൾ വലിച്ചുകൊണ്ടിരുന്നു! വീടിയെ, കാക്കി-സിഗററു് എന്നും പറഞ്ഞുവന്നു.

ന്യൂട്ടന്നു തൻെറ ആദ്യത്തെ പ്രേമഭാജനം നഷ്ടപ്പെട്ടതു തൻെറ പുകവലി കാരണമാണത്രെ. ഇന്നു് അതില്ലാഞ്ഞാലായിരിക്കും ആ വക നഷ്ടം സംഭവിക്കുക! കാരണം, പുകവലി പരിഷ്കാരിപ്പെണ്ണിൻെറ ലക്ഷണമായിരിക്കുന്നു!

എങ്കിലും, എലിസബത്തു രാജകുമാരിയെ വേൾക്കുവാൻ വെമ്പിച്ചെന്ന ഫിലിപ്പ് മൌണ്ടബാററനോട് ആ തരുണി ആദ്യമായി ആവശ്യപ്പെട്ട വരം, "താനിനി സിഗററു വലിക്കില്ലെന്നു സത്യം ചെയ്യണം" എന്നാകുന്നു! സിഗററിൻെറ നാറിയ പുകയേക്കാൾ മാററും മണവും കൂടുന്നതാണു രാജകുമാരിയുടെ പ്രേമമെന്നു നിശ്ചയാസം തീച്ച്പ്പെടുത്തിയ ഫിലിപ്പ് ബുദ്ധിമാൻതന്നെ, ആദശ പുരുഷൻതന്നെ.

ഇന്ത്യ ഇപ്പോൾ സ്വതന്ത്രയായി വിദേശീയങ്ങളായ പലതും ബഹിഷ്ക്കരിക്കപ്പെട്ടു തുടങ്ങീട്ടുണ്ടു്. ഇംഗ്ലീഷുഭാഷയ്ക്കുപോലും മേലിൽ പണ്ടത്തെ പ്രഭുത്വമോ ആധിപത്യമോ ഉണ്ടായിരിക്കുന്നതല്ല. സ്ഥലനാമങ്ങൾക്കുപോലും രൂപഭേദം വന്നുതുടങ്ങീട്ടുണ്ടു്. ആ കൂട്ടത്തിൽ ഈ പുകവലി പ്രസ്ഥാനത്തെ കുറിച്ചുംകൂടി അധികാരസ്ഥാനങ്ങളും ആദശപ്രവീണന്മാരും ചിന്തിച്ചാൽ കൊള്ളാമെന്നുണ്ടു്. ഈ പുകവലി ഒരു സ്വദേശിച്ചരക്കാണെന്നു തോന്നുന്നില്ല. ഒരു ഹുക്കായൊ കഞ്ചാവുവലിയൊ പണ്ടേ മുതൽക്കു് ഇന്ത്യയിൽ ഉണ്ടായിരുന്നുവെന്നു സമ്മതിച്ചാൽതന്നെ ഹുക്കായെ പാക്കിസ്ഥാൻകാർ അവകാശവഴിക്കു് എടുത്തുകൊള്ളട്ടെ. കഞ്ചാവുവലി പണ്ടും—ഒരു ഭക്തിമാർഗ്ഗമായി—ചില സന്ന്യാസിമാരാണു് പ്രധാനമായി കൈക്കൊണ്ടിരുന്നതു്. ഇന്ത്യൻ യൂണിയനിൽ "ഹിന്ദുസ്ഥാൻ" ഇല്ലാത്തതുകൊണ്ടു്, സന്ന്യാസിമാക്കുള്ള പ്രത്യേകാവകാശങ്ങളൊന്നും അനുവദിക്കപ്പെടുമെന്നു് തോന്നുന്നില്ല. അഥവാ,

അനുവദിക്കുന്നതായാൽത്തന്നെ വല്ല ഗുഹയിലൊ, ആൽത്തറയിലൊ, ചാവടിയിലൊ, മലഞ്ചെരുവിലൊ ഇരുന്നു കഞ്ചാവു വലിക്കുന്നവരെ അസൌകര്യപ്പെടുത്തിയേ കഴിയൂ എന്നുമില്ല

സിഗററുവലി ഏതായാലും ഇംഗ്ലീഷുകാരൻ—അഥവാ പാശ്ചാത്യന്മാർ—കൊണ്ടുവന്നതാണ്. അവരുടെ പട്ടാളം ഇന്ത്യ വിടുന്നതോടുകൂടി സിഗററുവലിയും അവർതന്നെ തിരിച്ചെടുത്തുകൊള്ളണമെന്ന് നിശ്ചയിക്കേണ്ടതാകുന്നു. അടുത്ത കാലംവരെ ഒരൊററ സിഗററുപോലും ഇന്ത്യയിൽ ഉണ്ടാക്കിയിരുന്നില്ല. ഇപ്പോൾ കോടിക്കണക്കിന് "ഇന്ത്യൻ സിഗാററുകൾ" ഉണ്ട്. പക്ഷെ അവയൊന്നും പരമാൎത്ഥത്തിൽ "സ്വദേശി"യല്ല. വിദേശി വിദേശി എന്ന് പറഞ്ഞു പലതും പുറംതള്ളപ്പെടുമ്പോൾ ആ കൂട്ടത്തിൽ തരക്കേടില്ലാത്ത ചിലതുംകൂടി ബഹിഷ്ക്കരിക്കപ്പെടുമ്പോൾ "പുകഞ്ഞകൊള്ളി" എന്ന് ഏതുനിലക്കും പറയാവുന്ന സിഗററിനെമാത്രം പുറത്ത് ആക്കാതെ തടഞ്ഞുനിറുത്തുന്നതു് യുക്തിപൂൎവ്വമല്ല, ബുദ്ധിപൂൎവ്വവുമല്ല. സിഗാറും സിഗററും ഇന്ത്യൻ യൂണിയനിൽ കടത്താൻ പാടില്ലെന്നും, നിൎമ്മിക്കാൻ പാടില്ലെന്നും, ഉപയോഗിക്കാൻ പാടില്ലെന്നും ഒരു പ്രഖ്യാപനംകൂടി ഈ പുതിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിൻെറ അംശമായുണ്ടായാൽ നന്നായിരുന്നു! 'പ്രൊഹിബിഷ്യൻ' പ്രൊഹിബിഷ്യൻ, എന്നു മുറവിളികൂട്ടുന്ന ഭരണാധികാരികൾ പ്രൊഹിബിഷ്യന്ന് അവരെ പ്രേരിപ്പിക്കുന്ന അതേ കാരണത്താൽതന്നെ ധൂമ

പാനത്തേയും വൎജ്ജനീയമാക്കുമൊ ആവേവൊ; ആ ഭരണ ധുരന്ധരന്മാരിൽ പലരും ധൂമപാനക്കാരാണത്രെ. തന്നി ല്ലംപൊരിഞ്ഞു് ധൎമ്മമില്ലാത്തതുകൊണ്ടു് അവരുടെ "വാ യിലെ പുക" അവർ കളയാൻ സമ്മതിക്കുമൊ? വേണ മെന്നു പറയുക. വേണ്ടതും വേണ്ടാത്തതും തീൎച്ചയാക്കു ന്നതും അവർതന്നെയല്ലെ.

പണ്ടൊക്കെ സിഗററു പെട്ടിയായിരുന്നു; എടക്കാ ലത്തു സിഗററു "കേസ്സു"കളായി. ഇപ്പോഴത്തെ പരി ഷ്ക്കാരം സിഗററു "ടിൻ"തന്നെയാകുന്നു. ഒരു ടിൻ സിഗ ററും ഒരു തീപ്പെട്ടിയും കയ്യിൽ എടുക്കാഞ്ഞാൽ ആഭിജാ ത്യത്തിന് പോരാ. പകുതി വലിച്ചു വലിച്ചെറിയണം; വരുന്നവൎക്കൊക്കെ കൊടുക്കണം; എത്ര വലിയ ഒരു സംഖ്യ ഇത്തരത്തിൽ "പുകച്ചുകളയ"പ്പെടുന്നു! തൃശ്ശൂർ പൂരം കൊല്ലത്തിൽ ഒരിക്കലേയുള്ളൂ. അന്നു കുറെ കരിമരു ന്നുപ്രയോഗങ്ങളുണ്ടു്. "പണം വെറുതെ പുകച്ചുകളയുന്നു" എന്നു പരിഹസിക്കാറുള്ള ഈ "പുത്തൻക്രൂറുകാർ" എത്ര ലക്ഷം വീതമാണു് ദിവാനിശം പുകച്ചുകളയുന്നതു്!! സ മത്വത്തിൻെറ സമാരാധകന്മാരെന്നു് വിളംബരപ്പെടുത്തി ക്കൊണ്ടു നടക്കുന്ന കമ്മ്യൂണിസ്റ്റ്കാരുടെ ലക്ഷണങ്ങളിൽ ഒന്നു്, അവർ ധൂമപാനത്തിൽ അടിതീയന്മാരാണെന്നു ള്ളതാണു്. ടിന്നോടുകൂടിയേ അവർ സിഗററു കൊണ്ടുനട ക്കൂ;ജീവിതത്തോതുയരണമെങ്കിൽ അതു പുകയായിതീര ണമെന്നായിരിക്കാം വിവക്ഷ!! ഉണ്ടില്ലെങ്കിലും വേണ്ടില്ല,

ചായയും സിഗററും അവക്ക് കൂടാതെ കഴികയില്ല. പുക, പുക, സർവം പുകതന്നെ.

കേവലം സെക്കണ്ടറി സ്കൂളുകളിലെ വിദ്യാത്ഥികളായ കിടാങ്ങൾ, അവരേക്കാൾ വലിയവ എന്നുതന്നെ പറയാവുന്ന സിഗററും വലിച്ചുകൊണ്ട് കരുവാളിച്ചുകഴിഞ്ഞിട്ടുള്ള ചുണ്ടുകളെ ഒരു പ്രത്യേക സമ്പ്രദായത്തിൽ "കോട്ടിപ്പിടിച്ച്" പുക വിട്ടുകൊണ്ട് നടക്കുന്നതു കാണുമ്പോൾ, രാജ്യത്തിൻെറ ഭാവിയെക്കുറിച്ച്—ആ കുട്ടിയുടെയല്ലെങ്കിൽ വേണ്ടാ—ചിന്തിക്കുന്നവക്ക് ഹൃദയശല്യം ഉണ്ടാകാതെ നിവ്വാഹമില്ല. ആളവസ്ഥ, ഗുരുശിഷ്യവ്യത്യാസം, ഭക്ത്യാദരങ്ങൾ, മേലുകീഴകൾ, ആവശ്യാനാവശ്യങ്ങൾ, ലാഭച്ചേതങ്ങൾ, മാനമയ്യാദകൾ മുതലായവയൊക്കെ ഇങ്ങിനി വരാതവണ്ണം ആ പുകയത്തങ്ങിനെ പുകഞ്ഞു് ഉയൻ്നുപോകുന്നുവോ എന്നു് തോന്നിപ്പോകും. ദുശ്ശീലം, ദുശ്ചിലവ് ഇതു രണ്ടുമെങ്കിലും ആ ചെറുപ്പക്കാരുടെ പുകവലിയിൽ ഉണ്ടെന്നു് സമ്മതിക്കാത്തവരുണ്ടാവുകയില്ല. അതു രണ്ടും വളൻ്നുവളൻ്നുവരുന്നതും ഉറച്ചുറച്ചുവരുന്നതും അവക്കും നാട്ടിലേയ്ക്കും ഗുണവുമല്ല. ഇത്രയും സമ്മതിക്കാമെങ്കിൽ, ബാക്കിയെല്ലാം സ്പഷ്ടമാണു്. കുട്ടികളോട് സിഗററു് വലിക്കരുതെന്നു് പറയണമെങ്കിൽ

പറയുന്നവർ ആ ദുശ്ശീലമില്ലാത്തവരാവണം. അതില്ലാത്തവരില്ലാതായതാണു് വല്ലാത്ത വിഷമമായിരിത്തീർന്നിരിക്കുന്നതും. എവിടെയെങ്കിലും വച്ചു് അതിനൊരു വിരാമമിടണം. അതിപ്പോഠംതന്നെ ഈ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽത്തന്നെ, അതിൻെറ പ്രണേതാക്കഠംതന്നെ, ചെയ്യുന്നതായിരിക്കും ഉചിതമായിരിക്കുക.

KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. 080 R.S ......... Acc. No. 63308 ..........

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

080

R.S.

83308

രാമൻ മേനോൻ

[illegible]